# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂലൈ 8, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--313]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| മുഖ്യമന്ത്രി | : 5557 മുതൽ 5675 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 5676 മുതൽ 5763 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 5764 മുതൽ 5804 വരെ |
| തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | : 5805 മുതൽ 5869 വരെ |

## അന്ധവിശ്വാസ നിർമ്മാർജന നിയമം

5557 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ധവിശ്വാസങ്ങളുടെ മറവിൽ നടക്കുന്ന ചൂഷണങ്ങൾ തടയുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അന്ധവിശ്വാസ നിർമ്മാർജന നിയമം നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## വനിതാ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ

5558 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് രൂപീകരിച്ച കമ്മിറ്റി എല്ലാ സർക്കാർ ഓഫീസുകളിലും പ്രവർത്തിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനിതാ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ വകുപ്പ് തലത്തിൽ റിപ്പോർട്ട്

ചെയ്യപ്പെട്ടതിന്റെ വിശദാംശം വകുപ്പ് / ജില്ല / നിലവിൽ സ്വീകരിച്ച നടപടികൾ എന്നിവ തിരിച്ച് വിശദമാക്കാമോ?

**<u>നെന്മാറ മണ്ഡലത്തിലെ റീബിൽഡ് പദ്ധതികൾ</u>**

5559 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളും ആയവ നാളിതുവരെ തുടങ്ങാത്തതിന്റെ കാരണവും വിശദമാക്കുമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിലെ പി.എം.ജെ.വി.കെ പദ്ധതി</u>**

5560 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജെ.വി.കെ പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിലെ 2021-24 കാലയളവിൽ അംഗീകാരം നൽകിയ പദ്ധതികളുടെയും ആയതിലേക്കായി വകയിരുത്തിയ ഫണ്ടുകളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ?

**<u>മുഴുവൻ ഓഫീസുകളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിങ്</u>**

5561 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലെ എല്ലാ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിങ് സിസ്റ്റം മുഖേനയാണോ ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നത്; വ്യക്തമാക്കാമോ; ഏതെല്ലാം ഓഫീസുകളിലാണ് സ്പാർക്ക് ബന്ധിത പഞ്ചിങ് പൂർണ്ണതോതിൽ നടപ്പിൽ വരുത്തിയിട്ടുള്ളത് എന്ന വിവരം നൽകാമോ;

(ബി) ഏതെല്ലാം ഓഫീസുകളിൽ സ്പാർക്ക് ബന്ധിതമല്ലാത്ത പഞ്ചിങ് നിലവിലുണ്ട് എന്ന് അറിയിക്കാമോ; പഞ്ചിങ് മുഖേന ഹാജർ രേഖപ്പെടുത്താത്ത ഓഫീസുകൾ ഏതൊക്കെ എന്ന് അറിയിക്കാമോ;

(സി) മുഴുവൻ ഓഫീസുകളിലും സ്പാർക്ക് ബന്ധിത പഞ്ചിങ് നടപ്പിൽ വരുത്തുന്നതിനുള്ള കാലതാമസം എന്തു കൊണ്ടാണ് എന്ന് വ്യക്തമാക്കാമോ; സർക്കാരിന് കീഴിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ജീവനക്കാരുടെയും ഹാജർ ബയോമെട്രിക് പഞ്ചിങ് മുഖേന രേഖപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**<u>വിരമിച്ച ജീവനക്കാരുടെ പുനർ നിയമനം</u>**

5562 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ സർവീസ്/പൊതുമേഖല/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാരെ 2006-2011 കാലയളവിലും 2016 മുതൽ 2023 വരെയുള്ള കാലയളവിലും സർക്കാർ വകുപ്പുകളിലോ പൊതു മേഖല സ്ഥാപനങ്ങളിലൊ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ കരാർ അടിസ്ഥാനത്തിലോ സ്ഥിര നിയമനമായോ ഏതെങ്കിലും തസ്തികകളിൽ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രകാരം നിയമിച്ചിട്ടുണ്ടെങ്കിൽ അവരുടെ പേര്, തസ്തിക, സ്ഥാപനം, കാലയളവ് എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ സർക്കാർ, പൊതു മേഖല, അർദ്ധ സർക്കാർ മേഖലയിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർക്കാണ് പുനർ നിയമനം നൽകിയിട്ടുള്ളത്; പ്രസ്തുത ജീവനക്കാരുടെ പേര്, തസ്തിക, സ്ഥാപനം, കാലയളവ് തുടങ്ങിയ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>ബാംഗ്ലൂരിൽ കേരള ഹൗസ്</u>

5563 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംഗ്ലൂരിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന കേരളീയരുടെ താമസ സൗകര്യത്തിനായി കേരള ഹൗസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## <u>കിഴക്കൻ തോട്ടം മേഖലയിൽ അധിവസിയ്ക്കുന്ന തമിഴ് ഭാഷാ ന്യൂനപക്ഷങ്ങൾ</u>

5564 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുനലൂരിലെ കിഴക്കൻ തോട്ടം മേഖലയിൽ അധിവസിയ്ക്കുന്ന നൂറുകണക്കിന് തമിഴ് ഭാഷാ ന്യൂനപക്ഷങ്ങളായ കുടുംബങ്ങൾക്ക് വിവിധ സർക്കാർ നോട്ടീസ്, നിയമങ്ങൾ, വോട്ടർ പട്ടിക, വിവിധ സർക്കാർ ഫോമുകൾ എന്നിവ തമിഴ് ഭാഷയിൽ അച്ചടിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടിയെടുക്കാമോ; വിശദമാക്കാമോ;

(ബി) ഇവർക്ക് വിവിധ ഭൂമി സംബന്ധമായ ഡോക്കുമെന്റുകൾ ന്യൂനപക്ഷ ഭാഷയിൽ രജിസ്റ്റർ ചെയ്യാനും മേഖലയിലെ സർക്കാർ ഓഫീസിൽ ന്യൂനപക്ഷ ഭാഷയിൽ ബന്ധപ്പെടാനുള്ള അനുവാദവും നാൽകാനാകുമോയെന്ന് വിശദമാക്കാമോ;

(സി) കിലോമീറ്ററുകൾ സൂചിപ്പിയ്ക്കുന്ന കല്ലുകളിൽ സ്ഥലപ്പേർ ന്യൂനപക്ഷ ഭാഷയിൽ ആലേഖനം ചെയ്യാനും റേഷൻ കാർഡുകൾ തമിഴിൽ പ്രിന്റ് ചെയ്ത് ലഭിയ്ക്കുന്നതിനുമുള്ള നടപടിയെടുക്കുമോ; വിശദമാക്കാമോ?

## <u>15 വർഷം കഴിഞ്ഞ സർക്കാർ വാഹനങ്ങളുടെ വിവരം</u>

5565 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലുള്ളതും 15 വർഷം കഴിഞ്ഞതുമായ എത്ര വാഹനങ്ങൾ പൊളിക്കുന്നതിനായി മാറ്റിയിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് അറിയിക്കാമോ ;

(ബി) പ്രസ്തുത വാഹനങ്ങൾക്ക് പകരം എത്ര വാഹനങ്ങൾ പുതിയതായി വാങ്ങിയിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് അറിയിക്കാമോ?

## <u>സർക്കാർ ജീവനക്കാരുടെ സ്വയം വിരമിക്കൽ അപേക്ഷകളിൽ തീരുമാനം</u>

5566 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ജീവനക്കാരിൽ നിന്നും സ്വയം വിരമിക്കലിനായി ലഭിച്ച എത്ര അപേക്ഷകളിന്മേൽ തീരുമാനം എടുത്തിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് അറിയിക്കുമോ?

## <u>കാസർഗോഡ് വികസന പാക്കേജ്</u>

5567 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിനായി പ്രഭാകരൻ കമ്മീഷൻ ശിപാർശ ചെയ്ത കാസർഗോഡ് വികസന പാക്കേജിൽ എത്ര കോടി രൂപയുടെ പദ്ധതികളാണുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിൽ നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയെന്ന് വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) പ്രഭാകരൻ കമ്മീഷൻ ശിപാർശ ചെയ്ത പദ്ധതികളിൽ ഇതര ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളോ കാലാനുസൃതമായി ആവശ്യമില്ലാത്ത പദ്ധതികളോ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശയിൽ നിന്ന് എത്ര കോടി രൂപയുടെ പദ്ധതികളെയാണ് ഒഴിവാക്കുന്നതിനായി തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് വികസന പാക്കേജിൽ നടപ്പിലാക്കേണ്ടതല്ലാത്ത പദ്ധതികൾക്ക് പകരം മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ അംഗീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>ഗോശ്രീ ഐലന്റ് ഡെവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ</u>

5568 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ ഐലന്റ് ഡെവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത അതോറിറ്റി നാളിതുവരെ നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും പുതുതായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ തീയതിയും തുകയും നിലവിലെ അവസ്ഥയും വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ നടപ്പിലാക്കാൻ സാധിക്കാത്ത പ്രവൃത്തികൾ ഏതെല്ലാം; പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ എസ്റ്റിമേറ്റ് തുക വർദ്ധപ്പിച്ചിട്ടുണ്ടോ; എങ്കിൽ വർദ്ധിപ്പിച്ച എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം അറിയിക്കാമോ;

(ഇ) ഈ കാലതാമസംമൂലം കടമക്കുടി പഞ്ചായത്തിൽ ഉൾപ്പെടെയുള്ള ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്കും പ്രസ്തുത അതോറിറ്റിയ്ക്കുണ്ടാകുന്ന ധനനഷ്ടത്തിനും ഉത്തരവാദി ആരാണെന്നും അവക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെന്നും വിശദമാക്കാമോ;

(എഫ്) പ്രസ്തുത അതോറിറ്റിയുടെ നാളിതുവരെയുള്ള വരവ് ചെലവ് കണക്ക് വ്യക്തമാക്കാമോ?

## <u>ജെ.എൻ.ടി.ബി.ജി.ആർ.ഐ. ജീവനക്കാരുടെ ശമ്പളപരിഷ്കരണം</u>

5569 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പാലോട് പ്രവർത്തിക്കുന്ന ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ജെ.എൻ.ടി.ബി.ജി.ആർ.ഐ.) ഗവേഷണ പ്രവർത്തനങ്ങളും മറ്റ് പദ്ധതി പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനത്തിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽനിന്നും ലഭിച്ച വിവിധ ഗ്രാന്റുകളുടെയും ഫണ്ടുകളുടെയും വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ പ്രാബല്യത്തിലാണ് ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ആനുകൂല്യം നിലവിൽ എത്ര പേർക്ക് ലഭ്യമാകുമെന്നും കുടിശികയുൾപ്പെടെ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

## <u>സയൻസ് സെന്റർ പ്രവർത്തിപ്പിക്കുവാൻ നടപടി</u>

5570 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സയൻസ് സെന്റർ പ്രവർത്തനക്ഷമമല്ലാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സയൻസ് സെന്റർ പ്രവർത്തനക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## തീരപരിപാലന പ്ലാൻ പരിഷ്ക്കരിക്കുവാൻ നടപടി

5571 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പുതുക്കിയ സി.ആർ.ഇസഡ്. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടും സംസ്ഥാന സർക്കാർ തീരപരിപാലന പ്ലാൻ തയ്യാറാക്കാത്തതിനാൽ മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതികൾ പ്രതിസന്ധിയിൽ ആയിരിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ എന്തൊക്കെ തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിജ്ഞാപനത്തിൽ കൂടുതൽ ഇളവുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് പഴയ പ്ലാൻ നിലനിൽക്കുന്നതിനാൽ പ്രസ്തുത ഇളവുകൾ ഇവിടുത്തെ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്തുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ പ്ലാൻ തയ്യാറാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) തീരപരിപാലന പ്ലാൻ പരിഷ്ക്കരിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ?

## തീരപരിപാലന നിയമം

5572 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ തീരപരിപാലന നിയമത്തിൽ ദ്വീപുകൾക്കും കായൽ ദ്വീപുകൾക്കും നിർമ്മാണമേഖല പരിധി 20 മീറ്ററായി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രധാന ജനവാസകേന്ദ്രങ്ങളായ ചെല്ലാനം, കുമ്പളങ്ങി, വൈപ്പിൻ, ബോൾഗാട്ടി തുടങ്ങിയ പ്രദേശങ്ങൾക്ക് ദ്വീപിന്റെ പരിഗണന നൽകുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തുമോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) അങ്കണവാടികൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയവയുടെ നിർമ്മാണത്തിന് തീരപരിപാലന നിയമത്തിൽ ഇളവ് അനുവദിക്കുന്നതിനുള്ള നിർദേശങ്ങൾ തീരപരിപാലന പ്ലാനിൽ ഉൾപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ?

## തീരദേശ പരിപാലന പ്ലാൻ

5573 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഇസഡ്-3-ൽ നിന്നും സി.ആർ.ഇസഡ്-2 ലേക്ക് മാറ്റുന്നതിനായി ഏതൊക്കെ ഗ്രാമപഞ്ചായത്തുകളുടെ പേരുകളാണ് സംസ്ഥാന സർക്കാർ ശിപാർശ

ചെയ്തിട്ടുള്ളത്; ഇവയിൽ ആലപ്പുഴ ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളാണ് ഉൾപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) സി.ആർ.ഇസഡ്. നിയമത്തിന്റെ നിയന്ത്രണംമൂലം സംസ്ഥാനത്തെ ബീച്ചുകളിൽ നിർമ്മാണം നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ?

## പി.എസ്.സി. നിയമനങ്ങളും നിർത്തലാക്കിയ തസ്തികകളും

5574 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി വിവിധ സർക്കാർ വകുപ്പുകളിൽ എത്ര തസ്തികകൾ നിർത്തലാക്കിയെന്നും അവ ഏതെല്ലാമെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും ഓരോ വർഷവും സംസ്ഥാനത്ത് പി.എസ്.സി മുഖേന നടന്നിട്ടുള്ള നിയമനങ്ങളുടെ എണ്ണം ലഭ്യമാക്കുമോ?

## പി.എസ്.സി. പരീക്ഷകളുടെ തിരുത്തൽ വിജ്ഞാപനം

5575 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി. നടത്തുന്ന മത്സര പരീക്ഷകൾക്ക് വേണ്ടിയുള്ള വിജ്ഞാപനങ്ങളും അതിലെ യോഗ്യതകളും മാറ്റം വരുത്തി തിരുത്തൽ വിജ്ഞാപനം ഇറക്കാറുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്താണെന്ന് അറിയിക്കാമോ;

(ബി) കാറ്റഗറി നമ്പർ 709/2024 ന്റെ വിജ്ഞാപനത്തിൽ യോഗ്യതയ്ക്ക് മാറ്റം വരുത്തി തിരുത്തൽ വിജ്ഞാപനം ഇറക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

## പി.എസ്.സി. അഡ്വൈസ് ചെയ്യുന്നതിലെ കാലതാമസം

5576 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. നജീബ് കാന്തപുരം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ നിന്നും പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നതിൽ ദീർഘമായ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള കാലതാമസം മറ്റൊരു തരത്തിലുള്ള നിയമന നിരോധനമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?;

(സി) ജില്ലാ പി.എസ്.സി. ഓഫീസുകളിൽ നിന്നുള്ള അഡ്വൈസ് മെമ്മോകൾ റീജിയണൽ പി.എസ്.സി. ഓഫീസുകളിൽ നിന്നുള്ള ഇൻസ്പെക്ഷന് ശേഷം മാത്രമേ

ഉദ്യോഗാർഥികൾക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും അയക്കാൻ പാടുള്ളുയെന്ന നിബന്ധന കാരണം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് ദീർഘമായ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ കാലതാമസം വരുത്തുന്ന പ്രസ്തുത നടപടിക്രമം ഒഴിവാക്കാമോ; അല്ലെങ്കിൽ കാലതാമസം പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) റീജിയണൽ പി.എസ്.സി. ഓഫീസുകളിൽ നിന്നും ജില്ലാ പി.എസ്.സി. ഓഫീസുകളിൽ ആഴ്ചയിൽ ഒരിക്കലെങ്കിലും ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ?

## കെ.പി.എസ്.സി. വഴി നടന്ന നിയമനങ്ങൾ

5577 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികളെ സർക്കാർ സർവ്വീസിൽ നിയമിക്കുന്നതിൽ ഒന്നാം സ്ഥാനത്ത് എത്തുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ വർഷം നടന്ന മൊത്തം നിയമനങ്ങളിൽ എത്ര ശതമാനം നിയമനങ്ങൾ കെ.പി.എസ്.സി. വഴി മാത്രം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാലയളവിൽ ഏത് ജില്ലയിലാണ് കൂടുതൽ നിയമനം നടന്നിട്ടുള്ളത്; ഇതു സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പി.എസ്.സി. യുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിനും സുതാര്യമാക്കുന്നതിനും ആവശ്യമായ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുമോ?

## കാസർഗോഡ് ജില്ലയിലെ വിവിധ ഒഴിവുകൾ

5578 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലായി പി.എസ്.സി. നൽകിയ നിയമന ശിപാർശകൾ സംബന്ധിച്ച് റാങ്ക് ലിസ്റ്റുകൾ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകളാണ് ഇനിയും നിയമന ശിപാർശ നൽകാൻ ബാക്കിയുള്ളതെന്ന് തസ്തിക തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ?

## വനിതാ സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റ്

5579 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാറ്റഗറി നമ്പർ 613/2021 പ്രകാരം മലപ്പുറം ജില്ലയിലെ വനിതാ സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽ ആകെ എത്ര പേരാണുള്ളതെന്ന് പട്ടിക തിരിച്ച് വ്യക്തമാക്കാമോ; റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്ര വർഷമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകളാണ് നാളിതുവരെ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഇതിൽ പ്രതീക്ഷിത ഒഴിവുകളുണ്ടോയെന്നും അറിയിക്കാമോ?

## <u>കാസർഗോഡ് ജില്ലയിലെ പി.എസ്.സി. ഒഴിവുകളും നിയമനവും</u>

5580 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൽ.പി.എസ്.ടി. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ എത്ര തസ്തികകളിലേക്ക് പി.എസ്.സി. ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ യു.പി.എസ്.ടി. തസ്തികയിൽ എത്ര ഒഴിവുകളാണ് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തതെന്ന് അറിയിക്കാമോ?

*5581 **ചോദ്യം പിൻവലിച്ചു**

## <u>ആശ്രിത നിയമനം</u>

5582 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് സർവ്വീസിലിരിക്കെ മരണപ്പെട്ട സർക്കാർ ജീവനക്കാരുടെ ആശ്രിതരിൽ എത്രപേർക്ക് നിയമനം നല്കാനുണ്ടെന്നും എത്രപേർക്ക് നിയമനം നൽകിയെന്നും ജില്ല, വകുപ്പ്, എന്നീ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## <u>സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പി.എസ്.സി. നിയമനം</u>

5583 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ തൃശ്ശൂർ ജില്ലയിൽ വിവിധ വകുപ്പുകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി എത്ര പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കാണ് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ജില്ലയിലെ വിവിധ വകുപ്പുകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## സ്റ്റാർട്ടപ്പ് റാങ്കിംഗിൽ സംസ്ഥാനത്തിന് ലഭിച്ച അംഗീകാരം

5584 **ശ്രീ പി എസ് സുപാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം ഒരു സംരംഭത്തിനും അനുയോജ്യമായ ഇടമല്ലെന്ന വിമർശനത്തിനുള്ള മറുപടിയാണ് കേന്ദ്ര സർക്കാരിന്റെ സ്റ്റാർട്ടപ്പ് റാങ്കിംഗിൽ സംസ്ഥാനത്തിന് ലഭിച്ച മികച്ച അംഗീകാരമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സ്റ്റാർട്ടപ്പുകൾക്ക് അതിവേഗം ചുവടുറപ്പിക്കാനും വളരുന്നതിനും സംസ്ഥാന സ്റ്റാർട്ടപ്പ് മിഷന്റെയും സർക്കാരിന്റെയും സഹായസഹകരണങ്ങൾ എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദമാക്കുമോ;

(സി) യുവസംരംഭകർക്ക് സ്റ്റാർട്ടപ്പ് തുടങ്ങുന്നതിനാവശ്യമായ എല്ലാവിധ സൗകര്യങ്ങളും ലഭ്യമാക്കാൻ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; യുവസംരംഭകരുടെ ആശയങ്ങളെ ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് പിന്തുണ നൽകുന്ന തരത്തിൽ സ്റ്റാർട്ടപ്പ് നയം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അതിന്റെ ഫലമായി അഭ്യസ്തവിദ്യരായ വനിതകളും സ്റ്റാർട്ടപ്പ് മേഖലയിലേക്ക് കൂടുതലായി കടന്നുവരാൻ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## സർക്കാർ ഓഫീസുകളിൽ കെ-ഫോൺ

5585 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സർക്കാർ ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വിശദമാക്കാമോ?

## സ്റ്റാർട്ട് അപ്പ് ഇൻഫിനിറ്റി പദ്ധതി

5586 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി യുവസംരംഭകർക്കായി ആരംഭിച്ച സ്റ്റാർട്ട് അപ്പ് ഇൻഫിനിറ്റി പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതോ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളതോ ആയ എത്ര സ്റ്റാർട്ട് അപ്പുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള നോളജ് ഇക്കോണമി മിഷന്റെ പ്രവർത്തനങ്ങൾ

5587 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നോളജ് ഇക്കോണമി മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും മറ്റുള്ള തൊഴിലന്വേഷകർക്കും ഏത് രീതിയിലാണ് നോളജ് ഇക്കോണമി മിഷൻ പ്രയോജനപ്പെടുന്നതെന്ന് വിശദമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നോളജ് ഇക്കോണമി മിഷൻ മുഖാന്തിരം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

## കെ-ഫോൺ നെറ്റ് വർക്കിന്റെ പ്രവർത്തന പുരോഗതി

5588 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ മാതൃക പദ്ധതികളിലൊന്നായ കെ-ഫോൺ നെറ്റ്‌വർക്കിന്റെ പ്രവർത്തന പുരോഗതി ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ നാളിതുവരെയായി എത്ര പേർക്ക് കണക്ഷൻ കൊടുത്തിട്ടുണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് കണക്ഷൻ നൽകിയവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിൽ എത്ര പൊതു സ്ഥാപനങ്ങൾക്കാണ് ഇതു വരെ കെ-ഫോൺ നൽകിയിട്ടുള്ളത്;വ്യക്തമാക്കാമോ;

(ഡി) കെ-ഫോൺ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത്; വിശദമാക്കാമോ?

## കെ-ഫോൺ പദ്ധതിയുടെ നേട്ടങ്ങളും നൽകിയ കണക്ഷനുകളും

5589 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എ. രാജ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ നേട്ടങ്ങൾ വിവരിക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി എത്ര നിയോജകമണ്ഡലങ്ങളിൽ കെ-ഫോൺ കണക്ഷനുകൾ ഇതിനകം നൽകിയിട്ടുണ്ടെന്നും എവിടെയെല്ലാം കണക്ഷൻ നൽകാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾക്കും ഓഫീസുകൾക്കും സ്കൂളുകൾക്കും ഇതുവരെ കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി അതിവേഗം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ കെ-ഫോൺ കണക്ഷനുകൾ

5590 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി പ്രകാരം നാളിതുവരെ എത്ര സൗജന്യ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുവിഭാഗത്തിൽ നിന്ന് നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൻപ്രകാരം എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) നാളിതുവരെ മണ്ഡലത്തിലെ എത്ര സർക്കാർ സ്ഥാപനങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>മലപ്പുറം ജില്ലയിൽ കെ-ഫോൺ പദ്ധതി</u>

5591 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയിൽ മലപ്പുറം ജില്ലയിൽ എത്രപേർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്; നിയോജകമണ്ഡലങ്ങൾ തിരിച്ച് വിശദാംശം നൽകാമോ;

(ബി) കെ-ഫോൺ സൗജന്യ കണക്ഷൻ ഇനത്തിൽ തിരൂരങ്ങാടി അസംബ്ലി നിയോജക മണ്ഡലത്തിൽ ഇതുവരെ കണക്ഷൻ ലഭിച്ചവരുടെയും ഇനി ലഭിക്കാനുള്ളവരുടെയും പേര് വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഇന്റർനെറ്റ് കണക്ഷൻ നിലവിൽ ഏത് സ്ഥാപനം മുഖേനയാണ് നടപ്പിലാക്കുന്നത് വ്യക്തമാക്കാമോ?

## <u>പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>

5592 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; അപേക്ഷ സമർപ്പിക്കുന്നതിന്റെയും അനുമതി നൽകുന്നതിന്റെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്ത്രീകളുടെയും യുവാക്കളുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിലുള്ള സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക പരിഗണനകളോ പ്രോത്സാഹനങ്ങളോ നൽകാറുണ്ടോയെന്നും ഇത്തരം സ്റ്റാർട്ടപ്പുകൾക്ക് ഈടില്ലാതെ വായ്പകൾ ലഭ്യമാക്കാൻ സംവിധാനമുണ്ടോയെന്നും വിശദമാക്കാമോ;

(സി) പുതുതായി ആരംഭിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന ധനസഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) സ്റ്റാർട്ടപ്പുകൾക്ക് സ്കെയിൽ അപ്പ് സപ്പോർട്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കാമോ?

## <u>സ്റ്റാർട്ട് അപ്പ്</u>

5593 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനായിട്ടുണ്ട്; ഇതിൽ എത്രയെണ്ണം ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ ആരംഭിച്ച സ്റ്റാർട്ടപ്പുകളിൽ ഏതെങ്കിലും നിർത്തലാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ?

## പുതിയതായി ആരംഭിച്ച സ്റ്റാർട്ടപ്പുകൾ

5594 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് പുതിയതായി എത്ര സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേരള സ്റ്റാർട്ടപ്പ് മിഷൻ ഇന്ത്യയ്ക്ക് പുറത്ത് സംഘടിപ്പിച്ച ഇഗ്നൈറ്റ് സംബന്ധിച്ച വിശദാംശം നൽകാമോ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും പ്രതീക്ഷിച്ച നേട്ടം കൈവരിക്കാനായോ എന്നുമുള്ള വിശദാംശം നൽകാമോ?

## കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത കമ്പനികളും ലഭ്യമായ നിക്ഷേപങ്ങളും

5595 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളുടെ എണ്ണവും അത് മുഖേന ലഭ്യമായ നിക്ഷേപങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) 2016 മുതൽ ഇതുവരെയുള്ള കാലയളവിൽ സ്റ്റാർട്ടപ്പ് മിഷൻ വഴി രജിസ്റ്റർ ചെയ്ത കമ്പനികളുടെ എണ്ണവും അതുവഴി എത്ര തൊഴിലവസരം ലഭ്യമാക്കാൻ കഴിഞ്ഞുവെന്നും എത്ര നിക്ഷേപം വന്നുവെന്നും വ്യക്തമാക്കുമോ;

(സി) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ സ്റ്റാർട്ടപ്പ് മേഖലയിലെ പുരോഗതി വിശദമാക്കുമോ?

## ഇ-ഓഫീസ് സംവിധാനം

5596 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ ഇ-ഓഫീസ് സമ്പൂർണമായി നടപ്പാക്കിയിട്ടുണ്ടെന്നും ഇനിയും നടപ്പാക്കിയിട്ടില്ലാത്ത വകുപ്പുകൾ ഏതെല്ലാമെന്നും അറിയിക്കാമോ;

(ബി) ഫയലുകളുടെ നീക്കവുമായി ബന്ധപ്പെട്ട് കൂടുതൽ വ്യക്തതയുള്ള വിവരം പൊതുജനങ്ങൾക്ക് ലഭിക്കുന്ന തരത്തിൽ ഇ-ഓഫീസ് സംവിധാനം നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ഡിജിറ്റൽ സയൻസ് പാർക്ക്

5597 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ലെ ബജറ്റിൽ പ്രഖ്യാപിച്ച ഡിജിറ്റൽ സയൻസ് പാർക്കിന്റെ പൂർത്തീകരണം ഏത് ഘട്ടത്തിലാണെന്നും അത് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## കൊല്ലം ജില്ലയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ച അപേക്ഷകൾ

5598 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് എത്ര അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കൊല്ലം ജില്ലാ കളക്ടറുടെ പോർട്ടലിൽ ലഭ്യമായ പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നും എത്രയെണ്ണം നിരസിച്ചുവെന്നും എത്രയെണ്ണം കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടു മടക്കിയിട്ടുണ്ടെന്നും എത്രയെണ്ണം തുടർ നടപടികൾക്കായി ജില്ലാ കളക്ടറുടെ പോർട്ടലിൽ അവശേഷിക്കുന്നുണ്ടെന്നും വിശദമാക്കാമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ളതും നവകേരള സദസ്സിൽ ഉൾപ്പെടാത്തതുമായ എത്ര അപേക്ഷകൾ കൊല്ലം ജില്ലാ കളക്ടറുടെ പോർട്ടലിൽ നിലവിൽ പരിഗണനയിലുണ്ടെന്ന് അറിയിക്കാമോ; കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ കൊല്ലം കളക്ടറേറ്റിൽ നിന്നും എത്ര അപേക്ഷകൾ നിരസിച്ചുവെന്നും എത്ര അപേക്ഷകൾ കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടു മടക്കിയിട്ടുണ്ടെന്നും എത്ര അപേക്ഷകൾ തുടർ നടപടികൾക്കായി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

## തരൂർ മണ്ഡലത്തിൽ സി.എം.ഡി.ആർ.എഫ്. മുഖേന ചികിത്സാസഹായം

5599 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തരൂർ മണ്ഡലത്തിൽ സി.എം.ഡി.ആർ.എഫ്. മുഖേന എത്ര പേർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ടെന്നും എത്ര തുക നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ ദുരിതാശ്വാസ ധനസഹായം

5600 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പൂഞ്ഞാർ മണ്ഡലത്തിലെ എത്ര പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ടെന്നും

എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ?

## മുഖ്യമന്ത്രിയുടെ ചികിത്സ സഹായനിധി

5601 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ചികിത്സാ സഹായനിധി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നൽകിവരുന്ന ചികിത്സാസഹായം കാലോചിതമായി പരിഷ്കരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ഭൂചലന പ്രതിരോധ പ്രവർത്തനങ്ങൾ

5602 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെ ഉണ്ടാവുന്ന ഭൂചലനങ്ങൾ ജനങ്ങളിൽ ഉണ്ടാക്കിയ ആശങ്ക പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഭൂചലനങ്ങളുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ നടത്തുന്നതിന് ഏത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഭൂചലനങ്ങളുമായി ബന്ധപ്പെട്ട നിരീക്ഷണം നടത്തുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സീസ്മോളജി വകുപ്പ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ഓറഞ്ച് ബുക്കിലെ പുതിയ നിർദേശങ്ങൾ

5603 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്ത ലഘൂകരണം ലക്ഷ്യമാക്കിയുള്ള നിർദേശങ്ങളടങ്ങുന്ന ഓറഞ്ച് ബുക്ക് പുതുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബുക്കിൽ എന്തെല്ലാം പുതിയ നിർദേശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ആവശ്യമായ സാങ്കേതിക സംവിധാനങ്ങളോടുകൂടിയ കൺട്രോൾ റൂമുകൾ, ആശയ വിനിമയ സംവിധാനങ്ങൾ തുടങ്ങി എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുന്നതിനും മൺസൂൺകാലക്കെടുതികൾ മുന്നിൽക്കണ്ട് വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും എന്തെല്ലാം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ഡി) പ്രകൃതി ദുരന്തസാഹചര്യത്തെ ഫലപ്രദമായി നേരിടുന്നതിന് എന്തെല്ലാം പരിശീലനങ്ങളാണ് ബന്ധപ്പെട്ട പ്രവർത്തകർക്ക് നൽകിവരുന്നത്; വിശദാംശം നൽകുമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ റീ ബിൽഡ് കേരള പദ്ധതികൾ

5604 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ നാളിതുവരെയായി റീ ബിൽഡ് കേരള പദ്ധതിയിൽ ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ എത്ര പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കാമോ;

(സി) റീ ബിൽഡ് കേരള പദ്ധതിയിൽ മണ്ഡലത്തിൽ പുതിയ പദ്ധതികൾ അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കാലാവസ്ഥ വ്യതിയാനം സംസ്ഥാനത്തുണ്ടാക്കിയ നാശനഷ്ടങ്ങൾ

5605 **ശ്രീ. എം. എം. മണി**
**ശ്രീ. പി. വി. അൻവർ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള താപനത്തിന്റെയും കാലാവസ്ഥ വ്യതിയാനത്തിന്റെയും ഫലമായി സംസ്ഥാനത്ത് കനത്ത ചൂടും അതിതീവ്ര മഴയും കാരണം ഉണ്ടായിട്ടുള്ള പ്രത്യേക സാഹചര്യം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കടുത്ത ചൂടും അതിതീവ്ര മഴയും മൂലം സംസ്ഥാനത്തെ കാർഷിക മേഖലയിലും ഇതര മേഖലകളിലും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത സാഹചര്യം സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് അർഹമായ സഹായങ്ങൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) ഈയിനത്തിൽ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് നൽകുന്ന കേന്ദ്രസഹായവും സംസ്ഥാനത്തിന് നൽകുന്ന കേന്ദ്രസഹായവും തമ്മിലുള്ള അന്തരം വ്യക്തമാക്കുമോ;

(എഫ്) ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിന് അർഹമായ വിഹിതം ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തുമോ; വ്യക്തമാക്കാമോ?

## ദുരന്തനിവാരണ വകുപ്പിൽ പരിശീലനം നേടിയ സന്നദ്ധ സേനാംഗങ്ങൾ

5606 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിനായി സംസ്ഥാന ദുരന്തനിവാരണ വകുപ്പ്, ഫയർ&റെസ്ക്യൂ സർവ്വീസസ് എന്നീ വകുപ്പുകൾക്ക് കീഴിൽ പരിശീലനം നൽകിയ എത്ര സന്നദ്ധ സേനാംഗങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

## കുട്ടനാടിന് ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും കൂടുതൽ സഹായം

5607 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരന്തരമായി ഉണ്ടാകുന്ന വെള്ളപ്പൊക്കവും വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ളക്ഷാമവും കുട്ടനാടൻ ജനതയ്ക്ക് വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ഡിസാസ്റ്റർ മാനേജ്മന്റ് ഫണ്ടിൽ നിന്നും കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കുട്ടനാടിന്റെ കാർഷിക മേഖലയിൽ വെള്ളപ്പൊക്കക്കാലത്ത് ഉണ്ടാകുന്ന മടവീഴ്ചകൾ പരിഹരിക്കാൻ ഡിസാസ്റ്റർ മാനേജ്മന്റ് ഫണ്ട് ഉപയോഗിച്ച് ബണ്ടുകൾ പൂർവസ്ഥിതിയിലാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കൊച്ചിൻ മെട്രോക്കായി ഏറ്റെടുത്ത സ്ഥലം

5608 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റു വകുപ്പുകളുടെയും, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഇപ്പോഴും തർക്കം നിലനിൽക്കുന്ന സ്ഥലങ്ങളും വകുപ്പുകളും ഏതൊക്കെയാണ്; വിശദമാക്കാമോ;

(ഡി) പ്രസ്തുത തർക്കം പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## കോവളം-ബേക്കൽ ജലപാത

5609 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കാത്തതിനാൽ കോവളം-ബേക്കൽ ജലപാത പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## പത്രപ്രവർത്തകർക്കുള്ള ആനുകൂല്യങ്ങൾ

5610 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പത്ര ദൃശ്യമാധ്യമങ്ങളിൽ പ്രവർത്തിച്ചുവരുന്നവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രാദേശിക മാധ്യമപ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്ന വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പത്രപ്രവർത്തക പെൻഷൻ മാനേജിംഗ് കമ്മിറ്റി

5611 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തക പെൻഷൻ മാനേജിംഗ് കമ്മിറ്റി അവസാനമായി യോഗം ചേർന്നത് എന്നാണെന്നും നിലവിൽ എത്ര പെൻഷൻ അപേക്ഷകൾ പരിഗണനയ്ക്കായി ശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റി യോഗം ചേരാത്തതിനാൽ അർഹരായ നിരവധി പത്രപ്രവർത്തകർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ അടിയന്തരമായി യോഗം ചേരുന്നതിന് നടപടി സ്വീകരിക്കുമോ?

## പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി

5612 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകേതര പെൻഷൻ നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള മാനേജിംഗ് കമ്മിറ്റി യോഗം അവസാനമായി ചേർന്നത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) മാനേജിങ് കമ്മിറ്റി യോഗം ചേരാത്തത് മൂലം പുതിയ അംഗത്വം നൽകുന്നതിനോ പെൻഷൻ നൽകുന്നതിനോ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പത്രപ്രവർത്തകേതര പെൻഷൻകാരുടെ ആശ്രിതപെൻഷനുവേണ്ടിയുള്ള എത്ര അപേക്ഷകളിന്മേലാണ് ഇനി തീർപ്പ് കൽപ്പിക്കാനുള്ളത് എന്ന് അറിയിക്കുമോ?

## പ്രവാസി ഭദ്രത, പ്രവാസി സാന്ത്വനം പദ്ധതികൾ

5613 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി നടപ്പിലാക്കി വരുന്ന പ്രവാസി ഭദ്രത പദ്ധതിയുടെയും സാന്ത്വനം പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രവാസി ഭദ്രത പദ്ധതി പ്രകാരം എത്ര സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സാന്ത്വനം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര അപേക്ഷകൾ 2023-ൽ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്ന കേരളീയർക്ക് ഭാഷാ പരിശീലനം

5614 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്ന കേരളീയർക്ക് ഭാഷാ പരിശീലനം നൽകാൻ എന്തെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കണ്ണൂർ, കാസർഗോഡ് ജില്ലകൾ കേന്ദ്രീകരിച്ച് ഫോറിൻ ലാംഗ്വേജ് പരിശീലന കേന്ദ്രവും ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള ഫെസിലിറ്റേഷൻ സെന്ററും ആരംഭിക്കുമോ; വ്യക്തമാക്കാമോ?

## പ്രവാസി മലയാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

5615 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക് ഈ സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിദേശ രാജ്യങ്ങളിൽ പ്രയാസങ്ങൾ അനുഭവിക്കുന്ന പ്രവാസി മലയാളികൾക്ക് സമയോചിതമായി സഹായങ്ങൾ എത്തിക്കുന്നതിന് എല്ലാ രാജ്യങ്ങളിലും പ്രവാസികളുടെ പ്രത്യേക ടീമിനെ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## പോലീസ് സേനയെ പരിഷ്കരിക്കാൻ നടപടി

5616 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ പരിഷ്കരിക്കാൻ ലക്ഷ്യമിട്ട് കോടതി നൽകിയ നിർദ്ദേശങ്ങൾ നടപ്പാക്കാത്തതിൽ സംസ്ഥാന പോലീസ് മേധാവി നേരിട്ട് ഹാജരായി വിശദീകരണം നൽകണമെന്ന് ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പോലീസ് സേനയുടെ പരിഷ്കരണം സംബന്ധിച്ച് കോടതി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഇക്കാര്യത്തിൽ അഭ്യന്തര വകുപ്പ് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

## സോഷ്യൽ മീഡിയയിൽ സജീവമാകുന്ന ആഭിചാര ഗ്രൂപ്പുകൾ

5617 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി**
**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവസാമൂഹ്യമാധ്യമ ഗ്രൂപ്പുകളിൽ മരണാനന്തര ജീവിതത്തെക്കുറിച്ചും പുനർജന്മത്തെക്കുറിച്ചുമൊക്കെ നിരവധി വീഡിയോകളും മറ്റും പ്രചരിക്കുന്നുണ്ടെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്കൂൾതലം മുതൽ മാനസികാരോഗ്യ സാക്ഷരതയും ശാസ്ത്രബോധവും ഉറപ്പാക്കി ഇത്തരം വിപത്തുകളെ പ്രതിരോധിക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തിലൂടെ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങൾക്കും ആഭിചാര പ്രയോഗങ്ങൾക്കുമെതിരെ സർക്കാരിന്റെ ഇടപെടൽ ശക്തിപ്പെടുത്തുന്നതിനും നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ?

**<u>ലൈസൻസുള്ള ആയുധങ്ങൾ പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കാൻ നടപടി</u>**

5618 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുധ ലൈസൻസുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിലവിൽ ആയുധ ലൈസൻസ് ഉള്ളവരുടെയും പുതിയ ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെയും ജില്ല തിരിച്ചുള്ള എണ്ണം അറിയിക്കുമോ;

(സി) അപേക്ഷകർക്ക് ലൈസൻസ് കാലതാമസമില്ലാതെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുള്ളപ്പോൾ ലൈസൻസ് ഉള്ള ആയുധങ്ങൾ പോലീസ് സ്റ്റേഷനിലോ അംഗീകൃത സ്ഥാപനങ്ങളിലോ സൂക്ഷിക്കണമെന്ന നിബന്ധന സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ഇ) തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം വിജ്ഞാപനം ചെയ്താൽ ഏതൊക്കെ വിഭാഗം ലൈസൻസ് ഉടമകൾക്കാണ് ആയുധങ്ങൾ കൈവശം വയ്ക്കാൻ പാടില്ലാത്തതെന്ന് അറിയിക്കുമോ; ഈ കാലയളവിൽ ആയുധങ്ങൾ കൈവശം സൂക്ഷിക്കാൻ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(എഫ്) പോലീസ് സ്റ്റേഷനുകളിൽ ആയുധങ്ങൾ വാങ്ങി സൂക്ഷിക്കാതെ സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ഉടമകളെ അയയ്ക്കുന്ന രീതി അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>പോലീസ് പെർമിറ്റ് ഫീസിൽ ഇളവ്</u>**

5619 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് പെർമിറ്റ് ഫീസ് വാങ്ങുന്നത് നിലവിൽ എന്തൊക്കെ ആവശ്യങ്ങൾക്ക് വേണ്ടിയാണ്എന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള പോലീസ് പെർമിറ്റ് ഫീസ് എത്രയാണ് എന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) പോലീസ് പെർമിറ്റ് ഫീസ് ഇളവ് ചെയ്യണം എന്നാവശ്യപ്പെട്ട് ആഭ്യന്തര വകുപ്പിന് ലഭിച്ച അപേക്ഷകളുടെയും അതിന്മേൽ സ്വീകരിച്ച നടപടികളുടെയും വിശദാംശം ലഭ്യമാക്കാമോ?

**<u>ബോംബ് നിർമ്മാണം</u>**

5620 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബോംബ് നിർമ്മാണശാലകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എവിടെയൊക്കെ ഇത്തരം പ്രവർത്തനം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബോംബ് നിർമ്മാണശാലകൾക്കെതിരെ എന്തൊക്കെ നടപടിയാണ് സ്വികരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമാ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട ഇക്കാലയളവിൽ എത്ര പേർക്കെതിരെ കേസ്സെടുത്തു; എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്; എത്ര അളവ് സ്പോടക വസ്തുക്കൾ പിടിച്ചെടുത്തിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

**<u>മലബാറിലെ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട സമരം</u>**

5621 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് വിവിധ സംഘടനകളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് സമരം നടത്തിയതിന് ഈ വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ കേസിന്റെയും ക്രൈം നമ്പർ, ഏതെല്ലാം വകുപ്പുകളാണ് സമരക്കാർക്ക് നേരെ ചുമത്തിയത്, ഇതിൽ ആരെല്ലാം ആണ് പ്രതികൾ, ഏതെല്ലാം സംഘടനകളാണ് സമരത്തിന് നേതൃത്വം നൽകിയത് എന്ന വിശദാംശം കേസ് തിരിച്ച് നൽകാമോ?

**<u>കായംകുളം ട്രാഫിക് പോലീസ് സ്റ്റേഷനിലുള്ള വാഹനം</u>**

5622 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ട്രാഫിക് പോലീസ് സ്റ്റേഷനിലുള്ള വാഹനം കാലപ്പഴക്കം ചെന്നതാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്റ്റേഷനിലേയ്ക്ക് പുതിയ ഒരു വാഹനം വാങ്ങി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>പോലീസ് സേനയിലെ ആത്മഹത്യകൾ</u>**

5623 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ആത്മഹത്യകൾ വർദ്ധിച്ചുവരുന്നത് സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ നടപടി ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ മനുഷ്യാവകാശ കമ്മിഷന്റെ നിർദ്ദേശാനുസരണം എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) എസ്.എച്ച്.ഒ.മാരായി സർക്കിൾ ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയതിനു ശേഷം പോലീസുകാരുടെ ഡ്യൂട്ടി നിശ്ചയിക്കുന്നതിൽ അധികസമ്മർദ്ദം ഉണ്ടാകുന്നത് സേനാംഗങ്ങളുടെ മാനസിക സമ്മർദ്ദം ഉയർത്തിയിട്ടുള്ളതായ റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സർക്കിൾ ഇൻസ്പെക്ടർമാർക്ക് എസ്.എച്ച്.ഒ. ചുമതല ഇല്ലാത്ത പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സ്റ്റേഷനുകളിലാണ് ഇപ്രകാരം സംവിധാനം ഉള്ളതെന്നും ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത സ്റ്റേഷനുകളിൽ സേവനം ചെയ്ത സേനാംഗങ്ങളിൽ ആരെങ്കിലും ആത്മഹത്യ ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

## <u>പോലീസ് ഉദ്യോഗസ്ഥരുടെ ജോലി സമ്മർദ്ദം</u>

5624 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്; ഓരോ പോലീസ് സ്റ്റേഷനിലും ജോലി ചെയ്യുന്ന പോലീസുകാരുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ;

(ബി) പോലീസ് സ്റ്റേഷനുകളിൽ അനാവശ്യമായി മറ്റു വകുപ്പുകളുടെ പ്രൊഫോർമകൾ അയച്ചുകൊടുത്ത് ഡാറ്റ കളക്ട് ചെയ്യാൻ പോലീസുകാരെ നിർബന്ധിക്കുന്നതിനാൽ ക്രമസമാധാനം സംബന്ധിച്ചുള്ള ഡ്യൂട്ടികൾ ചെയ്യുമ്പോൾ പോലീസുകാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ജനസംഖ്യക്ക് അനുസൃതമായി പോലീസ് സേനയിൽ ആനുപാതിക അംഗബലം കുറവാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പോലീസ് സേനയിൽ അംഗബലം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ലോക്സഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് ഡ്യൂട്ടി ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്ക് എല്ലാവർക്കും ട്രാവലിംഗ് അലവൻസുകൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കാമോ;

(ഇ) പോലീസ് ഉദ്യോഗസ്ഥരുടെ ജോലി സമ്മർദ്ദം കുറയ്ക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

## <u>കസ്റ്റഡി മർദ്ദനത്തെ തുടർന്ന് മരണങ്ങൾ</u>

5625 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ പോലീസ് കസ്റ്റഡിയിലുള്ള മർദ്ദനത്തെ തുടർന്ന് എത്ര മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കസ്റ്റഡി മർദ്ദനം സംബന്ധിച്ച് എത്ര പരാതികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കസ്റ്റഡി മർദ്ദന കേസുകളിൽ ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## സ്വകാര്യമേഖലയിൽ തൊഴിൽ നേടുന്നതിന് ലഹരി ഉപയോഗിക്കുന്നില്ല എന്ന് സാക്ഷ്യപത്രം

5626 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിൽ തൊഴിൽ നേടുന്നതിന് ലഹരി ഉപയോഗിക്കുന്നില്ല എന്ന് സാക്ഷ്യപത്രം നൽകുന്ന രീതിയിൽ കേരള പോലീസ് ലഹരി വിരുദ്ധ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദേശം നടപ്പാക്കുന്നതിന് നിയമപരമായ പ്രാബല്യം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## തൊടുപുഴ പോലീസ് കസ്റ്റഡി മർദ്ദനം

5627 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഷണക്കുറ്റം ആരോപിച്ച് തൊടുപുഴ പോലീസ് കസ്റ്റഡിയിലെടുത്ത അഭിഷേക് എന്ന യുവാവിന് പോലീസ് കസ്റ്റഡിയിൽ ക്രൂരമർദ്ദനമേൽക്കേണ്ടി വന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ ;

(ബി) യുവാവിന്റെ കുടുംബം തൊടുപുഴ ഡി.വൈ.എസ്.പി.ക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഇതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

## കാസർകോട് ജില്ലയിലെ പോലീസ് വാഹനങ്ങൾ

5628 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പോലീസിന് എത്ര വാഹനങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള വാഹനങ്ങൾ ജില്ലയിലെ പോലീസ് സംവിധാനത്തിന് അനുവദിച്ച എണ്ണത്തേക്കാൾ കൂടുതലാണോ കുറവാണോ എന്ന് വ്യക്തമാക്കാമോ;

(സി) വാഹനങ്ങളുടെ അപര്യാപ്തത മൂലം പോലീസ് സ്റ്റേഷനുകളിലടക്കം നിലവിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വിശദമാക്കാമോ; കുറ്റാന്വേഷണമടക്കം ഏതെല്ലാം പ്രവർത്തനങ്ങളിൽ തടസ്സമുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ജില്ലയിൽ പോലീസ് വാഹനങ്ങൾക്കുള്ള ഇന്ധനത്തിന് ഒരു വർഷം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ജില്ലയിൽ പോലീസ് വാഹനങ്ങൾക്ക് ഇന്ധനം നിറച്ച വകയിൽ പെട്രോൾ പമ്പുകളിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര രൂപയാണ് കുടിശ്ശികയായിട്ടുള്ളതെന്നും എത്ര കാലമായിട്ടുള്ളതാണ് ഈ കുടിശ്ശിക എന്നും പണം നൽകാനുള്ളത് ഏതെല്ലാം പമ്പുകൾക്കാണെന്നും വ്യക്തമാക്കാമോ?

**<u>പോലീസുകാരിൽ ആത്മഹത്യ വർദ്ധിക്കുന്നത് തടയാൻ നടപടി</u>**

5629 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

**<u>സംസ്ഥാന പോലീസ് സേനയിലെ ആത്മഹത്യ പ്രവണത</u>**

5630 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ആത്മഹത്യ പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ 2023 ഡിസംബർ ഏഴിന് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; സർക്കുലറിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സർക്കുലർ പ്രകാരം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

**<u>പോലീസ് സ്റ്റേഷനുകളിൽ മാന്യമായ പെരുമാറ്റം ഉറപ്പാക്കാൻ സ്വീകരിച്ച നടപടി</u>**

5631 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ മാന്യമായ പെരുമാറ്റം ഉറപ്പാക്കാനായി ആഭ്യന്തരവകുപ്പ് സ്വീകരിച്ചു വരുന്നതും പുതുതായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടിയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ മാന്യമല്ലാത്ത പെരുമാറ്റം സംബന്ധിച്ച് കഴിഞ്ഞ 5 വർഷ കാലയളവിൽ എത്ര പരാതികൾ ലഭ്യമായി എന്നും എന്തു നടപടികൾ കൈകൊണ്ടുവെന്നും വ്യക്തമാക്കുമോ?

## പോലീസ് വകുപ്പിലെ സ്പെഷ്യൽ ഡിസെബിലിറ്റി ലീവ്

5632 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്യൂട്ടിയ്ക്കിടയിൽ സംഭവിച്ച അപകടങ്ങൾക്കും ഡ്യൂട്ടി കഴിഞ്ഞ് വാസസ്ഥലത്തേക്ക് മടങ്ങുമ്പോഴും ഡ്യൂട്ടിക്കായി ജോലിസ്ഥലത്തേക്ക് വരുമ്പോഴും ഉണ്ടായ അപകടങ്ങൾക്കും സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് അനുവദിച്ച് നൽകാറുണ്ടോ; വിശദമാക്കാമോ;

(ബി) ഡ്യൂട്ടി കഴിഞ്ഞ് വാസസ്ഥലത്തേക്ക് മടങ്ങുമ്പോഴും ഡ്യൂട്ടിക്കായി ജോലിസ്ഥലത്തേക്ക് വരുമ്പോഴും ഉണ്ടായ അപകടങ്ങൾക്കും സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് അനുവദിച്ച് നൽകുന്ന വ്യവസ്ഥ നിലവിലില്ലെങ്കിൽ ആയത് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

## പോലീസ് സേനയിലെ സ്വയം വിരമിക്കൽ

5633 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ നിന്നും സേനാംഗങ്ങൾ സ്വയം വിരമിച്ചു പോകുന്നതിന്റെ എണ്ണം വർധിച്ചു വരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇത്തരം കൊഴിഞ്ഞു പോകലിന്റെ കാരണങ്ങൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; കണ്ടെത്തൽ വിശദമാക്കുമോ;

(സി) എങ്കിൽ സ്വയം വിരമിക്കൽ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## ബോഡി ക്യാമറകൾ

5634 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരുടെ ശരീരത്തിൽ ഘടിപ്പിക്കാൻ കഴിയുന്ന ബോഡി ക്യാമറകൾ കേരള പോലീസ് വാങ്ങിയിട്ടുണ്ടോ; ക്യാമറകളുടെ പ്രത്യേകതകൾ എന്തൊക്കെയാണ് എന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എന്നാണ് ഇത്തരം ക്യാമറകൾ ആദ്യമായി സേനയ്ക്ക് വേണ്ടി വാങ്ങിയതെന്നും ആകെ എത്ര ക്യാമറകളാണ് ഇതിനോടകം വാങ്ങിയിട്ടുള്ളതെന്നും വിശദമാക്കാമോ; ഈ ക്യാമറകൾ വാങ്ങിയ അനുമതി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഇത്തരം ക്യാമറകൾ വാങ്ങുന്നതിനായി നാളിതുവരെ ആകെ എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളതെന്നതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ അറിയിക്കാമോ;

(ഡി) നാളിതുവരെ വാങ്ങിയവയിൽ എത്രയെണ്ണമാണ് നിലവിൽ പ്രവർത്തനക്ഷമമായുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത്തരത്തിലുള്ള കൂടുതൽ ക്യാമറകൾ വാങ്ങുന്നതിന് വകുപ്പ് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം

5635 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ജൂലൈ 1 മുതൽ രാജ്യത്ത് പുതിയ ക്രിമിനൽ നിയമ സംഹിത നിലവിൽ വരുന്ന സാഹചര്യത്തിൽ പുതിയ നിയമങ്ങളെക്കുറിച്ച് സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട എത്ര ഉദ്യോഗസ്ഥർക്ക് വീതമാണ് പരിശീലനം നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) സേനയിലെ എസ്.ഐ. കേഡറിലുള്ള മുഴുവൻ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിയിട്ടുണ്ടോ; മുഴുവൻ എസ്.എച്ച്.ഒ. മാർക്കും പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## സ്ഫോടക വസ്തുക്കൾ പൊട്ടിത്തെറിച്ചുണ്ടായ അപകടങ്ങൾ

5636 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ബോംബ് ഉൾപ്പെടെയുള്ള സ്ഫോടക വസ്തുക്കൾ പൊട്ടിത്തെറിച്ച് എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്രപേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്നും എത്ര പേരെ ശിക്ഷിച്ചിട്ടുണ്ടെന്നും വിശദവിവരം ലഭ്യമാക്കാമോ?

## പോലീസ് സേനയിലെ താഴ്ന്ന വിഭാഗം ഉദ്യോഗസ്ഥർ അനുഭവിക്കുന്ന മാനസിക സമ്മർദ്ദം കുറയ്ക്കാൻ നടപടി

5637 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പോലീസുകാർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് തസ്തിക സഹിതം വ്യക്തമാക്കുമോ; ഇതിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സർവീസ് കാലയളവിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഓരോരുത്തർക്കും എതിരെ സ്വീകരിച്ച വകുപ്പുതല നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) പോലീസ് സേനയിലെ താഴ്ന്ന വിഭാഗം ഉദ്യോഗസ്ഥർക്കെതിരെ നിസ്സാരകാരണങ്ങൾക്ക് പോലും ഗുരുതരമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത് സേനയിൽ വലിയ മാനസിക സമ്മർദ്ദം ഉണ്ടാക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്ത് തിരുത്തൽ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ആലപ്പുഴ മണ്ഡലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

5638 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ഏതൊക്കെ സ്കൂളുകളിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകളാണ് പുതുതായി ലഭിച്ചതെന്നും പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടിയുടെയും വിശദവിവരം ലഭ്യമാക്കാമോ?

## എസ്.പി.സി.യൂണിറ്റുകൾ അനുവദിക്കുന്നതിന് നടപടി

5639 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് പുതിയതായി എസ്.പി.സി. യൂണിറ്റുകൾ ആരംഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

## മലപ്പുറം വളാഞ്ചേരിയിൽ വീടിനുള്ളിൽ യുവതിയെ പീഡിപ്പിച്ച സംഭവം

5640 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വളാഞ്ചേരിയിൽ വീടിനുള്ളിൽ അതിക്രമിച്ച് കയറി യുവതിയെ കൂട്ടബലാത്സംഗത്തിന് ഇരയാക്കിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## വട്ടോളി സ്വദേശിനിയുടെ മരണം സംബന്ധിച്ച അന്വേഷണം

5641 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീഹാറിലെ ധനാപൂർ റെയിൽവേ ഡിവിഷനിൽ ജോലിചെയ്യവേ കുറ്റ്യാടി മണ്ഡലത്തിലെ വട്ടോളി സ്വദേശി ലിതാര മരണപ്പെട്ടതിനെ തുടർന്നുള്ള അന്വേഷണം ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) സാമ്പത്തികമായി ഏറെ പ്രയാസത്തിലുള്ള ലിതാരയുടെ കുടുംബത്തിന് സർക്കാർ സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

**<u>ടി.പി ചന്ദ്രശേഖരൻ കൊലപാതക കേസിലെ പ്രതികൾക്ക് ശിക്ഷയിളവ്</u>**

5642 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഫെബ്രുവരി മാസത്തിൽ ടി.പി. ചന്ദ്രശേഖരൻ കൊലപാതകകേസിലെ പ്രതികൾക്ക് ഇരട്ട ജീവപര്യന്തം നൽകുകയും ഒരു കാരണവശാലും ശിക്ഷയിളവ് നൽകാൻ പാടില്ല എന്ന് നിഷ്കർഷിക്കുകയും ചെയ്ത ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ ഈ വിധിക്ക് വിപരീതമായി ടി.പി. ചന്ദ്രശേഖരൻ കേസിലെ പ്രതികൾക്ക് ശിക്ഷയിളവ് നൽകാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കാമോ;

(സി) ഹൈക്കോടതി വിധിക്ക് വിപരീതമായി ടി.പി. ചന്ദ്രശേഖരൻ കേസിലെ പ്രതികളെ വിട്ടയയ്ക്കാൻ നടപടികൾ സ്വീകരിച്ചവർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

**<u>സംസ്ഥാനത്തെ കൊലക്കേസുകളുടെ എണ്ണം</u>**

5643 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2024 ജൂൺ വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട ആകെ കൊലക്കേസുകൾ എത്രയെന്നും അതിൽ ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ എന്നിവ എത്ര വീതമെന്നും അറിയിക്കുമോ;

(ബി) മേൽപ്പറഞ്ഞവയിലെ എത്ര കേസുകളിൽ ഇതുവരെ ശിക്ഷ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കണക്കുകൾ പ്രകാരം ആകെ കൊലപാതകങ്ങളുടെ എത്ര ശതമാനമാണ് ആൾക്കൂട്ട കൊലപാതകങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളുമെന്ന് വ്യക്തമാക്കുമോ?

**<u>ബോംബ് നിർമ്മാണം തടയാൻ നടപടി</u>**

5644 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി എരഞ്ഞോളിയിലെ ആളൊഴിഞ്ഞ പറമ്പിൽ നിന്നും കിട്ടിയ സ്റ്റീൽ ബോംബ് പൊട്ടി ഒരാൾ മരിക്കാനിടയായ സംഭവത്തിലെ പോലീസ് അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) ആളൊഴിഞ്ഞ പറമ്പിൽ ബോംബ് കൊണ്ടുവച്ചവരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ആൾപാർപ്പില്ലാത്ത വീടുകളിലും വിജനമായ സ്ഥലങ്ങളിലും ബോംബുകൾ ശേഖരിച്ചിട്ടുണ്ടോ എന്ന് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എവിടെ നിന്നെല്ലാം ബോംബ് ശേഖരം കണ്ടെത്താനായിട്ടുണ്ട്; വിശദമാക്കുമോ?

## മയക്കുമരുന്ന്, മദ്യപാനം എന്നിവ മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ

5645 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന്, മദ്യപാനം എന്നിവ മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരം കേസ്സുകൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) മദ്യ-മയക്കുമരുന്ന് സംഘങ്ങളിൽ നിന്നും പോലീസുകാർക്കെതിരെ അക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവർക്ക് മതിയായ സുരക്ഷാ ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

## സിവിൽ കേസുകളിൽ നിന്ന് പോലീസ് പിന്മാറണമെന്ന സർക്കുലർ

5646 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ കേസുകളിൽ നിന്ന് പോലീസ് പിന്മാറണമെന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) വസ്തുതർക്കം, അതിർത്തിത്തർക്കം തുടങ്ങിയ കേസുകൾ സംബന്ധിച്ച് പോലീസ് സ്റ്റേഷനുകളിൽ പരാതി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; നിലവിൽ പോലീസിന്റെ പരിഗണനയിലുള്ള ഹർജികൾക്കും തീരുമാനം ബാധകമാണോയെന്നറിയിക്കാമോ;

(സി) ഇത്തരം ആവശ്യങ്ങളിൽ അടിയന്തര പരിഹാരത്തിനും ഇടപെടലിനും ജനങ്ങൾ ആരെയാണ് സമീപിക്കേണ്ടതെന്ന് വിശദമാക്കാമോ?

## കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി

5647 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലെടുത്ത ഓട്ടോറിക്ഷ ഡ്രൈവർ സംശയാസ്പദമായ സാഹചര്യത്തിൽ 14.6.24 ന് പോലീസ് സ്റ്റേഷനിൽ കുഴഞ്ഞുവീണ് മരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) വൈദ്യ പരിശോധന നടത്താതെ പ്രസ്തുത വ്യക്തിയെ പോലീസ് സ്റ്റേഷനിൽ എത്തിച്ചത് ഏത് സാഹചര്യത്തിൽ ആണെന്ന് വ്യക്തമാക്കുമോ; ഈ കാര്യത്തിൽ കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## അരൂർ - തുറവൂർ എലിവേറ്റഡ് ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട അപകടങ്ങൾ

5648 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ - തുറവൂർ എലിവേറ്റഡ് ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് കുത്തിയതോട്, അരൂർ പോലീസ് സ്റ്റേഷനുകളിൽ എത്ര വാഹന അപകടങ്ങളും എത്ര മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ?

## സൈബർ തട്ടിപ്പിനെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നൂതന നടപടികൾ

5649 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ തട്ടിപ്പ് പുതുരൂപങ്ങളിൽ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ ഓരോ വർഷവും എത്ര പരാതികൾ ലഭ്യമായെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നും അറിയിക്കാമോ; പ്രസ്തുത കാലയളവിൽ എത്ര കേസ്സുകളിൽ പ്രതികളെ കണ്ടെത്തി നിയമ നടപടിക്ക് വിധേയമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം തട്ടിപ്പുകളിൽപ്പെടാതെ പൊതുജന സംരക്ഷണം ഉറപ്പാക്കാൻ ആഭ്യന്തരവകുപ്പ് നൂതനമായ എന്തൊക്കെ നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## സോഷ്യൽ മീഡിയ മുഖേന അപവാദ പ്രചാരണങ്ങൾ

5650 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ മീഡിയയിൽ നേരിട്ട അപവാദ പ്രചാരണങ്ങൾക്കെതിരെ സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 349/പെറ്റീഷൻ/സി.സി.പി.എസ്/ ഡി.ആർ/22 നമ്പർ പരാതിയിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) രാജ്യത്തിന് പുറത്ത് നിന്നുള്ള ഫേസ്ബുക്ക്, വാട്ട്സപ്പ് പ്രൊഫൈലുകളിൽ നിന്നും സംസ്ഥാനത്തുള്ള പൊതുപ്രവർത്തകരെ അപകീർത്തിപ്പെടുത്തുന്നത് തടയുന്നതിന്

നടപടികൾ സ്വീകരിക്കുമോ; ഇത്തരത്തിലുള്ള പ്രൊഫൈലുകൾ ബ്ലോക്ക് ചെയ്യാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

**<u>ഓൺലൈൻ തട്ടിപ്പുകൾ തടയാൻ നടപടി</u>**

5651 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓൺലൈൻ തട്ടിപ്പുകൾ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള കണക്ക് വർഷം തിരിച്ച് നൽകുമോ?

**<u>കുട്ടികൾക്കിടയിലെ മൊബൈൽ ഫോൺ ഇന്റർനെറ്റ് ദുരുപയോഗം</u>**

5652 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കുട്ടികൾക്കിടയിലെ മൊബൈൽ ഫോൺ/ ഇന്റർനെറ്റ് ദുരുപയോഗത്തെ തുടർന്ന് എത്ര കുട്ടികൾ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഇന്റർനെറ്റ് ദുരുപയോഗത്തിലൂടെ കുറ്റകൃത്യങ്ങളിലേക്ക് എത്തിച്ചേർന്ന എത്ര കുട്ടികളെ കണ്ടെത്തി പോലീസ് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

**<u>സൈബർ കേസുകൾ</u>**

5653 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര സൈബർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ; ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെങ്കിലും സാമൂഹമാധ്യമ പേജുകൾ കൈകാര്യം ചെയ്തിരുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഏതെല്ലാം പേജുകൾ കൈകാര്യം ചെയ്തവർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഏതെങ്കിലും സാമൂഹമാധ്യമ പേജുകളുടെ പ്രവർത്തനം ഇക്കാലയളവിൽ നിരോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിലെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ നിർമ്മാണം</u>**

5654 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം അനുവദിച്ച സാഹചര്യത്തിൽ സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

**<u>ആഭ്യന്തര വകുപ്പിന്റെ കീഴിലെ സ്ഥാപനങ്ങൾക്കുള്ള കെട്ടിട നിർമ്മാണം</u>**

5655 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ആഭ്യന്തര വകുപ്പിന്റെ കീഴിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് കെട്ടിടങ്ങൾ നിർമ്മിച്ചു കൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കാമോ?

**<u>കോതമംഗലം താലൂക്ക് ആശുപത്രിയിൽ പോലീസ് എയ്ഡ് പോസ്റ്റ്</u>**

5656 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രിയിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>പിറവം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ</u>**

5657 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ആഭ്യന്തര വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും അറിയിക്കാമോ;

(ബി) പുതിയ ഏതെല്ലാം പദ്ധതിയാണ് പ്രസ്തുത മണ്ഡലത്തിൽ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

**<u>തോക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം</u>**

5658 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഈ വർഷം പുതിയതായി എത്ര പേർക്ക് തോക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നും അത് ആർക്കൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) അപേക്ഷകർക്ക് ലൈസൻസ് അനുവദിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ?

**<u>ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷൻ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പുതുക്കൽ</u>**

5659 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പ്രവൃത്തി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷൻ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ സെക്രട്ടറിയേറ്റിന്റെ സ്റ്റാഫ് പാറ്റേണിൽ നിന്നും ക്ലറിക്കൽ സ്റ്റാഫ് പാറ്റേണിലേയ്ക്ക് മാറ്റുവാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ആയതു

നടപ്പിലാക്കാൻ നിയമപരമോ ഭരണപരമോ ആയ തടസ്സങ്ങൾ ഏതെങ്കിലുമുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷനിൽ അന്യത്ര സേവനമനുഷ്ഠിച്ചുവരുന്ന സെക്രട്ടറിയേറ്റിലെ ജീവനക്കാരെ മാതൃവകുപ്പിലേയ്ക്ക് തിരിച്ചയക്കാനും ഡയറക്ടറേറ്റിലെ തനതു ജീവനക്കാരിൽ നിന്നും ഈ സ്ഥലങ്ങളിൽ നിയമനം നടത്തുന്നതിനും ആവശ്യമായ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നിലവിൽ ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷന്റെ കീഴിൽ 1 പേഴ്സണൽ അസിസ്റ്റന്റ്, 1 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, 25 ക്ലർക്ക്, 109 ഓഫീസ് അറ്റന്റന്റ് , 3 ടൈപ്പിസ്റ്റ് എന്നിങ്ങനെയുള്ള ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷൻ വകുപ്പിലെ സ്ഥിരം ജീവനക്കരെ സ്ഥാനക്കയറ്റം നൽകി നിയമനം നല്കാൻ കഴിയുമെന്നിരിക്കെ സെക്രട്ടേറിയറ്റിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന സെക്രട്ടറിയേറ്റ് ജീവനക്കാരുടെ അന്യത്ര സേവനം തുടരുന്നത് സംബന്ധിച്ച് നയപരമോ ഭരണപരമോ ആയ തീരുമാനങ്ങൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) 2019 ലെ ഭരണ പരിഷ്കാര വകുപ്പിന്റെ പഠന റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷൻ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ത്വരിതഗതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>സിവിൽ പോലീസ് ഓഫീസർ നിയമനം</u>

5660 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഏപ്രിൽ മാസം നിലവിൽ വന്ന കാറ്റഗറി നമ്പർ 537/22 സി.പി.ഒ. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന് നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് എൻ.ജെ.ഡി., ഫ്രഷ് ഒഴിവുകൾ എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ</u>

5661 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നം. 537/2022) നിന്നും നിയമനം നടത്തുന്നതിനായി എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഒഴിവുകൾ ഉണ്ടായിട്ടും ആയത് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പ്രതീഷിത ഒഴിവുകളായി റിപ്പോർട്ട് ചെയ്യാറുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ എത്ര; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>സിവിൽ-ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനം</u>**

5662 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ-ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനത്തിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിനുള്ള നടപടിക്രമങ്ങൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഫയൽ നമ്പരും ഫയലിന്റെ കമ്പ്യൂട്ടർ നമ്പറും ലഭ്യമാക്കുമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പരിഗണനയിലാണെന്ന് അറിയിക്കാമോ;

(ബി) സിവിൽ -ക്രമിനൽ കോടതി ജീവനക്കാരുടെ സംയോജനം സാധ്യമാക്കുന്നതിനായി കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സർവീസ് റൂൾസ് 2006, കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ് റൂൾസ് 1975 എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്നാണ് അരംഭിച്ചതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റൂൾ ഭേദഗതിയ്ക്ക് വർഷങ്ങളുടെ കാലതാമസം ഉണ്ടാകുന്നതിന് കാരണം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ സിവിൽ -ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജന നടപടികൾ പൂർത്തിയാക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടിക്രമങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സിവിൽ-ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനം സാധ്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി സംസ്ഥാനത്തെ സിവിൽ-ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനം എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കാമോ?

**<u>മാവേലിക്കര ജില്ലാ കോടതിയിൽ പുതിയ കോടതി സമുച്ചയ നിർമ്മാണം</u>**

5663 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ കോടതിയിൽ പുതിയ കോടതി സമുച്ചയം നിർമ്മിക്കുന്നതിന് തുക അനുവദിച്ചതും നിർമ്മാണം ആരംഭിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർമ്മാണത്തിന് തുക അനുവദിച്ചതെന്ന് അറിയിക്കുമോ?

## കുടുംബ കോടതിയിലെ തസ്തികകൾ

5664 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബകോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുവാനും പുന:ക്രമീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) മലപ്പുറം കുടുംബ കോടതിയിൽ സൂപ്പർവൈസറി പോസ്റ്റുകളുടെ അഭാവം മൂലം കോടതി നടപടികളിൽ കാലതമാസവും പ്രയാസങ്ങളും നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കുടുംബ കോടതിയിൽ സൂപ്പർവൈസറി പോസ്റ്റുകളായ ജൂനിയർ സൂപ്രണ്ട്, ബെഞ്ച് ക്ലർക്ക് ഗ്രേഡ്-1 എന്നീ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ?

## വടക്കാഞ്ചേരി ഫയർ & റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം

5665 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ഫയർ & റെസ്ക്യൂ സ്റ്റേഷൻ ഇരുപത്തിയഞ്ച് വർഷമായി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

## മല്ലപ്പള്ളിയിൽ പുതിയ ഫയർ സ്റ്റേഷന്റെ സാദ്ധ്യതകൾ

5666 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളിയിൽ പോലീസ് സർക്കിൾ ഓഫീസ് സ്ഥിതി ചെയ്തിരുന്ന കെട്ടിടം ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി ഒരു പുതിയ ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനായുള്ള സാദ്ധ്യതകൾ പരിശോധിക്കുമോ; വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയത്ത് ഫയർ സ്റ്റേഷൻ

5667 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് പണികഴിപ്പിച്ചിട്ടുള്ള കെട്ടിടവും ഗ്യാരേജും പ്രയോജനപ്പെടുത്തി പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ

ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ;

(ബി) മുണ്ടക്കയത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ശിക്ഷാ കാലാവധിയിൽ ഇളവ് ലഭിച്ചവർ

5668 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിൽശിക്ഷ അനുഭവിച്ച് വന്നിരുന്നവരിൽ 2016 മാർച്ച് മുതൽ 2024 ജൂൺ വരെ ശിക്ഷാ കാലാവധിയിൽ ഇളവ് നൽകിയതിനാൽ ജയിൽ മോചനം സാധ്യമായവരുടെ പേര്, അവരുടെ പ്രായം, അവർ അനുഭവിച്ചുകൊണ്ടിരുന്ന ശിക്ഷയുടെ വിവരം, അവർക്ക് ശിക്ഷാ കാലാവധിയിൽ ഇളവ് നൽകിയതിനുള്ള കാരണം എന്നിവ പ്രത്യേകം ലഭ്യമാക്കാമോ?

## ടി.പി. കേസിലെ പ്രതികൾക്ക് സ്പെഷ്യൽ റെമിഷൻ നൽകിയ നടപടി

5669 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം തടവുകാർക്ക് സ്പെഷ്യൽ റെമിഷൻ നൽകുന്നത് സംബന്ധിച്ച് കണ്ണൂർ ജയിൽ സൂപ്രണ്ട് കണ്ണൂർ പോലീസ് കമ്മീഷണർക്ക് കത്ത് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിൽ ടി.പി. ചന്ദ്രശേഖരൻ കേസിലെ പ്രതികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽ ടി.പി. ചന്ദ്രശേഖരൻ കേസിലെ പ്രതികൾ ഉൾപ്പെടാനുള്ള സാഹചര്യം വിശദമാക്കാമോ?

## ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് ഇളവ്

5670 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യത്തിന്റെ 75 -ാം വാർഷികം പ്രമാണിച്ച് കണ്ണൂർ ജയിലിൽ നിന്നും ശിക്ഷാ ഇളവ് നൽകുന്നതിനായി തയ്യാറാക്കിയ പട്ടികയിൽ ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ ഉൾപ്പെടുകയുണ്ടായോ; പ്രസ്തുത പട്ടിക സർക്കാരിലേക്ക് സമർപ്പിക്കപ്പെട്ട തീയതിയും പട്ടിക തയ്യാറാക്കിയ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും അറിയിക്കുമോ;

(ബി) ടി.പി. വധക്കേസിലെ കേസിലെ പ്രതികൾക്ക് ശിക്ഷാ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ ഏതെങ്കിലും ലഭിച്ചിരുന്നോ; എങ്കിൽ അപേക്ഷകരുടെ പേര് കുറ്റവാളികളുമായുള്ള ബന്ധം; അപേക്ഷ നൽകിയ തീയതി എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ടി. പി. കേസിലെ പ്രതികൾക്ക് ഇളവിന് അർഹതയില്ലെന്ന കുറിപ്പോടുകൂടിയാണോ ജയിലിൽ നിന്നും പട്ടിക സർക്കാരിലേക്ക് കൈമാറിയിട്ടുള്ളത്; എങ്കിൽ ആരാണ് കുറിപ്പ് എഴുതിയത്;

(ഡി) ടി.പി. കേസിലെ പ്രതികൾക്ക് ശിക്ഷയിൽ 20 വർഷത്തേക്ക് ഇളവ് അനുവദിക്കരുതെന്ന് ഹൈക്കോടതി വിധി വന്നിട്ടും ഈ പ്രതികളുടെ പേരുകൾ പട്ടികയിൽ നിന്നും ഒഴിവാക്കാതെ തുടർ നടപടികളുമായി മുന്നോട്ടു പോകാൻ ഇടയായതിന്റെ കാരണങ്ങൾ അറിയിക്കുമോ;

(ഇ) കോടതിവിധി മാനിക്കാതെ ടി.പി. കേസ് പ്രതികൾക്ക് ഇളവ് അനുവദിക്കുന്നതിന് വേണ്ടി പ്രവർത്തിച്ചതും ഇതിന് കൂട്ടുനിന്നതുമായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നതു സംബന്ധിച്ച് വകുപ്പ് തല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

## <u>പരോൾ അനുവദിച്ച നടപടി</u>

5671 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊലപാതകക്കേസുകളിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്നവർ എത്രപേരുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസുകളിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്നവരിൽ 2016 മാർച്ച് മുതൽ 2024 മാർച്ച് വരെ എത്രപേർക്ക് പരോൾ അനുവദിച്ചിട്ടുണ്ടെന്നും അവരുടെ പേര് വിവരവും അവർക്ക് പ്രതിവർഷം നൽകിയ പരോൾ കാലാവധിയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പോക്സോ, ലൈംഗികാതിക്രമം, ലഹരിക്കടത്ത്, മയക്കമരുന്ന് എന്നീ കേസുകളുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്നവരിൽ 2016 മാർച്ച് മുതൽ 2024 ജൂൺ വരെ പരോൾ അനുവദിക്കപ്പെട്ടവരുടെ പേര് വിവരവും അവർക്ക് പ്രതിവർഷം നൽകിയ പരോൾ കാലാവധിയും കേസുകൾ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് വിവിധ കേസുകളിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്നവരിൽ 2016 മാർച്ച് മുതൽ 2024 ജൂൺ വരെ ഒരു വർഷം 60 ദിവസത്തിലധികം പരോൾ അനുവദിക്കപ്പെട്ടവരുണ്ടെങ്കിൽ അവരുടെ പേര് വിവരവും കേസുകളുടെ വിശദാംശവും ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പരോൾ അനുവദിക്കപ്പെട്ട് പുറത്തിറങ്ങിയവരിൽ ആരെങ്കിലും നിശ്ചിത സമയത്ത് ജയിലുകളിലേക്ക് തിരികെ എത്താതിരുന്നിട്ടുണ്ടെങ്കിൽ അവരുടെ വിവരം ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത കാലയളവിൽ പരോൾ അനുവദിക്കപ്പെട്ട് പുറത്തിറങ്ങിയവരിൽ നാളിതുവരെ തിരിച്ചുവരാത്തവർ ഉണ്ടെങ്കിൽ അവരുടെ പേര് വിവരവും കേസിന്റെ സ്വഭാവവും വിശദമാക്കാമോ?

## <u>ടി. പി. ചന്ദ്രശേഖരൻ കേസിലെ പ്രതികൾക്ക് ശിക്ഷായിളവിനുള്ള നീക്കം</u>

5672 **ശ്രീ. സണ്ണി ജോസഫ്**

**ശ്രീ. പി. സി. വിഷ്ണുനാഥ്**

**ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ കേസിലെ പ്രതികൾക്ക് ശിക്ഷായിളവിനു വഴിവിട്ട നീക്കം നടന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കണ്ണൂർ ജയിൽ സൂപ്രണ്ടിന് കണ്ണൂർ പോലീസ് മേധാവി നൽകിയ സ്പെഷ്യൽ റെമിഷൻ നൽകാനുള്ളവരുടെ ലിസ്റ്റിൽ ടി. പി. ചന്ദ്രശേഖരൻ കേസിലെ പ്രതികൾ ഉൾപ്പെട്ടതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ടി. പി. കേസിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട കുറ്റവാളികൾക്ക് ശിക്ഷായിളവ് നൽകാനുള്ള തീരുമാനം ആരാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ;

(ഡി) നിയമവിരുദ്ധമായി ഈ പ്രവൃത്തി നടത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>കണ്ണൂർ സെൻട്രൽ ജയിലിലെ ഉപദേശകസമിതി</u>

5673 **ശ്രീ. അൻവർ സാദത്ത്**

**ശ്രീമതി കെ. കെ. രമ**

**ശ്രീ. റോജി എം. ജോൺ**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സെൻട്രൽ ജയിലിലെ ഉപദേശകസമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ വിട്ടയയ്ക്കാനുള്ളവരുടെ ലിസ്റ്റിൽ ടി.പി.കേസ് പ്രതികളെ ഉൾപ്പെടുത്തിയതെന്ന് വിശദമാക്കുമോ;

(ബി) നിയമവിരുദ്ധമായ പ്രസ്തുത പ്രവൃത്തി നടത്തിയവർക്കെതിരെ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഹൈക്കോടതി വിധിക്കെതിരായി, ടി.പി. ചന്ദ്രശേഖരൻ കൊലപാതക കേസിലെ പ്രതികളെ വിട്ടയയ്ക്കാൻ നടപടികൾ സ്വീകരിച്ചവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

## <u>പ്രതികൾക്ക് ശിക്ഷ ഇളവ് നൽകുന്നത് സംബന്ധിച്ച റിപ്പോർട്ട്</u>

5674 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ. റോജി എം. ജോൺ**

**ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസുകളിലായി ജയിലിൽ കഴിയുന്ന അൻപതിലേറെ പ്രതികൾക്ക് ശിക്ഷ ഇളവ് നൽകുന്നത് സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ട് കണ്ണൂർ സെൻട്രൽ ജയിൽ

സൂപ്രണ്ട് കണ്ണൂർ സിറ്റി പോലീസ് കമ്മീഷണർക്ക് കത്ത് നൽകിയിരുന്നോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(സി) ടി.പി ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് ഇളവ് നൽകുന്നതിന് മുന്നോടിയായി കേസുമായി ബന്ധപ്പെട്ട വിവിധ വ്യക്തികളുടെ അഭിപ്രായം പോലീസ് തേടിയിട്ടുണ്ടോ; വിശദീകരിക്കാമോ?

## എയ്റോസ്പേസ് കൺട്രോൾ സിസ്റ്റംസ് സെന്റർ

5675 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്റോസ്പേസ് കൺട്രോൾ സിസ്റ്റംസ് സെന്റർ എന്ന പേരിൽ ബഹിരാകാശ ഉല്പന്ന ഹബ്ബ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; സ്പെയ്സ് പാർക്ക് എന്ന പേരിൽ മുൻപ് പ്രവർത്തിച്ചിരുന്ന സ്ഥാപനമാണോ നിലവിൽ എയ്റോസ്പേസ് കൺട്രോൾ സിസ്റ്റംസ് സെന്റർ എന്ന പേരിലേക്ക് മാറുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഘടന എപ്രകാരമായിരിക്കുമെന്നും അതിൽ സംസ്ഥാന സർക്കാരിനുള്ള പങ്കും അധികാരങ്ങളും എന്തെല്ലാമായിരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും സംസ്ഥാനത്ത് നിന്നുമുള്ള എത്രപേർക്ക് ഈ സ്ഥാപനം മുഖേന തൊഴിൽ നൽകുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിനായി ആകെ എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കരുതുന്നതെന്നും അതിനായി എവിടെയാണ് ഭൂമി കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) ഭൂമി ഏറ്റെടുക്കലിനുള്ള ചെലവ് ഉൾപ്പെടെ പ്രസ്തുത സ്ഥാപനം നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനായി സർക്കാരിന് ആകെ എത്ര ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത സ്ഥാപനം എന്നത്തേക്ക് യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ

5676 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ എന്ന പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി മുഖേന കഴിഞ്ഞ സാമ്പത്തിക വർഷം എത്ര അപേക്ഷകർക്ക് സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## സൗജന്യ ചികിത്സ

5677 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് സൗജന്യ ചികിത്സ നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരവും കാരുണ്യ ബനവലന്റ് ഫണ്ട് വഴിയും എത്ര പേർക്ക് സൗജന്യ ചികിത്സ നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## പുനലൂർ മണ്ഡലത്തിലെ ആരോഗ്യ-കുടുംബ ക്ഷേമ വകുപ്പിന്റെ പദ്ധതികൾ

5678 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന് കീഴിലുള്ള വിവിധ വിഭാഗങ്ങൾ മുൻ സർക്കാരിന്റെ (2016-21) കാലയളവിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിനു മുമ്പ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിൽ അനുവദിച്ച പ്രവൃത്തികളിൽ/പദ്ധതികളിൽ നടപ്പിലുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന് കീഴിലുള്ള വിവിധ വിഭാഗങ്ങൾ മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; ഓരോ പ്രവർത്തിയുടെയും പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും നടപ്പിലുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ; നിലവിൽ നടപ്പിലുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഡി) പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കാൻസർ കെയർ യൂണിറ്റ് നിർമിക്കുന്ന പ്രവൃത്തിക്ക് പൊതുമരാമത്തു വകുപ്പ് തയാറാക്കിയ പുതുക്കിയ പ്രൊപ്പോസലിന്മേൽ (പി3/59/2024-ഹെൽത്ത്, സി1-1824/24) സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കുമോ?

## സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സാന്ത്വന ചികിത്സ

5679 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സാന്ത്വന ചികിത്സയ്ക്കായി നടപ്പിലാക്കിയിട്ടുള്ള സൗകര്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) ഇവിടങ്ങളിൽ കിടപ്പുരോഗികൾക്ക് നൽകിവരുന്ന പരിചരണങ്ങളെന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിലെ തിരക്ക് കുറയ്ക്കുന്നതിനായി നഗര പ്രദേശങ്ങളിലെ അപ്പാർട്ട്മെന്റുകളിലും പാർപ്പിട സമുച്ചയങ്ങളിലും പ്രാഥമിക ചികിത്സാ സൗകര്യം നൽകുന്നതിന് വീട്ടുപടിക്കൽ ചികിത്സ എന്ന ആശയത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി</u>

5680 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരനും ഗുണമേന്മയുള്ളതും ചെലവേറിയതുമായ ചികിത്സകൾ ലഭിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; ഈ സർക്കാർ ഓരോ വർഷവും ഇതിനായി എത്ര കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ എത്ര സ്വകാര്യ ആശുപത്രികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്; പണം ലഭിക്കാനുണ്ടെന്ന കാരണം പറഞ്ഞ് പ്രസ്തുത പദ്ധതിയിൽ നിന്നും എത്ര സ്വകാര്യ ആശുപത്രികൾ ഒഴിവായിട്ടുണ്ട്; വിശദമാക്കാമോ;

(സി) പല സ്വകാര്യ ആശുപത്രികളിലും മുൻപ് ആരോഗ്യ സുരക്ഷാ കാർഡ് അനുസരിച്ച് ചികിത്സ ലഭ്യമാകുമായിരുന്നുവെങ്കിലും ഇപ്പോൾ ചികിത്സയ്ക്ക് പണം ആദ്യം തന്നെ കെട്ടിവെക്കണമെന്ന് പറഞ്ഞ് ചികിത്സ നിഷേധിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ</u>

5681 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) അർഹരായ നിരവധി കുടുംബങ്ങൾ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിൽ ഉൾപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(സി) പൊതുജനങ്ങൾക്കായി പുതിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി പരിഗണനയിലുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## <u>അമൃതം ആരോഗ്യം പദ്ധതി</u>

5682 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃതം ആരോഗ്യം പദ്ധതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ ജില്ലയിലും നടത്തി വരുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; അതിന്റെ പ്രയോജനം ഓരോ ജില്ലയിലും എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം നൽകാമോ?

## ആരോഗ്യ ഇൻഷുറൻസ് പദ്ധതി തുകയുടെ പരിധി ഉയർത്തുവാൻ നടപടി

5683 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ ഇൻഷുറൻസ് (കാസ്പ്), ആർ.എസ്.ബി.വൈ. തുടങ്ങിയ സർക്കാർ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെട്ട അംഗങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് ആശുപത്രി ചികിത്സാ പാക്കേജുകളുടെ തുക നിജപ്പെടുത്തിയവയിൽ വളരെ കുറവുള്ള ജനറൽ മെഡിസിൻ, നോർമൽ ഡെലിവറി, സിസേറിയൻ തുടങ്ങിയവയുടെയും മറ്റു ചികിത്സാ വിഭാഗങ്ങളുടെയും തുകയുടെ പരിധി ഉയർത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; മേൽ ചികിത്സാ വിഭാഗത്തിൽ നിലവിൽ ആശുപത്രികൾക്ക് നൽകുന്ന പരമാവധി തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) 2021 ജൂലൈ മുതൽ 2024 മേയ് 31 വരെ കാസ്പ്, ആർ.എസ്.ബി.വൈ. തുടങ്ങിയ സർക്കാർ ഇൻഷുറൻസ് പദ്ധതികൾ പ്രകാരം ചികിത്സ നൽകിയതിന് മലപ്പുറം ജില്ലയിലെ സ്വകാര്യ, സഹകരണ ആശുപത്രികൾക്ക് നൽകാനുള്ള തുക എത്രയെന്ന് ഒരോ ആശുപത്രിയുടെയും പേര് സഹിതം തരം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആശുപത്രികൾക്ക് തുക ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആശുപത്രികൾക്ക് തുക ലഭിക്കാത്തത് സംബന്ധിച്ചും പ്രസ്തുത ചികിത്സാ പാക്കേജുകളുടെ തുക പരിഷ്കരിക്കണമെന്നാവശ്യപ്പെട്ടും ഇതു വരെ എത്ര പരാതികൾ ലഭിച്ചെന്നും ഈ പരാതികൾ ആരെല്ലാമാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; പരാതികളിൽ ഇതുവരെ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ;

(ഇ) പ്രസ്തുത ആശുപത്രികൾക്ക് തുക അനുവദിക്കുന്നതിൽ കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## മൃതസഞ്ജീവനി പദ്ധതി

5684 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ രോഗികളുടെ എണ്ണം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി വഴി എത്ര പേർക്ക് പ്രയോജനം ലഭ്യമായി; വിശദമാക്കുമോ;

(ബി) അവയവങ്ങൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള രോഗി അവയവം സ്വീകരിക്കുന്നതിനു മുൻപു മരണപ്പെടുകയാണെങ്കിൽ രജിസ്ട്രേഷൻ ഫീസായി ഈടാക്കിയിട്ടുള്ള തുക

രോഗിയുടെ ബന്ധുക്കൾക്ക് തിരികെ നൽകാറുണ്ടോ; വ്യക്തമാക്കുമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

5685 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് മണ്ഡലത്തിലെ താലൂക്ക് ആശുപത്രി, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**അവയവമാറ്റ ശസ്ത്രക്രിയ**

5686 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൺപത് ശതമാനം അവയവമാറ്റ ശസ്ത്രക്രിയകളും വൻകിട സ്വകാര്യ ആശുപത്രികളിലാണോ നടക്കുന്നത്; വിശദാംശം നൽകുമോ;

(ബി) എങ്കിൽ സാധാരണക്കാർക്ക് ഇത്തരം സൗകര്യങ്ങൾ അപ്രാപ്യമാകുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) സാധാരണക്കാർക്ക് കൂടുതൽ ഉപകാരപ്രദമാകുന്നതിന് സംസ്ഥാനത്തെ സർക്കാർ പൊതുമേഖലാ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയാ സൗകര്യം ഏർപ്പെടുത്തുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് നേടിയെടുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**മലപ്പുറം താലൂക്ക് ഹെഡ്ക്വർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്തുന്ന നടപടി**

5687 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ജനറൽ ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച എം.എൽ.എയുടെ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ജില്ലാ ആസ്ഥാനത്തെ ഏക സർക്കാർ ആശുപത്രി എന്ന നിലയിലും ജില്ലയിൽ ഒരു ജനറൽ ആശുപത്രി ഇല്ലായെന്നതും പരിഗണിച്ച് മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) നിലവിലുള്ള താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ് എന്നിവ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മാറാക്കര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

5688 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിവസേന നൂറുകണക്കിന് രോഗികൾ ചികിത്സ തേടി എത്തുന്ന, കോട്ടക്കൽ മണ്ഡലത്തിലെ മാറാക്കര കുടുംബാരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം രോഗികൾ ഏറെ പ്രയാസം നേരിടുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മതിയായ സ്ഥല സൗകര്യം ലഭ്യമായിട്ടുള്ള പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രത്തെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## മുല്ലശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിലെ ആംബുലൻസിന്റെ സേവനം

5689 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കുടുംബാരോഗ്യകേന്ദ്രത്തിന് എം.എൽ.എ ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് വാങ്ങിയിട്ടുള്ള ആംബുലൻസിന് സർക്കാർ സർവ്വീസിലുള്ള രണ്ട് ഡ്രൈവർമാരെ അനുവദിച്ചെങ്കിലും രാത്രി 10 മണിമുതൽ രാവിലെ 8 മണിവരെ ആംബുലൻസിന്റെ സേവനം ലഭിക്കുന്നില്ലെന്നും പ്രസ്തുത പ്രശ്നം പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണുന്നതിന് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(സി) രണ്ട് ഡ്രൈവർമാർ ഉള്ളതിനാൽ ഹോസ്പിറ്റൽ മോണിറ്ററിംഗ് കമ്മിറ്റിക്ക് പുതിയ ഡ്രൈവറെ നിയമിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 24 മണിക്കൂറും ആംബുലൻസ് സേവനം ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

## ബാലുശ്ശേരി താലൂക്ക് ആശുപത്രിയുടെ നവീകരണം

5690 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന ബാലുശ്ശേരി താലൂക്കാശുപത്രിയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) ബാലുശ്ശേരി താലൂക്കാശുപത്രിയുടെ നവീകരണ പ്രവൃത്തിയിൽ ചുമരുകളിൽ ടൈൽ പതിപ്പിക്കുന്നത് ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത ആശുപത്രി വരാന്തയിലെയും വാർഡുകളിലെയും ചുമരുകളിൽ ടൈൽ പതിപ്പിക്കുന്ന പ്രവൃത്തി നിലവിലെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകാമോ; വിശദമാക്കാമോ?

## മല്ലപ്പള്ളി താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം

5691 **ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളതും ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതുമായ മല്ലപ്പള്ളി താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തടസ്സങ്ങൾ നീക്കി നിർമ്മാണം ആരംഭിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് അനുമതി

5692 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ച ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിലെ മാസ്റ്റർ പ്ലാൻ കെട്ടിടത്തിലേക്ക് ആവശ്യമായ ജനറൽ ഫർണീച്ചർ, കർട്ടൻ എന്നിവ കിഫ്ബി ഫണ്ടിൽ നിന്നും വാങ്ങുന്നതിന് ആരോഗ്യ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കാമോ;

(ബി) 24,73,577/- രൂപയുടെ എസ്റ്റിമേറ്റ് തുക കിഫ്ബിയുടെ സേവിംഗ്സ് തുകയിൽ നിന്നും ലഭ്യമാക്കാവുന്നതാണെന്ന് കിഫ്ബി കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫർണീച്ചർ, കർട്ടൻ എന്നിവ വാങ്ങുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണ്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## കായംകുളം താലൂക്ക് ആശുപത്രിയിലെ പോസ്റ്റ്മോർട്ടം

5693 **ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്ക് ആശുപത്രിയിൽ സമീപ കാലത്തായി ഞായറാഴ്ച ദിവസങ്ങളിൽ പോസ്റ്റ്മോർട്ടം നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഞായറാഴ്ച ദിവസങ്ങളിലും കായംകുളം താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## വിതുര താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം

5694 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതുര താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## ചെട്ടിക്കാട് ആശുപത്രിയുടെ നിർമ്മാണ പുരോഗതി

5695 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ ചെട്ടിക്കാട് ആശുപത്രിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ ആവശ്യത്തിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ കേന്ദ്രസർക്കാരിന്റെ ഏതൊക്കെ പ്രോജക്ടുകളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## വാരപ്പെട്ടിയിലെ ഐസോലേഷൻ സെന്ററിന്റെ നിർമ്മാണം

5696 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടിയിൽ നിർമ്മാണം ആരംഭിച്ച ഐസൊലേഷൻ സെന്ററിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെന്ററിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കുട്ടനാട്ടിലെ പി.എച്ച്.സി.കളിലെ അടിസ്ഥാന സൗകര്യ വികസനം

5697 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പി.എച്ച്.സി.കളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ കഴിയുന്ന തരത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ആവശ്യത്തിന് ജീവനക്കാരെയും മരുന്നുകളും ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയിൽ കെട്ടിട നിർമ്മാണം

5698 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയിൽ ജിഡയുടെ ധനസഹായത്തോടെ 5.92 കോടി രൂപയും 1 കോടി രൂപ പ്ലാൻ ഫണ്ടും വിനിയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടും ഡോക്ടർമാർ ഉൾപ്പെടെ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതിനാൽ ആശുപത്രി നടത്തിപ്പിൽ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സമർപ്പിച്ച പരാതികളിന്മേൽ നടപടി സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(സി) എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയുടെ സേവനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയ 06.03.2023 ലെ സി1-ഇ-163158/2023 നമ്പർ കത്തിന്മേലും 23.03.2023 ന് സ്ഥലം എം.എൽ.എ. ആരോഗ്യ വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേലും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**അരിമ്പൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി**

5699 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ അരിമ്പൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ആരോഗ്യകേന്ദ്രത്തിന് കീഴിലുള്ള കൈപ്പിള്ളി ആരോഗ്യ ഉപകേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചെങ്കിലും നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റുന്നതിന് ഇതുവരെ അനുമതി ലഭിക്കാത്തതിനാൽ കെട്ടിട നിർമ്മാണം ആരംഭിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

**പട്ടിമറ്റം പി.എച്ച്.സി.യിലെ കെട്ടിട നിർമ്മാണം**

5700 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ പട്ടിമറ്റം പി.എച്ച്.സി.യിൽ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കെട്ടിടം പൂർത്തിയാക്കുന്നതിലൂടെ ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**ഉദയംപേരൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ പുനരാരംഭിക്കാൻ നടപടി**

5701 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിൽ ഉദയംപേരൂർ പഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിൽ രോഗികളുടെ കിടത്തി ചികിത്സയുണ്ടായിരുന്നോ; എങ്കിൽ ഏത് കാലയളവ് വരെയാണ് പ്രസ്തുത സൗകര്യമുണ്ടായിരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ പുനരാരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ പുനരാരംഭിക്കാൻ നടപടി

സ്വീകരിക്കുമോ; വിശദമാക്കാമോ?

**കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം**

5702 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക സംബന്ധമായ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഇതിനായി വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; നിർധനരായ വൃക്ക രോഗികൾക്കും മറ്റ് ഗുരുതര രോഗം ബാധിച്ചവർക്കുമുള്ള മരുന്നുകൾ ജില്ലയിൽ എവിടെയൊക്കെ സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

**ആലത്തൂർ താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ സൂപ്രണ്ട് നിയമനം**

5703 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആശുപത്രിയിൽ മെഡിക്കൽ സൂപ്രണ്ട് തസ്തിക ഒഴിഞ്ഞുകിടക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ മെഡിക്കൽ സൂപ്രണ്ട് ഇല്ലാത്തത് ആശുപത്രിയുടെ വികസനത്തെ സാരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കുന്നതിനായി പ്രസ്തുത ആശുപത്രിയിൽ മെഡിക്കൽ സൂപ്രണ്ടിനെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ സേവനം**

5704 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ. കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിലവിൽ എത്ര ഡോക്ടർമാർ ഉണ്ടെന്നും എത്ര മണിവരെയാണ് ഇവിടങ്ങളിൽ ഒ.പി. സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നും ആശുപത്രി തിരിച്ച് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ ഏതെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യകേന്ദ്രങ്ങളിലുമാണ് രാത്രികാല സേവനങ്ങൾ ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഡോക്ടർമാരുടെ രാത്രികാല സേവനം നിലവിൽ ലഭ്യമല്ലെങ്കിൽ അത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ;

(സി) സ്ഥിരം ഡോക്ടർമാർ, നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം) ഡോക്ടർമാർ എന്നിവരുടെ എത്ര ഒഴിവുകളാണ് ഇവിടങ്ങളിൽ നിലവിലുള്ളതെന്ന് വിശദമാക്കാമോ?

**തുറവൂർ താലൂക്ക് ഹോസ്പിറ്റൽ നിർമ്മാണം**

5705 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ താലൂക്ക് ഹോസ്പിറ്റൽ നിർമ്മാണത്തിനുള്ള കരാറിന്റെ കാലാവധി എന്ന് വരെയാണെന്ന് വിശദമാക്കാമോ;

(ബി) ഇനി ഏതൊക്കെ പ്രവൃത്തികളാണ് തീരാനുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും പൊതുജനങ്ങൾക്ക് എന്ന് തുറന്ന് കൊടുക്കാൻ സാധിക്കും എന്നും വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ

5706 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും താലൂക്ക്, ജില്ലാ ആശുപത്രികളിലുമാണ് പാലിയേറ്റീവ് കെയർ സൗകര്യമുള്ളതെന്ന് വ്യക്തമാക്കാമോ?

## ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം

5707 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. ഉബൈദുള്ള**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങളിൽപ്പെട്ടവർക്ക് അതിവേഗ ചികിത്സ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ഏതെങ്കിലും ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനായി ആശുപത്രികളെ തെരഞ്ഞെടുത്ത മാനദണ്ഡം വിശദമാക്കാമോ;

(സി) വാഹനാപകടങ്ങൾ ഏറെ സംഭവിക്കുന്ന മലപ്പുറം ജില്ലയിലെ ഏക മെഡിക്കൽ കോളേജായ മഞ്ചേരി മെഡിക്കൽ കോളേജിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ജീവിതശൈലീ രോഗങ്ങൾ

5708 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങളെയും കാൻസറിനേയും തുടക്കത്തിൽ തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനായി പ്രത്യേക കാമ്പയിൻ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി രോഗം കണ്ടെത്തുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## ചികിത്സാ പിഴവ് മൂലം പത്തനംതിട്ടയിലെ പെൺകുട്ടിയുടെ മരണം

5709 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃതിക, ഊന്നുകൽ പോസ്റ്റ്, പത്തനംതിട്ട എന്ന മേൽവിലാസത്തിലെ കല സുനുകുമാർ & സുനുകുമാർ.പി ദമ്പതികളുടെ ഏകമകളും അവസാന വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥിനിയുമായിരുന്ന 22 വയസുള്ള കീർത്തി സുനുകുമാർ ചികിത്സാ പിഴവ് മൂലം 10.05.2024ൽ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് മാതാപിതാക്കളുടെ പരാതി വകുപ്പ് മന്ത്രിയ്ക്ക് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ;

(സി) ഈ വിഷയത്തിൽ ഡോക്ടർമാരുടെ ഭാഗത്ത് നിന്നും ചികിത്സാ പിഴവ് ഉണ്ടായിട്ടുണ്ടോയെന്ന് ആരോഗ്യ വകുപ്പ് മുഖേന അന്വേഷണം നടത്തി മാതൃകാപരമായ തുടർനടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ;

(ഡി) ഇത്തരം ദാരുണമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## സർക്കാർ ആശുപത്രികളിലെ അവയവമാറ്റ ശസ്ത്രക്രിയകൾ

5710 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതെന്നും ഏതൊക്കെ അവയവം മാറ്റി വയ്ക്കുന്ന ശസ്ത്രക്രിയകളാണ് ഓരോ ആശുപത്രിയിലും നടത്തുന്നതെന്നും വിശദമാക്കാമോ?

## സംസ്ഥാന അലൈഡ് ആൻഡ് ഹെൽത്ത്കെയർ കൗൺസിൽ

5711 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത്കെയർ പ്രൊഫഷൻസ് ആക്ട് (എൻ.സി.എ.എച്ച്.പി. ആക്ട്) എപ്പോഴാണ് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമത്തിലെ സെക്ഷൻ 22 പ്രകാരം, നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം എല്ലാ സംസ്ഥാനങ്ങളും ആറ് മാസത്തിനുള്ളിൽ ആരോഗ്യ അനുബന്ധ സംരക്ഷണ പ്രൊഫഷനുകൾക്കായി ഒരു സംസ്ഥാന കൗൺസിൽ രൂപീകരിക്കേണ്ടതുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ സംസ്ഥാനത്ത് പ്രസ്തുത കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കോവിഡ് കാലത്തെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് സംസ്ഥാന കൗൺസിൽ രൂപീകരിക്കാനുള്ള കാലാവധി കേന്ദ്രസർക്കാർ നീട്ടിയിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്പോഴാണ് നീട്ടിയതെന്നും എത്ര കാലത്തേക്കാണ്

നീട്ടിയതെന്നും വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) സംസ്ഥാന അലൈഡ് ആൻഡ് ഹെൽത്ത്കെയർ കൗൺസിൽ രൂപീകരിക്കാൻ കേന്ദ്രസർക്കാർ നിഷ്കർഷിച്ച കാലാവധി അവസാനിച്ചോ എന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത കൗൺസിൽ സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ഇതര സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാലകളിലും യു.ജി.സി. അംഗീകരിച്ച കൽപ്പിത സർവ്വകലാശാലകളിലും പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് സംസ്ഥാന പാരാമെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യാൻ കഴിയുന്നില്ലെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധിക്ക് എപ്പോൾ പരിഹാരം കാണുമെന്ന് വ്യക്തമാക്കാമോ?

## മഴക്കാലജന്യരോഗങ്ങൾ പടരാതിരിക്കുന്നതിനുള്ള നടപടികൾ

5712 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലജന്യരോഗങ്ങൾ പടരാതിരിക്കുന്നതിന് ഈ വർഷം സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത ഇനത്തിൽ എത്ര തുക ഈ വർഷം ചെലവഴിച്ചുവെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) ഈ വർഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ഡെങ്കിപ്പനി, എലിപ്പനി, മറ്റ് കൊതുകുജന്യ, ജലജന്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## ഡോക്ടർമാർക്കും ഹൗസ് സർജൻമാർക്കും നേർക്കുണ്ടായ അതിക്രമങ്ങൾ

5713 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്യൂട്ടിക്കിടയിൽ സർക്കാർ ഡോക്ടർമാർക്കും ഹൗസ് സർജൻമാർക്കും നേർക്കുണ്ടായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 2021 മുതൽ ലഭിച്ചിട്ടുള്ള പരാതികളുടെ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരാതികളിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കാമോ?

## സാംക്രമിക രോഗ നിയന്ത്രണത്തിന് ആവിഷ്കരിച്ച പദ്ധതികൾ

5714 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംക്രമിക രോഗങ്ങളുടെ നിയന്ത്രണത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## സ്വകാര്യ ആശുപത്രികളുടെയും ക്ലിനിക്കൽ ലബോറട്ടറികളുടെയും പ്രവർത്തനം

5715 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളുടെയും ക്ലിനിക്കൽ ലബോറട്ടറികളുടെയും പ്രവർത്തനം നിയന്ത്രിക്കാൻ കേന്ദ്രനിയമത്തിന്റെ മാതൃകയിൽ നിയമനിർമ്മാണം നടത്തിയെങ്കിലും പ്രസ്തുത നിയമം പാലിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) നിയമം കർശനമായി നടപ്പാക്കാത്തതിന്റെ അഭാവത്തിൽ സ്വകാര്യ ആശുപത്രികളിലെയും ലബോറട്ടറികളിലെയും ജീവനക്കാരുടെ യോഗ്യത ഉറപ്പുവരുത്താനും സേവന നിലവാരം ഉറപ്പാക്കാനും സാധിക്കാതെ പോയത് സ്വകാര്യ ആശുപത്രികൾക്കും ലബോറട്ടറികൾക്കും വൻചൂഷണത്തിന് വഴിയൊരുക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓരോ സ്വകാര്യ ആശുപത്രിയിലും ലാബിലും ചികിൽസാസംബന്ധമായ തുകയും ടെസ്റ്റിംഗ് ഫീസും പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അപസ്മാര രോഗിയെ മർദ്ദിച്ച സംഭവം

5716 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അപസ്മാര രോഗിയെ മർദ്ദിച്ച സംഭവവുമായി ബന്ധപ്പെട്ട് അത്യാഹിത വിഭാഗത്തിലെ സി.സി.ടി.വി. ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) സി.സി.ടി.വി. ക്യാമറയുടെ ചുമതല ആർക്കായിരുന്നുവെന്നും ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## വിവിധ മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ

5717 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ മെഡിക്കൽ കോളേജുകളിൽ പുതിയതായി എത്ര കിടക്കകൾ അനുവദിച്ചിട്ടുണ്ടെന്ന് മെഡിക്കൽ കോളേജും വർഷവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ പുതിയതായി എത്ര എം.ആർ.ഐ., സി.റ്റി., അൾട്രാ സൗണ്ട് തുടങ്ങിയ സ്കാനിങ് സംവിധാനങ്ങളും എക്സ്-റേ മെഷീനുകളും സ്ഥാപിച്ചിട്ടുണ്ടെന്ന് മെഡിക്കൽ കോളേജ് തിരിച്ചുള്ള ഓരോ വർഷത്തെയും കണക്ക് ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് വിവിധ മെഡിക്കൽ കോളേജുകളിൽ എന്തെല്ലാം ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ഒരുക്കി നൽകിയിട്ടുണ്ട്; റേഡിയോ തെറാപ്പി പോലുള്ള സംവിധാനങ്ങൾ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്; ഈ കാലയളവിൽ ഇത്തരം സംവിധാനം

പുതിയതായി അനുവദിച്ചിട്ടുണ്ടോ; മെഡിക്കൽ കോളേജ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ ക്രിമറ്റോറിയം നിർമ്മാണത്തിനുള്ള ഭൂമികൈമാറ്റം

5718 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ അവണൂർ ഗ്രാമപഞ്ചായത്തിൽ ആധുനിക ക്രിമറ്റോറിയം നിർമ്മാണത്തിനായി തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

## പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ

5719 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജ് സ്ഥാപിതമായത് എന്നാണ്; എന്തൊക്കെ ചികിത്സാ സംവിധാനങ്ങളാണ് അവിടെ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജ് ആരംഭിച്ച് പത്ത് വർഷം കഴിഞ്ഞിട്ടും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഹോസ്റ്റൽ, ലാബുകൾ, ചികിത്സ ഉപകരണങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനും കാര്യമായ പുരോഗതി കൈവരിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) അധ്യാപകരുടെ അഭാവവും ഭൗതിക സാഹചര്യങ്ങളുടെ കുറവും പരിഹരിച്ചില്ലെങ്കിൽ പ്രസ്തുത കോളേജിന്റെ അംഗീകാരം റദ്ദാക്കുമെന്ന് നാഷണൽ മെഡിക്കൽ കമ്മീഷൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## മെഡിക്കൽ കോളേജുകളിൽ അഗ്നി സുരക്ഷാ സംവിധാനങ്ങൾ

5720 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അഗ്നിസുരക്ഷാ സംവിധാനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയിലും സ്ഥാപിച്ചിട്ടുള്ള അഗ്നിസുരക്ഷാ ഉപകരണങ്ങളുടെ വിശദാംശങ്ങളും ഇതിനായി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ അഗ്നിസുരക്ഷാ ഉപകരണങ്ങളിൽ ഓരോ മെഡിക്കൽ കോളേജുകളിലും പ്രവർത്തനക്ഷമമായതും അല്ലാത്തതുമായത് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലയിലെ ആശുപത്രികൾ

5721 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും ആശുപത്രി പൂർണ്ണ തോതിൽ എന്ന് സജ്ജമാകുമെന്നും അറിയിക്കാമോ;

(ബി) കാസർഗോഡ് ചട്ടഞ്ചാലിൽ സ്ഥിതി ചെയ്യുന്ന ടാറ്റ ആശുപത്രിയിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്മേലുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിലെ ജില്ലാ ആശുപത്രി ഉൾപ്പെടെയുള്ള ആശുപത്രികളിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും അവ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

## <u>സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം</u>

5722 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കാത്തത് സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ആരോഗ്യവകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ്</u>

5723 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിലെ ജോലിഭാരം കണക്കിലെടുത്ത് വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ആരോഗ്യമേഖലയിൽ കാതലായ പുരോഗതി കൈവരിക്കുന്നതിനായി എന്തൊക്കെ പുതിയ പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിച്ചിട്ടുള്ളവരുടെ വിശദാംശം ലഭ്യമാക്കുമോ; സർക്കാർ നിർദേശത്തിന് വിരുദ്ധമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ആരെങ്കിലും സേവനമനുഷ്ഠിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ?

## <u>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ഒഴിവുകൾ</u>

5724 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ഒഴിവുകൾ നിലവിലുണ്ടോ; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ജനകീയ ആരോഗ്യകേന്ദ്രങ്ങളിൽ എം.എൽ.എസ്.പി. (മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർ)മാരുടെ ചുമതല എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ സംസ്ഥാനത്ത് ജോലി ചെയ്യുന്നതും പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ കഴിയാത്തതുമായ എത്ര ഹെൽത്ത് ഇൻസ്പെക്ടർമാർ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ; അവർക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനം

5725 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ കാറ്റഗറി നമ്പർ 418/2019 പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പത്തനംതിട്ട, വയനാട്, ഇടുക്കി, കൊല്ലം, കോട്ടയം തുടങ്ങിയ ജില്ലകളിൽ നാമമാത്രമായ നിയമനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളതെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) റാങ്ക് ലിസ്റ്റ് നിലനിൽക്കേ പ്രസ്തുത തസ്തികയിൽ എത്ര താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ; റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ഇപ്രകാരം താൽക്കാലിക നിയമനം നടത്താനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ നാലുമാസം മാത്രം ബാക്കിനിൽക്കേ 10 ശതമാനം പോലും നിയമനം നടന്നിട്ടില്ല എന്നതിനാൽ അടിയന്തരമായി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ വിവിധ ആശുപത്രികളിലെ സ്റ്റാഫ് നഴ്സുമാരുടെ കുറവ് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് പരിഹരിക്കുന്നതിനായി പോസ്റ്റ് ക്രിയേഷൻ നടത്തുവാൻ സാധിക്കുമോ; വ്യക്തമാക്കുമോ;

(ഇ) ആരോഗ്യവകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ പോസ്റ്റ് ക്രിയേഷൻ നടത്തുന്നത് സംബന്ധിച്ച എം1/116/2024 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പോസ്റ്റ് ക്രിയേഷൻ നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആയുർവേദ മെഡിക്കൽ ഓഫീസർ തസ്തികയിൽ അഡ്വൈസ് ലഭിച്ചവർക്ക് നിയമനം

5726 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യുടെ ആയുർവേദ മെഡിക്കൽ ഓഫീസർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നം. 541/2017) നിന്ന് അഡ്വൈസ് മെമ്മോ ലഭിച്ച എത്ര പേർക്ക് ഇനിയും നിയമനം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്ന് അഡ്വൈസ് ലഭിച്ച ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന 10, 10എ, 11 എന്നീ റാങ്ക് നമ്പറുകളിലുൾപ്പെട്ടവർക്ക് നിയമനം നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ റാങ്കുകാർക്ക് നിയമനം നൽകാതെ പ്രസ്തുത ലിസ്റ്റിൽ നിന്ന് ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന 12, 13 നമ്പർ റാങ്കുകാർക്ക് നിയമനം നൽകാനുള്ള സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ അഡ്വൈസ് മെമ്മോ ലഭിച്ച റാങ്ക് നമ്പർ 10, 10എ, 11 എന്നിവർക്ക് നിയമനം നൽകുന്നതിന് നിലവിൽ നിയമ തടസങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## അരിമ്പൂർ ഗവ. ആയുർവേദ ആശുപത്രിയിലെ ഫാർമസിസ്റ്റ് തസ്തിക

5727 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ അരിമ്പൂർ ഗവ. ആയുർവേദ ആശുപത്രിക്ക് ഫാർമസിസ്റ്റിന്റെ തസ്തിക അനുവദിക്കണമെന്നുള്ള അരിമ്പൂർ പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിരവധി രോഗികൾ ആശ്രയിക്കുന്ന പ്രസ്തുത ആശുപത്രിയിൽ ഫാർമസിസ്റ്റിന്റെ തസ്തിക അനുവദിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## ഹോമിയോപ്പതി വകുപ്പിലെ ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക

5728 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിലെ ചീഫ് മെഡിക്കൽ ഓഫീസർ, മെഡിക്കൽ ഓഫീസർ തസ്തികകളുടെ അനുപാതം എത്രയാണെന്ന് അറിയിക്കാമോ;

(ബി) നിർദേശിക്കപ്പെട്ട അനുപാതമാണോ എല്ലാ ജില്ലയിലും പ്രസ്തുത തസ്തികകളിലുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ചീഫ് മെഡിക്കൽ ഓഫീസർ തസ്തികകൾ ഏതെല്ലാം ഓഫീസുകളിലാണുള്ളതെന്നും പുതുതായി ചീഫ് മെഡിക്കൽ ഓഫീസർ തസ്തികൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

## ദന്തൽ സർജൻമാരുടെ നിയമനം

5729 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദന്തരോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ താലൂക്കാശുപത്രികളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ദന്തൽ സർജൻമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാമോ; അതിനായുള്ള തസ്തിക സൃഷ്ടിച്ച് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കാമോ?

## ആദിവാസി മേഖലയിൽ സമഗ്ര ആരോഗ്യ പരിപാടി

5730 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലയിൽ സമഗ്ര ആരോഗ്യ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദമാക്കാമോ?

## ആർ.സി.സി.യിലെ സൈബർ ആക്രമണം

5731 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.യിൽ നടന്ന സൈബർ ആക്രമണത്തിലൂടെ രോഗികളുടെ ആരോഗ്യവിവരങ്ങൾ ചോർന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഏതെല്ലാം സോഫ്റ്റ്‌വെയറുകളിലാണ് സൈബർ ആക്രമണം നേരിട്ടതെന്നും പ്രസ്തുത ഗുരുതര പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ;

(ബി) സൈബർ ആക്രമണത്തിന്റെ ഫലമായി രോഗികളുടെ ആരോഗ്യവിവരങ്ങൾ ചോർന്നിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനയിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്നും ഏതെല്ലാം വിവരങ്ങളാണ് ചോർന്നിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

## ദീർഘകാല അവധിയിലുള്ള ജീവനക്കാർ

5732 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിൽ എത്ര ജീവനക്കാർ ദീർഘകാല അവധിയിൽ തുടരുന്നുണ്ടെന്ന് തസ്തിക തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരിൽ അനുവദിച്ച അവധിയുടെ കാലാവധി കഴിഞ്ഞും തിരികെ ജോലിയിൽ പ്രവേശിക്കാത്ത എത്ര ജീവനക്കാർ ഉണ്ടെന്ന് അറിയിക്കാമോ;

(സി) ഇത്തരത്തിൽ ജോലിയിൽ തിരികെ പ്രവേശിക്കാത്ത ജീവനക്കാർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

## സ്പൈനൽ മസ്കുലാർ അട്രോഫി-യ്ക്ക് സൗജന്യ മരുന്ന് വിതരണം

5733 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപൂർവ രോഗമായ സ്പൈനൽ മസ്കുലാർ അട്രോഫി (എസ്.എം.എ.) ബാധിച്ച എത്ര കുട്ടികൾക്കാണ് ഇതുവരെ സൗജന്യമായി മരുന്ന് വിതരണം ചെയ്തത് എന്നറിയിക്കാമോ; ഏത് പ്രായം വരെയുള്ള കുട്ടികൾക്കാണ് നിലവിൽ സൗജന്യ മരുന്ന് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കാക്കനാട് ഫ്ലാറ്റിലുണ്ടായ ആരോഗ്യപ്രശ്നങ്ങൾ

5734 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭയിൽ ഉൾപ്പെടുന്ന കാക്കനാട് ഫ്ലാറ്റ് സമുച്ചയത്തിലെ താമസക്കാർക്ക് ഛർദ്ദിയും വയറിളക്കവും ഉണ്ടായ സാഹചര്യത്തെപ്പറ്റി വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത രോഗബാധയുടെ യഥാർത്ഥ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>പോസ്റ്റ്മോർട്ടം നടപടികളിലെ സങ്കീർണ്ണതകൾ</u>

5735 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോസ്റ്റ്മോർട്ടം നടപടികളിലെ സങ്കീർണ്ണതകളും കാലതാമസവും മൂലം അനുഭവപ്പെടുന്ന പ്രയാസങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പോലീസ് സർജൻ ഉള്ള ആശുപത്രികൾ ഏതൊക്കെയാണ്;

(സി) കോതമംഗലം താലൂക്ക് ആശുപത്രി ഉൾപ്പെടെയുള്ള മുഴുവൻ താലൂക്ക് ആശുപത്രികളിലും പോലീസ് സർജൻമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ബന്ധുക്കളും പോലീസും ആവശ്യപ്പെട്ടാലും പോലീസ് സർജൻ തന്നെ പോസ്റ്റ്മോർട്ടം ചെയ്യണമെന്ന നിലപാടെടുക്കുന്ന ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) വൈകിട്ട് നാലു മണിക്ക് ശേഷം പോസ്റ്റ്മോർട്ടം നടത്താൻ അനുവദിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) സ്വകാര്യ ആശുപത്രികളിൽ പോസ്റ്റ്മോർട്ടം നടത്താൻ അനുവദിക്കുമോ;

(ജി) അപകടമരണത്തിൽപെടുന്നവരുടെ സംസ്കാര ചടങ്ങിന്റെ കാലതാമസം ഒഴിവാക്കുന്നതിന്, അപകടമരണവുമായി ബന്ധപ്പെട്ട നിയമ സാങ്കേതിക നടപടികൾ ഏകോപിപ്പിക്കുന്നതിനായി റവന്യൂ-ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ സ്ഥിരമായി ചുമതലപ്പെടുത്താൻ ആരോഗ്യ വകുപ്പ് മുൻകൈ എടുത്ത് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>തലാസീമിയ രോഗികൾ നേരിടുന്ന പ്രശ്നങ്ങൾ</u>

5736 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലാസീമിയ രോഗികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ (നം.7180876/2023/മിൻ(ഹെൽത്ത്)

ആരോഗ്യ വകുപ്പ് ഡയറക്ടർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകളും, റിപ്പോർട്ടുകൾ എന്തെങ്കിലും ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകളും ലഭ്യമാക്കുമോ;

(സി) തലാസീമിയ രോഗികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളുടെ സുരക്ഷാ സംവിധാനം</u>

5737 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ ആക്രമണങ്ങൾ ചെറുക്കുന്നതിനും രോഗികളുടെ വിവരങ്ങൾ സംരക്ഷിക്കുന്നതിനും സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തെ വിവിധ ആശുപത്രികളിലെ സോഫ്റ്റ്‌വെയറുകളിൽ എത്ര സൈബർ ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ടെന്നും രോഗികളുടെ ആരോഗ്യ വിവരങ്ങൾ ചോർത്തിയതായി കണ്ടെത്തിയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അറിയിക്കാമോ; ഇക്കാര്യങ്ങളിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച പഠനം</u>

5738 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം നാളിതുവരെ സംസ്ഥാനത്ത് സ്ട്രോക്ക്, ഹൃദയാഘാതം എന്നിവ മൂലം മരണപ്പെട്ട 55 വയസ്സിന് താഴെയുള്ളവരുടെ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കോവിഡാനന്തരം ആരോഗ്യമുള്ളവർ പെട്ടെന്ന് കുഴഞ്ഞ് വീണ് മരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ;

(സി) കോവിഡ് വാക്സിനേഷന്റെ പാർശ്വഫലങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കോവിഡ് ബാധിച്ചതിനെ തുടർന്നുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>കോവിഡ് പ്രതിരോധ വാക്സിന്റെ പാർശ്വഫലങ്ങൾ</u>

5739 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിരോധ വാക്സിൻ സ്വീകരിച്ച വ്യക്തികളിൽ പാർശ്വഫലങ്ങൾ ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ എന്തൊക്കെ പാർശ്വഫലങ്ങളാണ് കണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പുതുതായി അനുവദിച്ച നഴ്സിംഗ് കോളേജുകൾ

5740 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പുതുതായി എത്ര നഴ്സിംഗ് കോളേജുകൾ അനുവദിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജുകളിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(സി) പുതുതായി നിലവിൽ വന്ന അസിസ്റ്റന്റ് പ്രൊഫസർ ഇൻ നഴ്സിംഗ് റാങ്ക് പട്ടികയിൽ നിന്ന് എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നും ഇനി എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ നഴ്സിംഗ് കോളേജുകളിൽ നഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള പത്ത് കുട്ടികൾക്ക് ഒരു അദ്ധ്യാപകൻ എന്ന അനുപാതം പാലിക്കുന്നുണ്ടോ; വിശദമാക്കാമോ?

## 2024 വർഷത്തെ ബി.എസ്.സി നേഴ്സിംഗ് കോഴ്സ് പ്രവേശനം

5741 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2024 വർഷത്തെ ബി.എസ്.സി. നഴ്സിംഗ് കോഴ്സ് പ്രവേശനത്തിനായി എൻട്രൻസ് പരീക്ഷ നടത്തുന്നതിനായുള്ള നടപടികൾ എന്തായി എന്ന് വിശദമാക്കാമോ; പ്രസ്തുത കോഴ്സിലേക്കുള്ള 2024 വർഷത്തെ പ്രവേശനം എൻട്രൻസ് പരീക്ഷ മുഖാന്തിരമാണോ നടത്തുന്നതെന്ന് അറിയിക്കാമോ;

(ബി) 2023 വർഷത്തിൽ സ്വകാര്യ നഴ്സിംഗ് കോളേജുകളിലെ സർക്കാർ മെറിറ്റ് സീറ്റിൽ സ്വകാര്യ കോളേജുകൾ സ്വന്തം നിലയിൽ അഡ്മിഷൻ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകാമോ?

## മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

5742 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രജിസ്ട്രേഷൻ പൂർത്തിയാക്കാൻ വൈകുന്നതിനാൽ വിദേശത്ത് പഠനം നടത്തിയവർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യാൻ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) നിലവിൽ ഇതിനായി എന്നുവരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കിയെന്നും എന്നു മുതലുള്ള അപേക്ഷകളിൽ രജിസ്ട്രേഷൻ നൽകാനുണ്ടെന്നും അറിയിക്കാമോ; രജിസ്ട്രേഷൻ നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

**ആലപ്പുഴ മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ എണ്ണം**

5743 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ വിവിധ ഡിപ്പാർട്ട്മെന്റുകളിലായി അനുവദിക്കപ്പെട്ട ഡോക്ടർമാരുടേയും നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പടെയുള്ള മറ്റ് ജീവനക്കാരുടേയും അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണവും പ്രസ്തുത തസ്തികകളിൽ ഇപ്പോൾ നിലവിലുള്ള ഒഴിവുകളുടെ എണ്ണവും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിയമിക്കപ്പെട്ട ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റു മെഡിക്കൽ കേളേജുകളിൽ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങളിലെ ഡോക്ടർമാരാണ് ഇപ്രകാരം ജോലി ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിന്നും ഒഴിവാക്കി നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ തന്നെ ജോലി ചെയ്യുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

**വിളവൂർക്കൽ ഹോമിയോ ആശുപത്രി**

5744 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ ഹോമിയോ ആശുപത്രിയെ താലൂക്കാസ്ഥാന ആശുപത്രിയായി ഉയർത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) ഹോമിയോപ്പതി മേഖലയുമായി ബന്ധപ്പെട്ട് കാട്ടാക്കട മണ്ഡലത്തിൽ 2016 മെയ് മുതൽ 2024 മെയ് വരെ നടന്ന വികസന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**പരിയാരം സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിലെ പി.ജി. കോഴ്സുകൾ**

5745 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിൽ നിലവിൽ നടന്നുവരുന്ന പി.ജി. കോഴ്സുകൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര വിദ്യാർത്ഥികൾ പി.ജി. കോഴ്സിന് പഠിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ പ്രസ്തുത സ്ഥാപനത്തിൽ ആരംഭിക്കാൻ സാധിക്കുന്ന പി.ജി. കോഴ്സുകൾ ഏതൊക്കെയാണ്; ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കേരളത്തെ ആയുർവേദ ചികിത്സയുടെ ഹബ്ബ് ആക്കിമാറ്റാൻ നടപടി

5746 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദ ചികിത്സയുടെ ഹബ്ബ് ആക്കി മാറ്റാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയുർവേദ ചികിത്സയുടെ മഹത്വം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് സ്കൂൾതലം മുതൽ വിപുലമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കാട്ടാക്കട മണ്ഡലത്തിലെ ആയുർവേദ രംഗത്തെ വികസന പ്രവർത്തനങ്ങൾ

5747 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ 2016 മെയ് മുതൽ 2024 മെയ് വരെ ആയുർവേദ മെഡിക്കൽ രംഗത്ത് നടന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

## ആയുർവേദ ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം

5748 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവേദ ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ആയുർവേദ ആശുപത്രികൾ

5749 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ആയുർവേദ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും വിശദാംശം ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽനിന്നും എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്നും ഓരോ കേന്ദ്രത്തിലും ഏതെല്ലാം തസ്തികകൾ

നിലവിലുണ്ടെന്നും വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിലെ സർക്കാർ ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ നവീകരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളും ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുകയും വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ ആയുഷ് പദ്ധതികൾ

5750 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ ആയുഷ് വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി വിവരവും വിശദമാക്കാമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ ദേശീയ ആരോഗ്യദൗത്യം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളും അവയുടെ തൽസ്ഥിതിയും വിശദമാക്കുമോ?

## കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള പദ്ധതികൾ

5751 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത ശിശു വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ കൗമാരക്കാരായ പെൺകുട്ടികൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ അങ്കണവാടികൾ

5752 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ എത്ര അങ്കണവാടികൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് പേരുകൾ സഹിതം വ്യക്തമാക്കുമോ;

(ബി) അതിൽ സ്വന്തമായി കെട്ടിടസൗകര്യമുള്ള അങ്കണവാടികൾ ഏതൊക്കെയാണെന്നും സ്വന്തമായി കെട്ടിടം ഉണ്ടെങ്കിലും ശോചനീയവസ്ഥയിലുള്ളവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ ഏതൊക്കെയാണെണെന്നും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ എട്ട് വർഷത്തിനിടെ ശിശുക്ഷേമ വകുപ്പ് ഏതൊക്കെ അങ്കണവാടികൾക്കാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ആലപ്പുഴ ജില്ലയിലെ സ്മാർട്ട് അങ്കണവാടികൾ

5753 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ആലപ്പുഴ ജില്ലയിലെ ഏതൊക്കെ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികൾ ആക്കുന്നതിനായി ഫണ്ട് നൽകിയിട്ടുണ്ടെന്ന് വർഷം, മണ്ഡലം, അനുവദിച്ച തുക എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അങ്കണവാടികളിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചവയുടെ എണ്ണം എത്ര; ഇപ്പോഴും നിർമ്മാണം നടന്നുവരുന്നവയുടെ എണ്ണം എത്ര; വ്യക്തമാക്കുമോ;

(സി) അവയിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്ത അങ്കണവാടികൾ ഏതൊക്കെയാണെന്നും നിർമ്മാണം വൈകുന്നതിന്റെ കാരണം എന്താണെന്നും എന്നത്തേക്ക് അവയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

**ഐ.സി.ഡി.എസ്.പ്രോജക്ടുകളിലെ ജീവനക്കാരുടെ ശമ്പള പ്രതിസന്ധി**

5754 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ ജീവനക്കാരുടെ ശമ്പളം 2024 ജൂൺ മാസം മുതൽ മാറി നൽകേണ്ടതില്ലെന്ന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇത്തരം ഒരു നിർദ്ദേശം നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഐ.സി.ഡി.എസ്.പ്രോജക്ടുകളിലെ ജീവനക്കാരുടെ ശമ്പളയിനത്തിൽ കേന്ദ്രസർക്കാർ നൽകിയിരുന്ന വിഹിതം പൂർണ്ണമായും നിർത്തലാക്കിയിട്ടുള്ളതുമൂലം ജീവനക്കാരുടെ ശമ്പള വിതരണത്തിൽ വന്നിട്ടുള്ള പ്രതിസന്ധി എപ്രകാരമാണ് മറികടക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഐ.സി.ഡി.എസ്.പ്രോജക്ടുകളിലെ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ?

**സോഷ്യൽ വെൽഫെയർ ബോർഡ്**

5755 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ വെൽഫെയർ ബോർഡിന്റെ പ്രവർത്തനം എന്നുമുതലാണ് കേന്ദ്ര സർക്കാർ നിർത്തലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബോർഡിൽ ഇപ്പോൾ എത്ര ജീവനക്കാർ ഉണ്ടെന്ന് വിശദമാക്കാമോ;

(സി) എന്നുമുതലാണ് കേന്ദ്ര സർക്കാർ ഈ ജീവനക്കാർക്കുള്ള സാലറി നിർത്തലാക്കിയതെന്ന് അറിയിക്കുമോ;

(ഡി) എത്ര ജീവനക്കാർക്ക് സോഷ്യൽ വെൽഫെയർ ബോർഡ് പെൻഷൻ ലഭ്യമാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ആരോഗ്യ വകുപ്പിന് കീഴിലുള്ള മറ്റ് ബോർഡുകളിലെ ജീവനക്കാർക്കും ഇതുപോലെ സർക്കാർ പെൻഷൻ നൽകി വരുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(എഫ്) കേന്ദ്ര സർക്കാർ ബോർഡ് നിർത്തലാക്കിയതിന് ശേഷം ജോലിയില്ലാത്ത പ്രസ്തുത ജീവനക്കാർക്ക് സാലറി, മറ്റ് അലവൻസിനങ്ങളിൽ നാളിതുവരെ എത്ര രൂപ നൽകിയിട്ടുണ്ടെന്നതിന്റെ വിശദമായ കണക്ക് ലഭ്യമാക്കാമോ?

## <u>ശക്തി സദൻ ഏറ്റെടുക്കുന്ന നടപടി</u>

5756 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ധർമ്മഗിരി വികാസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ശക്തിസദൻ വകുപ്പ് തലത്തിൽ ഏറ്റെടുക്കാൻ തീരുമാനിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) ശക്തിസദൻ ഏറ്റെടുക്കുന്നതിന്റെ ഉദ്ദേശ്യം എന്തെന്ന് വ്യക്തമാക്കാമോ;

(സി) അതുമായി ബന്ധപ്പെട്ട് ഇനിയുള്ള നടത്തിപ്പ്, ഭരണ നിർവ്വഹണം, ഗ്രാന്റ് എന്നിവ സംബന്ധിച്ച വിഷയങ്ങളിൽ വ്യക്തത വരുത്താമോ?

## <u>ആലപ്പുഴ മണ്ഡലത്തിലെ അങ്കണവാടികൾ</u>

5757 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ എത്ര അങ്കണവാടികൾക്കാണ് സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളതെന്ന് തദ്ദേശസ്ഥാപനം, വാർഡ് എന്നിവ തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(ബി) അങ്കണവാടികൾക്കായി സ്ഥലം വിട്ടുതരുന്നവരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിന് റൊട്ടേഷൻ സമ്പ്രദായം നിലവിൽ ഉണ്ടോ; എങ്കിൽ എത്രാമതായാണ് ഈ വിഭാഗത്തിൽ ഉള്ളവർക്ക് നിയമനം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലം വിട്ടുതരുന്നവരുടെ ആശ്രിതർക്ക് ജോലി നൽകും എന്നുള്ള ആദ്യ ഉത്തരവിൽ സംവരണക്രമം പാലിക്കാൻ വ്യവസ്ഥ ഉണ്ടായിരുന്നോ; വിശദമാക്കാമോ;

(ഡി) ജോലി ലഭിക്കും എന്ന പ്രതീക്ഷയിൽ സ്ഥലം വിട്ടു തന്നവർക്ക് ജോലി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ അയത് ഒഴിവാക്കാൻ റൊട്ടേഷൻ വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി ജീവനക്കാരുടെ ആനുകൂല്യങ്ങൾ</u>

5758 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്നതിന്റെ കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കുമോ; ഏത് സർവീസ് ചട്ടപ്രകാരമാണ് പ്രസ്തുത ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് മെറ്റേർണിറ്റി ലീവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കരാർ പുതുക്കി നിയമിതരാകുന്ന ജീവനക്കാർക്ക് മെറ്റേർണിറ്റി ലീവ് അനുവദിക്കുന്നതിന് എൺപത് ദിവസത്തെ സേവനം വേണമെന്നുള്ള നിബന്ധനയിൽ ഇളവ് വരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തടയാൻ നടപടി</u>

5759 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഹോട്ടലുകളിൽ നിന്നുള്ള ഭക്ഷണം കഴിച്ച് ഭക്ഷ്യവിഷബാധയേൽക്കുകയും മരണം സംഭവിക്കുകയും ചെയ്യുന്നത് ഒഴിവാക്കാൻ ഭക്ഷ്യ സുരക്ഷാവകുപ്പിനെ കൂടുതൽ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) തൃശ്ശൂർ ആസ്ഥാനമായി ഫുഡ് സേഫ്റ്റി ലാബ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരെ നടപടി</u>

5760 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങളിലെ മായം ചേർക്കൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്ത് വില്പന നടത്തിയതിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ഏതെല്ലാം ഭക്ഷ്യ വസ്തുക്കളിലാണ് മായം കണ്ടെത്തിയിട്ടുള്ളത്; അവ ഏതെല്ലാം കമ്പനികളുടെ ഏതെല്ലാം ഉല്പന്നങ്ങളാണ്; വിശദാംശം നൽകുമോ;

(ഡി) മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നവർ, വിൽപ്പന നടത്തുന്നവർ, ആയത് കണ്ടെത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ കുറ്റമറ്റതാക്കി കർശന നിയമനടപടി സ്വീകരിക്കുമോ?

## <u>ഭക്ഷ്യസുരക്ഷാ ലാബുകൾ</u>

5761 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എത്ര ലാബുകൾക്ക് എൻ.എ.ബി.എൽ അക്രിഡിറ്റേഷൻ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

**<u>അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാചകം ചെയ്ത ഭക്ഷണങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ നടപടി</u>**

5762 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാചകം ചെയ്ത ഭക്ഷണങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; പാലിലും, പാൽ ഉല്പന്നങ്ങളിലും ഗുണനിലവാരം ഇല്ലാത്ത പാൽപ്പൊടി ഉൾപ്പെടെയുള്ളവ വ്യാപകമായ തോതിൽ കലർത്തിവിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ തടയാൻ നടപടി</u>**

5763 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷണങ്ങളിൽ രാസപദാർത്ഥങ്ങൾ ചേർത്തുകൊണ്ട് രുചി വർദ്ധിപ്പിച്ച് വിൽപന നടത്തുന്നതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>ഭക്ഷ്യ വിഹിതം വർദ്ധിപ്പിക്കാൻ നടപടി</u>**

5764 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിലൂടെ വിവിധ വിഭാഗങ്ങൾക്ക് നൽകിവരുന്ന ഭക്ഷ്യവിഹിതം നിലവിലുള്ളതിനെക്കാൾ വർദ്ധിപ്പിച്ച് റേഷൻ സംവിധാനത്തെ മെച്ചപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

**<u>റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിന് ശാസ്ത്രീയ ഗോഡൗണുകൾ</u>**

5765 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ- പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അശാസ്ത്രീയമായി നിർമ്മിച്ച വാടക കെട്ടിടങ്ങളിലെ ഗോഡൗണുകളിൽ റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരമായി ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>അവശ്യവസ്തുക്കളുടെ വിലക്കയറ്റം തടയുന്നതിന് നടപടി</u>**

5766 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**

**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലക്കയറ്റം തടയുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം പാലിക്കപ്പെടാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) പൊതുവിപണിയിൽ ഇടപെടുന്നതിന് മതിയായ ഫണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് കുടിശികയിനത്തിൽ നൽകാനുള്ളതെന്ന് അറിയിക്കുമോ;

(സി) സപ്ലൈകോയുടെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വില വർദ്ധിക്കുകയുണ്ടായോ; എങ്കിൽ 2023 മെയ് മാസം മുതൽ നാളിതുവരെ സബ്സിഡി സാധനങ്ങളുടെ വില എത്ര തവണ വർദ്ധിപ്പിച്ചുവെന്നും ഓരോന്നിനും എത്ര ശതമാനം വർദ്ധനയുണ്ടായെന്നും അറിയിക്കാമോ;

(ഡി) പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി ഗുണമേന്മയുള്ള അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>വിശപ്പ് രഹിത കേരളം പദ്ധതി</u>

5767 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ വിശപ്പ് രഹിത കേരളം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ നാളിതുവരെ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## <u>റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി</u>

5768 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് റേഷൻ കാർഡുകൾ മുൻഗണനാ പട്ടികയിലും എ.എ.വൈ. വിഭാഗത്തിലും ഉൾപ്പെടുത്തുന്നതിനായി കുന്നത്തുനാട് മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകളിൽ അനുകൂല തീരുമാനമെടുത്തുവെന്നും എത്ര അപേക്ഷകൾ നിരാകരിച്ചുവെന്നും പഞ്ചായത്ത് തിരിച്ച് എണ്ണം അറിയിക്കാമോ;

(സി) ഇനിയും തീരുമാനമെടുത്തിട്ടില്ലാത്ത അപേക്ഷകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## <u>മുൻഗണനാ റേഷൻ കാർഡ് അനുവദിക്കാനും മാവേലി സ്റ്റോറുകളിലെ നിത്യോപയോഗ സാധനങ്ങൾ ഉറപ്പാക്കാനും നടപടി</u>

5769 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരം സ്ക്വയർഫീറ്റ് വിസ്തൃതിക്ക് മുകളിൽ വിസ്തൃതിയുള്ള വീടുള്ളതുമൂലം കിഡ്നി രോഗികളായ ധാരാളം പേർക്ക് മുൻഗണനാ റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെടുമെന്നതിനാൽ ആയിരം സ്ക്വയർഫീറ്റ് വിസ്തൃതിക്ക് മുകളിൽ വീടുള്ള കിഡ്നി രോഗികൾക്ക് മുൻഗണനാ റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ, പ്രത്യേകിച്ച് ഏറനാട് താലൂക്കിൽ റേഷൻ കടകളിൽ പുഴക്കലരി ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ, പ്രത്യേകിച്ച് ഏറനാട് താലൂക്കിലും മഞ്ചേരി നിയോജകമണ്ഡലത്തിന്റെ കീഴിലുള്ള റേഷൻ കടകളിലും ആവശ്യത്തിന് പുഴക്കലരി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) മഞ്ചേരി മണ്ഡലത്തിലെ മാവേലി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) മലപ്പുറം ജില്ലയിലെ എല്ലാ മാവേലി സ്റ്റോറുകളിലും സബ്സിഡി സാധനങ്ങൾ ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ?

## അനധികൃതമായി കൈവശം വച്ചിരുന്ന മുൻഗണനാ കാർഡുകൾ

5770 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി കൈവശം വച്ചിരുന്ന എത്ര മുൻഗണനാ കാർഡുകളാണ് പാലക്കാട് ജില്ലയിൽ നിന്നും പിടിച്ചെടുത്തതെന്ന് താലൂക്ക് തലത്തിൽ വിശദമാക്കുമോ?

## കാസർകോട് ജില്ലയിൽ പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ

5771 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിനും പുതിയ അംഗത്തെ കാർഡിൽ ഉൾപ്പെടുത്തുന്നതിനും ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർകോട് ജില്ലയിൽ കഴിഞ്ഞ ഒരു വർഷം ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകളിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;

(സി) അപേക്ഷകൾ തീരുമാനമാകാതെ ബാക്കിയുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) തീരുമാനമായ അപേക്ഷകൾ, അവ ലഭിച്ച് എത്ര ദിവസത്തിനുള്ളിലാണ് തീർപ്പാക്കിയതെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പുതിയ അംഗത്തെ ഉൾപ്പെടുത്തുന്നതിനും പുതിയ റേഷൻ കാർഡിനുമുള്ള അപേക്ഷകളിൽ അപേക്ഷിച്ച ദിവസം തന്നെ തീരുമാനമാകണമെന്ന്

സേവനാവകാശ നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതനുസരിച്ച് അപേക്ഷകളിൽ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിൽ വിതരണം ചെയ്ത റേഷൻ കാർഡുകളുടെ എണ്ണം

5772 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ വിതരണം ചെയ്ത റേഷൻകാർഡുകളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത മണ്ഡലത്തിൽ എത്ര റേഷൻ കാർഡുകൾ വിതരണം ചെയ്തെന്ന് അറിയിക്കാമോ?

## റേഷൻ മുൻഗണനാ കാർഡുകളുടെ സറണ്ടർ പദ്ധതി

5773 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി. വി. അൻവർ**
**ശ്രീ. ആന്റണി ജോൺ**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയ റേഷൻ മുൻഗണനാ കാർഡുകളുടെ സറണ്ടർ പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സറണ്ടർ ചെയ്ത മുൻഗണനാ കാർഡുകളടക്കം കൂടുതൽ മുൻഗണനാ കാർഡുകൾ അർഹതപ്പെട്ടവരിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അരികുവൽകൃത സമൂഹങ്ങൾക്കായി മുൻഗണനാ കാർഡുകൾ വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മുൻഗണനാ കാർഡുകൾ കൂടുതൽ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി

5774 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

## തുറശ്ശേരി മുക്കിൽ പുതിയ റേഷൻ കട

5775 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ ഗ്രാമപഞ്ചായത്തിലെ തുറശ്ശേരിമുക്കിൽ പുതിയതായി റേഷൻ കട ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

## കുറ്റ്യാടി നിയോജകമണ്ഡലത്തിൽ കെ-സ്റ്റോറുകൾ

5776 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പുതുതായി കെ-സ്റ്റോറുകൾ അനുവദിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

**<u>റേഷൻ വിതരണം</u>**

5777 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് വിട്ടെടുപ്പ് നടത്തുന്ന വാഹന കോൺട്രാക്ടർമാർക്ക് നിലവിൽ എത്ര മാസത്തെ കുടിശിക നൽകാനുണ്ടെന്നും പ്രസ്തുത തുക എപ്പോൾ കൊടുത്തു തീർക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) എൻ.എഫ്.എസ്.എ. ഡിപ്പോകളിൽ നിന്ന് റേഷൻ കടകളിലേക്ക് ഭക്ഷ്യ ഉല്പന്നങ്ങൾ വിതരണം നടത്തുന്ന വാഹന കോൺട്രാക്ടർമാർക്ക് നിലവിൽ എത്ര മാസത്തെ കുടിശിക നൽകാനുണ്ടെന്നും പ്രസ്തുത തുക എപ്പോൾ കൊടുത്തു തീർക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(സി) സപ്ലൈകോ ഔട്ട് ലെറ്റുകളിൽ സബ്സിഡി ഇനത്തിൽ നൽകുന്ന ഭക്ഷ്യ ഉല്പനങ്ങളുടെ വിതരണം നിലച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്നും എന്നുമുതലാണ് വിതരണം നിലച്ചിട്ടുള്ളതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) സപ്ലൈകോ മുഖേനയുള്ള പഞ്ചസാരയുടെയും കെ-റൈസിന്റെയും വിതരണം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) സപ്ലൈകോ ജീവനക്കാരുടെ ശമ്പള വിതരണത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>പിറവം മണ്ഡലത്തിലെ കെ-സ്റ്റോർ പദ്ധതി</u>**

5778 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കെ-സ്റ്റോർ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പിറവം മണ്ഡലത്തിലെ ഏതെല്ലാം സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പിറവം മണ്ഡലത്തിൽനിന്നും പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>കേന്ദ്രസർക്കാർ നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ്</u>**

5779 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നിലവിൽ സംസ്ഥാനത്തിന് പ്രതിമാസം നൽകുന്ന റേഷൻ ഭക്ഷ്യധാന്യങ്ങളുടെ അളവ് ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഭക്ഷ്യധാന്യങ്ങൾക്ക് കേന്ദ്രസർക്കാർ ഈടാക്കുന്ന വിലയും സംസ്ഥാനസർക്കാർ ഇവയ്ക്ക് അനുവദിക്കുന്ന സബ്സിഡി നിരക്കുകളും എത്ര വീതമെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(സി) കേരളത്തിൽ മുൻപ് ലഭിച്ചിരുന്ന അളവിൽ റേഷൻ ഭക്ഷ്യധാന്യങ്ങൾ കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## റേഷൻ വ്യാപാരികളുടെ കമ്മീഷൻ

5780 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കാലത്ത് സൗജന്യ ഭക്ഷ്യകിറ്റുകളും ഓണകിറ്റുകളും വിതരണം ചെയ്തുവകയിലുള്ള, റേഷൻ വ്യാപാരികളുടെ കമ്മീഷൻ തുക ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശികയില്ലാതെ കമ്മീഷൻ തുക നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മുൻഗണനാ വിഭാഗത്തിലെ സൗജന്യ റേഷൻ

5781 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ വിഭാഗത്തിലെ മൂന്നംഗ കുടുംബത്തിന് ആളൊന്നിന് എത്ര കിലോ അരിയും ആട്ടയുമാണ് സൗജന്യമായി റേഷൻ വിതരണ കേന്ദ്രത്തിലൂടെ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കെ-സ്റ്റോർ

5782 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകടകൾ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) മിനിമം താങ്ങുവില നിശ്ചയിച്ചിട്ടുള്ള കാർഷികോൽപ്പന്നങ്ങളുടെ സംഭരണവും വിൽപ്പനയും നടത്തുന്നതിന് കെ-സ്റ്റോറുകൾ മുഖേന ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വ്യക്തമാക്കാമോ;

(സി) വ്യവസായ വകുപ്പുമായി ചേർന്ന് കെ-സ്റ്റോർ മുഖേന ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ?

## ഓപ്പറേഷൻ യെല്ലോ പദ്ധതി

5783 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടത്തിവരുന്ന ഓപ്പറേഷൻ യെല്ലോ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കുമോ?

## വിലക്കയറ്റം നിയന്ത്രിക്കാൻ കൈക്കൊള്ളുന്ന നടപടികൾ

5784 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില അനിയന്ത്രിതമായി കൂടുന്ന സാഹചര്യത്തിൽ പഴവർഗങ്ങൾ, പച്ചക്കറി, മീൻ അടക്കമുള്ളവയുടെ വിലകുറയ്ക്കാൻ കൈക്കൊള്ളുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## പൊതു വിപണിയിലെ അരി വില നിയന്ത്രണം

5785 **ശ്രീ പി എസ് സുപാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണിയിലെ ശക്തമായ ഇടപെടലുകളുടെ ഫലമായി രാജ്യത്ത് വിലക്കയറ്റം ഏറ്റവും ഫലപ്രദമായി പിടിച്ചുനിർത്തിയത് ഉപഭോക്തൃ സംസ്ഥാനമായ കേരളമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പൊതു വിപണിയിലെ അരിയുടെ വില നിയന്ത്രിക്കുന്നതിനു വേണ്ടി നടത്തിയ ഇടപെടലുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) അടുത്തകാലത്തായി അരിയുടെ വില അനിയന്ത്രിതമായ നിലയിൽ വർദ്ധിച്ച സാഹചര്യത്തിൽ സാധാരണ ജനങ്ങൾക്ക് അരിയെത്തിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## സപ്ലൈകോയുടെ അൻപതാം വാർഷികാഘോഷം

5786 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ അവശ്യ സാധനങ്ങൾ എത്തിക്കുന്നതിന് സാമ്പത്തിക പ്രതിസന്ധി തടസ്സമായി നിൽക്കെ സപ്ലൈകോയുടെ അൻപതാം വാർഷികാഘോഷത്തിന് വലിയ തുക ചെലവാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## ഫോർട്ടിഫൈഡ് ചെയ്ത അരി

5787 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളിൽ നിന്നും മാവേലി സ്റ്റോറുകളിൽ നിന്നും ലഭിക്കുന്ന അരി ഫോർട്ടിഫൈഡ് ആണോയെന്ന് വ്യക്തമാക്കാമോ;

(ബി) സിവിൽ സപ്ലൈസ് വകുപ്പ് ഏതൊക്കെ സ്കീമുകൾ മുഖേനയാണ് ഫോർട്ടിഫൈ ചെയ്ത അരി നൽകുന്നതെന്ന് അറിയിക്കാമോ;

(സി) അരി ഫോർട്ടിഫൈ ചെയ്യുന്നത് എങ്ങനെയെന്നും ഇതുകൊണ്ടുള്ള ഗുണങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

## നെൽ സംഭരണത്തിലെ കേന്ദ്ര വിഹിതം

5788 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ വില എങ്ങനെയാണ് കർഷകരിലേയ്ക്ക് എത്തിക്കുന്നത്;

(ബി) കേന്ദ്ര സർക്കാർ നെൽസംഭരണത്തിന് നിശ്ചയിട്ടുള്ള തുക എത്രയാണ്; ഈ തുക സംസ്ഥാനത്തെ നെൽകർഷകർക്ക് എങ്ങനെയാണ് നൽകുന്നത്;

(സി) കേന്ദ്ര വിഹിതം ഇപ്പോൾ കുടിശ്ശികയായുണ്ടോ ; ഏത് സീസണിലേതാണെന്നും എത്ര തുകയാണ് കുടിശ്ശിക ആയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; ഈ തുക സംസ്ഥാന സർക്കാർ നേരത്തേ തന്നെ നെൽകർഷകർക്ക് വിതരണം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) കേന്ദ്രവിഹിതം ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കാമോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ?

## സപ്ലൈകോ ബ്രാൻഡിൽ പുതിയ ഉല്പന്നങ്ങൾ

5789 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി ബ്രാൻഡിൽ സപ്ലൈകോ പുതുതായി പുറത്തിറക്കാൻ ഉദ്ദേശിക്കുന്ന ഉല്പന്നങ്ങൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) കുറഞ്ഞ ചെലവിൽ മരുന്നുകൾ നൽകുന്നതിന് സപ്ലൈകോ പുതിയ പദ്ധതി ആലോചിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

## പി.ആർ.എസ്. വായ്പ

5790 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ആർ.എസ്. വായ്പയുടെ അപേക്ഷാ ഫോറം പരിഷ്കരിച്ചതുമൂലം കർഷകർ സപ്ലൈകോയുടെ ബാധ്യത ഏറ്റെടുക്കേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) പി.ആർ.എസ്. വായ്പാ അപേക്ഷാ ഫോമിൽ മലയാളംകൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ;

(സി) സംഭരിച്ച നെല്ലിന്റെ വില പി.ആർ.എസ്. വായ്പയായി കൈപ്പറ്റാത്ത കർഷകർക്ക് നെല്ല് സംഭരിച്ച ദിവസം മുതൽ നെല്ലിന്റെ വില നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നൽകുന്നതുവരെയുള്ള കാലയളവിൽ ബാങ്ക് പലിശ നൽകാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി

5791 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മാവേലി സ്റ്റോർ, സപ്ലൈകോ, സൂപ്പർ മാർക്കറ്റുകൾ മുഖേനയുള്ള സബ്സിഡി

5792 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ മാവേലി സ്റ്റോർ, സപ്ലൈകോ, സൂപ്പർ മാർക്കറ്റ് എന്നിവ മുഖേന ഓരോ വർഷവും എത്ര രൂപയുടെ സബ്സിഡി ജനങ്ങൾക്ക് നൽകിയിട്ടുണ്ട് എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സബ്സിഡി ഉല്പന്നങ്ങൾക്ക് വില കൂട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വില വർദ്ധനവുണ്ടായെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) സബ്സിഡി ഉല്പന്നങ്ങളുടെ ഇപ്പോഴത്തെ വിലയും, ഇതേ ഉല്പന്നങ്ങളുടെ പൊതു മാർക്കറ്റിലെ വിലയും എത്രയെന്ന് വ്യക്തമാക്കാമോ?

## വിതരണക്കാർക്ക് സപ്ലൈകോ നൽകാനുള്ള കുടിശിക

5793 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ സാധനങ്ങൾ നൽകിയ വിതരണക്കാർക്ക് എന്തു തുകയാണ് പ്രതിഫലമായി നൽകാനുള്ളത്; എത്ര നാളത്തെ കുടിശികയാണ് നൽകാനുള്ളത്; എത്ര വിതരണക്കാരാണ് പട്ടികയിലുള്ളത്; ഇവരുടെ പട്ടികയും കൊടുക്കാനുള്ള തുകയും എന്നു മുതൽ എന്നുവരെയുള്ള കുടിശിക എന്നതും മേയ് 31 അടിസ്ഥാനമാക്കി പ്രസിദ്ധപ്പെടുത്താമോ;

(ബി) വിതരണക്കാർക്ക് നൽകേണ്ട കുടിശിക ഉൾപ്പെടെ സപ്ലൈകോയുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത് നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

## സപ്ലൈകോയുടെ അൻപതാം വാർഷികം പ്രമാണിച്ച് പുതിയ പദ്ധതികൾ

5794 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. ലിന്റോ ജോസഫ്**

**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ അൻപതാം വാർഷികം പ്രമാണിച്ച് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ജനക്ഷേമകരമായ പദ്ധതികളിലൂടെ സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ശസ്ത്രക്രിയ ഉപകരണങ്ങൾ അടക്കം വിപണനം ചെയ്യുന്നതിന് സപ്ലൈകോ മെഡിമാർട്ട് എന്ന പേരിൽ കൂടുതൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സ്വന്തം ബ്രാൻഡിൽ കൂടുതൽ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

## <u>തിരുവനന്തപുരം ജില്ലയിലെ കെ-സ്റ്റോറുകൾ</u>

5795 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര കെ-സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) കെ-സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

## <u>പൊതുവിതരണ വകുപ്പിൽ നിന്ന് സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർ</u>

5796 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ വകുപ്പിൽ നിന്ന് ഉത്തരവാകുന്ന പല പ്രമോഷൻ തസ്തികകളുടെയും മോണിറ്ററി ബെനിഫിറ്റ് പ്രസ്തുത വകുപ്പിൽ നിന്ന് സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അതേ ഉത്തരവിൽപ്പെട്ട ജീവനക്കാർക്ക് യഥാസമയം ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രമോഷൻ ഉത്തരവിൽ ഉൾപ്പെട്ട, സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് മാസങ്ങൾക്ക് ശേഷവും പുതിയ തസ്തികയിൽ പ്രവേശിക്കാൻ ഉത്തരവ് നൽകാത്തത് മോണിറ്ററി ബെനിഫിറ്റ് ഉൾപ്പെടെ ഭാവിയിലെ പ്രമോഷൻ സാധ്യതകളെ ബാധിക്കുമെന്നതിനാൽ ഇതു പരിഹരിക്കുന്നതിനായി, പ്രമോഷൻ ലഭിക്കുന്നവർ പകരം നിയമനം ലഭിക്കുന്നതുവരെ സപ്ലൈകോ ഹെഡ് ഓഫീസിൽ ജോയിൻ ചെയ്ത് പ്രമോഷൻ ഇഫക്ട് സാധ്യമാക്കാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ;

(സി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പൊതുവിതരണ വകുപ്പിൽ നിന്ന് അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ എന്നീ തസ്തികകളിൽ പ്രമോഷൻ ലഭിച്ച് സപ്ലൈകോയിൽ തുടരുന്ന എത്ര പേരുണ്ടെന്ന് അറിയിക്കാമോ; ഇവർക്ക് എന്നു മുതലാണ് ജൂനിയർ മാനേജർ, ഡിപ്പോ മാനേജർ തസ്തികകളിൽ

പ്രമോഷൻ പ്രാബല്യം സപ്ലൈകോ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവുകൾ ലഭ്യമാക്കാമോ?

## നെല്ല് സംഭരണം

5797 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിനുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർദ്ധനവിന് ആനുപാതികമായി സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കേന്ദ്ര വിഹിതത്തിൽ ഉണ്ടായ വർദ്ധനവിന് തുല്യമായ തുക സംസ്ഥാന വിഹിതത്തിൽ നിന്ന് വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കേന്ദ്രവിഹിതത്തിലെ വർദ്ധനവ് മൂലം കർഷകർക്ക് ലഭിക്കേണ്ട നേട്ടം സംസ്ഥാന വിഹിതം വെട്ടിക്കുറയ്ക്കുന്നതിലൂടെ ഇല്ലാതാക്കുന്ന നടപടി ഒഴിവാക്കുമോ; വിശദാംശം നൽകുമോ?

## സപ്ലൈ ഓഫീസുകൾക്ക് വാഹനം ലഭ്യമാക്കാൻ നടപടികൾ

5798 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ വകുപ്പിന്റെ കീഴിൽ എത്ര താലൂക്ക് സപ്ലൈ ഓഫീസുകളും സിറ്റി റേഷനിംഗ് ഓഫീസുകളും നിലവിലുണ്ടെന്നും അതിൽ സ്വന്തമായി വാഹനമില്ലാത്ത എത്ര ഓഫീസുകൾ ഉണ്ടെന്നും ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) സ്വന്തമായി വാഹനമില്ലാത്തതിനാൽ, പൊതുവിതരണ കേന്ദ്രങ്ങളിലും പൊതുവിപണികളിലും താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലുള്ള പരിശോധനകളിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) സപ്ലൈ ഓഫീസുകൾക്ക് തുടർന്നും വാഹനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി

5799 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളിലും കൺസ്യൂമർഫെഡ് സ്റ്റോറുകളിലും നിത്യോപയോഗ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) കെ-സ്റ്റോർ പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളാണ് റേഷൻ ഷോപ്പ് വഴി നൽകുന്നത്?

## സിവിൽ സപ്ലൈസ് വകുപ്പിന്റെ വാഹനങ്ങൾ

5800 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പിനുകീഴിൽ നിലവിൽ എത്ര വാഹനങ്ങളാണ് ഉപയോഗിക്കുന്നത് എന്നതിന്റെ താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പതിനഞ്ച് വർഷം പഴക്കമുള്ള വാഹനങ്ങൾ ഒഴിവാക്കി പകരം പുതിയ വാഹനങ്ങൾ വാങ്ങാൻ വകുപ്പിന് അനുമതി നൽകിയിട്ടുണ്ടോ; മറ്റു വകുപ്പുകളെപോലെ കരാർ വ്യവസ്ഥയിൽ വാഹനം വാടകയ്ക്ക് എടുക്കുവാൻ വകുപ്പിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) താലൂക്ക് സപ്ലൈ ഓഫീസുകളിൽ ഉപയോഗിക്കാൻ വാഹനമില്ലാത്തതുമൂലം നിലവിലുള്ള ഡ്രൈവർമാർ ജോലിയില്ലാതെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ വകുപ്പിലെ മറ്റ് ജോലികളിലേക്ക് മാറ്റുവാൻ നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) വാഹനമില്ലാത്തതുമൂലം റേഷൻ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും വിലക്കയറ്റവും ഉൾപ്പെടെയുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പരിശോധനകൾ മുടങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വകുപ്പിന്റെ ഉപയോഗത്തിന് ആവശ്യമായ വാഹനസൗകര്യം അടിയന്തരമായി ഏർപ്പെടുത്തുവാൻ നടപടി ഉണ്ടാകുമോ; വ്യക്തമാക്കാമോ?

## കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതം

5801 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതം കൂടി നൽകി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

## റേഷൻ വ്യാപാരികളുടെ വേതന പാക്കേജ് പരിഷ്കരണം

5802 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികളുടെ വേതന പാക്കേജ് പരിഷ്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## മഞ്ചേശ്വരത്ത് താലൂക്ക് സപ്ലൈ ഓഫീസ് കെട്ടിടം

5803 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരത്ത് താലൂക്ക് സപ്ലൈ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നത് പരിഗണനയിൽ ഉണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

## അളവ് തൂക്ക ഉപകരണങ്ങളുടെ പരിശോധന

5804 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ അളവ് തൂക്ക ഉപകരണങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് 2023-24 കാലയളവിൽ ചാർജ് ചെയ്ത കേസുകൾ, ഈടാക്കിയ പിഴസംഖ്യ എന്നിവ സംബന്ധിച്ച കണക്കുകൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## മയക്കുമരുന്ന് നിയന്ത്രിക്കുന്നതിനുള്ള നടപടി

5805 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് ഉണ്ടാക്കുന്നതും ഉപയോഗിക്കുന്നതും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ മയക്കുമരുന്ന് മാഫിയക്കെതിരെ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിക്കുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

## പുതുതായി എക്സൈസ് ഓഫീസുകൾ

5806 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എക്സൈസ് ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പുതുക്കാട് എക്സൈസ് റെയിഞ്ച് ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ എണ്ണം

5807 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർദ്ധിച്ച തോതിലുള്ള മയക്കുമരുന്ന് കേസുകൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥർ എക്സൈസ് വകുപ്പിൽ ഇല്ലെന്ന പരാതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എക്സൈസ് വകുപ്പിൽ ആകെ എത്ര ജീവനക്കാരുടെ തസ്തികകളാണ് നിലവിലുള്ളത്; ജില്ലയും തസ്തികയും തിരിച്ചുള്ള എണ്ണം അറിയിക്കുമോ;

(ഡി) വകുപ്പിൽ നിലവിൽ ആളില്ലാതെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം എത്രയാണ്; ജില്ലയും തസ്തികയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയാൻ നടപടി

5808 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് തലങ്ങളിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാക്കുന്നതിനായി എക്സൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ചെലവഴിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

## കോലഴി എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മാണം

5809 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ കോലഴി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കോലഴി എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ വിംഗ് രൂപീകരണം

5810 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എക്സൈസ് വകുപ്പിൽ പി. ആന്റ് എ.ആർ.ഡി.യുടെ പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷവും മിനിസ്റ്റീരിയൽ വിംഗ് രൂപീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ലഹരി ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ ഫീൽഡിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ചെയ്യേണ്ട യൂണിഫോം ഉദ്യോഗസ്ഥരാണ് ഇപ്പോൾ മിനിസ്റ്റീരിയൽ ജോലി ചെയ്തുവരുന്നതെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരെ ലഹരി ഉപയോഗം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ തടയാൻ എൻഫോഴ്സ്മെന്റിനുവേണ്ടി ഉപയോഗിക്കുന്നതിനും പി. ആന്റ് എ.ആർ.ഡി.യുടെ പഠന റിപ്പോർട്ട് പ്രകാരം മിനിസ്റ്റീരിയൽ വിംഗ് രൂപീകരിക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## റസ്റ്റോറന്റുകൾ വഴിയുള്ള ബിയർ വില്പന

5811 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം സീസണിൽ റസ്റ്റോറന്റുകൾ വഴി ബിയർ വില്പന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തീരുമാനത്തിലൂടെ മദ്യത്തിന്റെ ലഭ്യത കുറയ്ക്കുമെന്ന സർക്കാർ നയം നടപ്പിലാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(സി) റസ്റ്റോറന്റുകൾ വഴി ബിയർ വില്പന നടത്തുവാനുള്ള തീരുമാനം പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## വിദ്യാലയ പരിസരത്തെ ലഹരി വില്പന തടയാൻ നടപടി

5812 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയ പരിസരത്ത് ലഹരി വസ്തുക്കൾ വിൽക്കുന്നവരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാലയ പരിസരത്ത് ലഹരി ഇടപാടുകൾ നടത്തിയ എത്ര പേർക്ക് എതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം

5813 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളുകളിലെയും കോളേജുകളിലെയും ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## കിലയിലെ നിയമനങ്ങൾ

5814 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിലയിലെ വിവിധ തസ്തികകളിൽ സ്ഥിരം, കരാർ, താല്ക്കാലികം എന്നീ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ; നിലവിൽ പ്രസ്തുത പ്രായപരിധി പിന്നിട്ടവർ കിലയിൽ ജോലി ചെയ്യുന്നുണ്ടോയെന്ന് അറിയിക്കുമോ?

## കില ഡയറക്ടർ സ്ഥാനത്തേക്ക് അപേക്ഷ

5815 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കില ഡയറക്ടർ സ്ഥാനത്തേക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് ഈ സർക്കാരിന്റെ കാലയളവിൽ പത്രങ്ങളിൽ പരസ്യം നൽകിയിരുന്നോ; എങ്കിൽ എന്നാണ് പരസ്യം നൽകിയത്; അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി എന്നാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) അപേക്ഷകർക്കുള്ള യോഗ്യതയും മറ്റു വിശദാംശങ്ങളും കിലയുടെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന്

പരസ്യത്തിൽ വ്യക്തമാക്കിയിരുന്നോ; എങ്കിൽ പ്രസ്തുത വിശദാംശങ്ങൾ മേൽപ്പറഞ്ഞ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എന്നാണ് പ്രസിദ്ധീകരിച്ചത്; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

## <u>ആലപ്പുഴ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ്</u>

5816 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിൽ നിലവിൽ എത്ര ജീവനക്കാരാണുള്ളതെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണ പെർമിറ്റിനായി പ്രസ്തുത ഓഫീസിൽ ലഭിക്കുന്ന അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2021 മുതൽ എത്ര അപേക്ഷകളാണ് നിലവിൽ തീർപ്പ് കൽപ്പിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വീട് വയ്ക്കുന്നതിന് വേറെ സ്ഥലമില്ലാത്തവരുടെ അപേക്ഷകൾ ഹെറിറ്റേജ് പദ്ധതി, ഗ്രീൻ സോൺ എന്ന പേരിൽ നിരസിക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ബദൽ മാർഗ്ഗങ്ങൾ ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്നും ഇല്ലായെങ്കിൽ അവർക്ക് ആവശ്യമായ ഇളവുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## <u>കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി</u>

5817 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 15.08.2022-ലെ 186/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുള്ള കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) വൈപ്പിൻകരയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ കണ്ടെയ്നർ റോഡിന് സമീപത്തുള്ള തരിശുഭൂമി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ലോജിസ്റ്റിക് ആന്റ് ഇൻഡസ്ട്രിയൽ പാർക്കിനും മറ്റ് ടൂറിസം പദ്ധതികൾക്കും ഉപയോഗിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## <u>വണ്ടാഴി ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക</u>

5818 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി ഗ്രാമ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇല്ലാത്തത് പഞ്ചായത്തിന്റെ വികസന പ്രവൃത്തികളെ സാരമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കാൻ പ്രസ്തുത ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## കേരള ചിക്കൻ ഔട്ട്‌ലറ്റുകളിൽ ആവശ്യത്തിന് കോഴികൾ

5819 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചിക്കൻ ഔട്ട്‌ലറ്റുകളിൽ ആവശ്യത്തിന് കോഴികളെ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിലെ കേരള ചിക്കൻ ഔട്ട്‌ലറ്റുകളിൽ ആവശ്യത്തിന് കോഴികളെ ലഭ്യമാക്കുന്നതിനായി പുതിയ ഫാം അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷ പരിഗണിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കില ഡയറക്ടർ ജനറൽ നിയമനം

5820 **ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കില ഡയറക്ടർ ജനറൽ സ്ഥാനത്തേക്ക് നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) അപേക്ഷകർക്കു വേണ്ട യോഗ്യതയും മറ്റു വിശദാംശങ്ങളും കിലയുടെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രങ്ങളിൽ പരസ്യം നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ?

## പാലക്കാട് ജില്ലയിലെ പി.എം.ജി.എസ്.വൈ. മുഖേനയുള്ള റോഡ് പ്രവൃത്തികൾ

5821 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പി. എം. ജി.എസ്.വൈ.മുഖേന പാലക്കാട് ജില്ലയിൽ അനുവദിച്ചിട്ടുള്ള റോഡ് പ്രവൃത്തികൾ ഏതെല്ലാമെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഇവയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ കരാർ ഒപ്പു വച്ചതെന്നെന്നും കരാർ ഏറ്റെടുത്തത് ആരെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

## അമൃത് പദ്ധതി

5822 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രസർക്കാരിന്റെ പദ്ധതിയായ അമൃത് ഏതൊക്കെ ജില്ലകളിൽ പൂർത്തിയാക്കിയിട്ടുണ്ടെന്നത് വിശദമാക്കാമോ;

(ബി) അമൃത് പദ്ധതി മുഖേന ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന മറ്റു പദ്ധതികളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) നാളിതുവരെ എത്രകോടി രൂപയുടെ കേന്ദ്രസഹായം പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാക്കാമോ;

(ഡി) അമൃത് പദ്ധതി മുഖേന ഇനി എത്ര കോടി രൂപ കൂടി സർക്കാരിന് ലഭിക്കാനുണ്ട്; പ്രസ്തുത കണക്കുകളുടെ വിവരം ലഭ്യമാക്കാമോ;

(ഇ) അമൃത് പദ്ധതി സംസ്ഥാനത്ത് ആ പേരിലാണോ അതോ മറ്റേതെങ്കിലും പേരിലാണോ നടപ്പിലാക്കി കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റ്</u>

5823 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ ജീവനക്കാരെ സ്ഥലം മാറ്റുന്ന രീതി നിലവിലില്ലാത്ത സാഹചര്യത്തിൽ കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റായി ജോലി ചെയ്തു വരുന്ന കരാർ ജീവനക്കാരെ സ്ഥലം മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) ഇങ്ങനെ ദൂര സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റപ്പെട്ട ജീവനക്കാരിൽ ഭൂരിഭാഗവും വളരെ കുറഞ്ഞ വേതനം ലഭിക്കുന്ന സ്ത്രീ ജീവനക്കാർ ആകയാൽ ഇക്കാര്യത്തിൽ അവർക്കുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളും മറ്റ് പ്രയാസങ്ങളും കണക്കിലെടുത്ത് പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുമോ; വ്യക്തമാക്കുമോ?

## <u>മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ</u>

5824 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി എത്ര തൊഴിലവസരങ്ങളാണ് സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മാലിന്യ സംസ്കരണ രംഗത്ത് പുതിയതായി സ്വകാര്യ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(സി) സർക്കാർ തലത്തിൽ മാലിന്യ സംസ്കരണരംഗത്ത് ഏതൊക്കെ ഏജൻസികളാണ് പ്രവർത്തിക്കുന്നതെന്നും ഇവയിലൂടെ യുവജനങ്ങൾക്ക് എത്ര തൊഴിലവസരങ്ങളാണ് നൽകിയതെന്നും ഏജൻസി തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് ഫോട്ടോ/വീഡിയോ എടുത്ത് നൽകുന്ന വ്യക്തിക്ക് പാരിതോഷികം നൽകുന്ന ക്യാമ്പയിൻ പ്രകാരം എത്ര

വ്യക്തികൾക്കാണ് പാരിതോഷികം നാളിതുവരെ നൽകിയിട്ടുള്ളതെന്ന് തദ്ദേശ സ്ഥാപനം തിരിച്ച് വിവരം ലഭ്യമാക്കാമോ?

**<u>സ്വയം തൊഴിൽ സംഘങ്ങൾക്കു നൽകുന്ന തുക തട്ടിയെടുക്കുന്നത് തടയാൻ നടപടി</u>**

5825 **ശ്രീ. കെ. പി. എ. മജീദ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്വയം തൊഴിൽ സംഘങ്ങൾക്ക് നൽകുന്ന തുക ഗുണഭോക്താക്കളറിയാതെ തട്ടിയെടുത്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരം സംഭവങ്ങളിലെ ഇടനിലക്കാരെ കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇടനിലക്കാർ പണം തട്ടിയെടുക്കുന്നതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>വൈക്കം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ പുതിയ കെട്ടിട നിർമ്മാണം</u>**

5826 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന പുതിയ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം ടെൻഡർ ചെയ്യുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പുതിയ കെട്ടിട നിർമ്മാണത്തിനായി നിലവിലെ കെട്ടിടം പൊളിച്ചുമാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>പെൻഷൻ ലഭ്യമാക്കാൻ നടപടി</u>**

5827 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുന:വിവാഹിതരല്ല എന്ന സാക്ഷ്യപത്രം 2023 ആഗസ്റ്റ് 30-ന് മുൻപേ സമർപ്പിച്ചിരുന്നുവെങ്കിലും കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ 8 ഗുണഭോക്താക്കൾക്ക് 4 മാസത്തെ പെൻഷൻ മുടങ്ങിയത് ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 27.11.2023 തീയതിയിലെ എ3/4173/23 നമ്പർ കത്ത് മുഖേന ഡി.ബി.ടി. സെല്ലിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഗുണഭോക്താക്കൾക്ക് അടിയന്തരമായി കുടിശ്ശിക പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ സ്ഥലംമാറ്റം

5828 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ സ്ഥലംമാറ്റം നടത്തുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റ് തസ്തികയുടെ വിജ്ഞാപനത്തിലോ നിയമന ഉത്തരവിലോ സ്ഥലംമാറ്റം സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെട്ടിട്ടുണ്ടോ; നിലവിലെ അക്കൗണ്ടന്റുമാരുടെ കരാർ കാലാവധി അവസാനിച്ചോയെന്നും കരാർ പുതുക്കുന്നതിന്റെ നിബന്ധനകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ നിലവിലെ വേതന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും അവരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## പി.എം. യുവ പദ്ധതി

5829 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളെ സംരംഭകരാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പി.എം. യുവ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല ആർക്കാണെന്ന് വിശദമാക്കാമോ; പദ്ധതി പ്രകാരം എത്ര പരിശീലന കേന്ദ്രങ്ങളുണ്ടെന്നും എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പരിശീലനം വിജയകരമായി പൂർത്തിയാക്കി പ്രവർത്തിക്കുന്ന എത്ര സംരംഭകർ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## ജനന സർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ

5830 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനന സർട്ടിഫിക്കറ്റിൽ തിരുത്തൽ ആവശ്യമാണെങ്കിൽ നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ജനന സർട്ടിഫിക്കറ്റിൽ എത്ര പ്രാവശ്യമാണ് തിരുത്തൽ അനുവദനീയമെന്ന് വ്യക്തമാക്കാമോ;

(സി) ഒന്നിൽ കൂടുതൽ തവണ തിരുത്തൽ അനുവദനീയമല്ലെങ്കിൽ അതുമൂലം ജനങ്ങൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുട്ടികളുടെയും രക്ഷിതാക്കളുടെയും പേരുകളിൽ പല ഘട്ടങ്ങളിലും തിരുത്തൽ അനിവാര്യമായി വരുമ്പോൾ ഒന്നിൽ കൂടുതൽ തവണ തിരുത്തൽ പാടില്ലെന്ന് നിഷ്കർഷിക്കുന്നത് ഉദ്യോഗാർത്ഥികളുടെ തൊഴിലിനും, വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനും തടസ്സമാകുന്നു എന്നതിനാൽ ഈ വിഷയത്തിൽ അനുകൂല നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>പൂഞ്ഞാർ മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതി</u>

5831 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയ്ക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

## <u>ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടിക സംബ</u>

5832 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽ നിലവിൽ ഭവനരഹിത ഭൂരഹിത അന്തിമ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ സ്വന്തം നിലയിൽ പിന്നീട് ഭൂമി വാങ്ങിയിട്ടുള്ള പക്ഷം അവരെ നിലവിലുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ;

(ബി) ലൈഫ് മിഷൻ അന്തിമ ഗുണഭോക്തൃ പട്ടികയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ പഞ്ചായത്ത് തല സമിതിയും ലൈഫ് മിഷനും അനർഹരെന്ന് പിന്നീട് കണ്ടെത്തിയിട്ടുള്ള ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനും, അർഹരാണെന്ന് പഞ്ചായത്ത് തല സമിതിയും ലൈഫ് മിഷനും പിന്നീട് കണ്ടെത്തുകയും അവരെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയിട്ടുള്ളതാണെന്നും ബോധ്യമുള്ള കേസുകളിൽ അവരെ നിലവിലുള്ള ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും (ഓൺലൈൻ ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടെ ) നടപടികൾ സ്വീകരിക്കാമോ. ഇതിനായി ലൈഫ് മിഷൻ ഓൺലൈൻ ഗുണഭോക്തൃ പട്ടികയിൽ വ്യതിയാനം വരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാമോ?

## <u>ബിൽഡിംഗ് പെർമിറ്റ് പുതുക്കുന്നതിനുള്ള ഫീസ്</u>

5833 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിൽഡിംഗ് പെർമിറ്റ് കാലവധി കഴിഞ്ഞതും എന്നാൽ ആദ്യ പെർമിറ്റ് തീയതി മുതൽ പത്ത് വർഷം കഴിയാത്തതുമായ ബിൽഡിംഗ് പെർമിറ്റുകൾ പുതുക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇത്തരം പെർമിറ്റുകൾ പുതുക്കുന്നതിന് ഫീസ് നിശ്ചയിക്കുന്നത് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ ഏത് സെക്ഷൻ അനുസരിച്ചാണെന്ന് വ്യക്തമാക്കാമോ;

(സി) ബിൽഡിംഗ് പെർമിറ്റ് പുതുക്കി നൽകുന്നതിനുള്ള ഫീസ് വ്യത്യസ്ത രീതിയിൽ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫീസ് നിലവിലുള്ള ബിൽഡിംഗ് പെർമിറ്റ് ഫീസിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ബിൽഡിംഗ് പെർമിറ്റ് പുതുക്കുന്നതിന് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019-ലെ 15 (3)-ന് പകരമായി 15 (5) അനുസരിച്ച് ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കെട്ടിടനികുതിയിലെ വർദ്ധനവ്

5834 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന ഏതെങ്കിലും നികുതിയിൽ ഇളവ് വരുത്തുകയോ, നിർത്തലാക്കുകയോ, കൂട്ടുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത തീരുമാനങ്ങൾ ഓരോന്നും കൈക്കൊള്ളുന്നതിന് ഇടയായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച് അവലോകനം നടത്തിയിരുന്നോ; വ്യക്തമാക്കുമോ;

(സി) കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട ഫീസ് വർദ്ധനവ് കാരണം ജനങ്ങൾക്ക് വീട് പണിയുന്നതിനും നിലവിലുള്ള വീടുകളിൽ മുറികൾ കൂട്ടിയെടുക്കുന്നതിനും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുമോ; വ്യക്തമാക്കുമോ;

(ഡി) കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് ഫീസ്, അപേക്ഷാഫീസ്, സ്കൂട്ടിനി ഫീസ് എന്നിവ ഏതുരീതിയിലാണ് പരിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കെട്ടിട നികുതിയിൽ വർഷംതോറും അഞ്ചു ശതമാനം വർദ്ധനയ്ക്ക് അനുസരിച്ചാണോ സോഫ്റ്റ്‌വെയർ ക്രമീകരിച്ചിരിക്കുന്നതെന്ന് വിശദീകരിക്കാമോ; ആയത് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത തീരുമാനംമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ വരുന്ന വ്യത്യാസം എന്താണെന്ന് വിശദീകരിക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ കുടിശിക

5835 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ കുടിശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം ഓരോ ക്ഷേമ പെൻഷനും വേണ്ടി നീക്കിവച്ച തുക സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

**<u>മലപ്പുറം മണ്ഡലത്തിലെ ജനകീയ ഹോട്ടലുകൾക്ക് സബ്സിഡി കുടിശിക നൽകാൻ നടപടി</u>**

5836 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ മലപ്പുറം മണ്ഡലത്തിൽ എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെയും എത്രയെണ്ണം അടച്ചുപൂട്ടിയെന്നതിന്റെയും വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഹോട്ടലുകളുടെ പ്രവർത്തനത്തിനായി എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകി വരുന്നതെന്നും മണ്ഡലത്തിലെ ജനകീയ ഹോട്ടലുകൾക്ക് സബ്സിഡി കുടിശികയിനത്തിൽ എന്ത് തുകയാണ് ഇനിയും കൊടുത്തു തീർക്കാനുള്ളതെന്നും ഓരോ ഹോട്ടലിനും നൽകുവാനുള്ള തുക എത്രയെന്നും വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ ?;

(സി) വെള്ളം, വൈദ്യുതി, ഗ്യാസ് എന്നിവയുടെ വില വർദ്ധനവ് മൂലം പ്രസ്തുത ഹോട്ടലുകളുടെ പ്രവർത്തനം പ്രതിസന്ധിയിലായിരിക്കുന്ന സാഹചര്യത്തിൽ സബ്സിഡി കുടിശിക തുക എത്രയും വേഗം വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

**<u>സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി ജംഗ്ഷൻ നവീകരണം</u>**

5837 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നാളിതുവരെ എത്ര ജംഗ്ഷനുകൾ നവീകരിച്ചിട്ടുണ്ട്; അവ ഏതൊക്കെയാണെന്നും ഓരോ സ്ഥലത്തും നടപ്പിലാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഓരോ ഇനത്തിലും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ;

(ബി) ജംഗ്ഷനുകൾ നവീകരിച്ചതിനുശേഷവും ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന എത്ര സ്ഥലങ്ങളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

**<u>ദാരിദ്ര്യ ലഘൂകരണത്തിനുള്ള പദ്ധതികൾ</u>**

5838 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യ ലഘൂകരണത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ.;

(ബി) ദാരിദ്ര്യ ലഘൂകരണത്തിൽ ഭക്ഷണം, വരുമാനം, പാർപ്പിടം, ആരോഗ്യം എന്നിവയിൽ പര്യാപ്തത കൈവരിച്ചവരെ നീക്കം ചെയ്ത് പട്ടിക പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ, വിശദമാക്കുമോ.;

(സി) പ്രസ്തുത പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ, വിശദാംശം വെളിപ്പെടുത്തുമോ.?

## കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണം

5839 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണം സംബന്ധിച്ച പ്രൊപ്പോസലിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും; അറിയിക്കുമോ?

## മലപ്പുറം ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ശുചീകരണ പ്രവൃത്തികൾക്കായി അനുവദിച്ച തുക

5840 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല ശുചീകരണ പ്രവൃത്തികൾക്കും രോഗപ്രതിരോധ സംവിധാനങ്ങൾ ഒരുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എത്ര രൂപയാണ് അനുവദിച്ചതെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട് എന്നതും സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ശുചീകരണ പ്രവൃത്തികളുടെയും രോഗപ്രതിരോധ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെയും നടത്തിപ്പിൽ വന്ന വീഴ്ച കൊണ്ടാണോ മലപ്പുറം ജില്ലയിൽ അടക്കം മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള രോഗങ്ങൾ ക്രമാതീതമായി വർദ്ധിച്ചത്; വിശദമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ശുചീകരണ പ്രവൃത്തികൾക്കായി അനുവദിച്ച തുകയും ഇത് പ്രകാരം നടത്തിയ പ്രവൃത്തികളും വ്യക്തമാക്കുമോ; അനുവദിച്ച തുകയിൽ വിനിയോഗിച്ച തുക എത്രയാണെന്നും വിനിയോഗിക്കാൻ ശേഷിക്കുന്ന തുക എത്രയാണെന്നതും സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ?

## ഡിജിറ്റൽ സാക്ഷരത

5841 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്ന സംസ്ഥാനമാക്കുന്നതിനുള്ള ഉദ്യമത്തിന്റെ ഭാഗമായി എല്ലാ പൗരൻമാർക്കും അടിസ്ഥാന ഡിജിറ്റൽ സാക്ഷരത ലഭ്യമാക്കി പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനായി നടത്തിയ ഡിജിവാരം, ഡിജി സഭകൾ എന്നീ പ്രചാരണ പരിപാടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ഡിജിറ്റൽ സാക്ഷരതയുടെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുന്നതിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്തെല്ലാം പങ്കാണ് വഹിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കുടുംബശ്രീ സി.ഡി.എസ്.-കൾ വഴി സെലിബ്രിറ്റികളെയും സാംസ്കാരിക പ്രവർത്തകരേയും ഉൾപ്പെടുത്തി ജനകീയ കാമ്പയിൻ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## തിരുവനന്തപുരം കോർപ്പറേഷനിലെ ഓൺലൈൻ ടെണ്ടർ വിവരങ്ങൾ

5842 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ടെണ്ടർ വിവരങ്ങൾ കരാറുകാർക്ക് ചോർത്തി നൽകി തിരുവനന്തപുരം കോർപ്പറേഷനിൽ കോടികളുടെ ക്രമക്കേട് നടന്നതായുള്ള വാർത്തകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

## സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത

5843 **ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വിവരശേഖരണത്തിന് ഏതെല്ലാം ഏജൻസികളെയാണ് നിയോഗിച്ചിട്ടുള്ളത്;

ഇവർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകിയിട്ടുള്ളത്; എന്തെല്ലാം വിവരങ്ങളാണ് ഇവർ ശേഖരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഓരോ പഠിതാവിന്റെയും പരിശീലന പുരോഗതി രേഖപ്പെടുത്തുന്നതിനും പരിശീലനത്തിനുതകുന്ന എന്തെല്ലാം സാങ്കേതിക സൗകര്യങ്ങൾ തയ്യാറാക്കാനുമാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇപ്രകാരം പരിശീലനം സിദ്ധിച്ചിട്ടുള്ളവരുടെ മൂല്യനിർണ്ണയ പ്രക്രിയകൾ പരിശോധിക്കുന്നതിനുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്; പരാജയപ്പെടുന്നവർക്ക് തുടർപഠനത്തിന് അവസരമൊരുക്കുമോ; വിശദമാക്കുമോ;

(ഡി) ഡിജിറ്റൽ സാക്ഷരതാ പഠന പ്രക്രിയ വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഗ്രാന്റായി ലഭിക്കുന്ന ഫണ്ട്

5844 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകൾ കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഗ്രാന്റായി ലഭിക്കുന്ന ഫണ്ട് പാഴാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റ് നഷ്ടപ്പെടാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) 2022-2023 സാമ്പത്തിക വർഷത്തിൽ ഗ്രാന്റായി ലഭിച്ചതും ചെലവാക്കിയതും എത്ര രൂപയെന്ന് വ്യക്തമാക്കാമോ;

(സി) ശുചീകരണം, മാലിന്യ പ്രശ്നങ്ങൾ, ശുദ്ധജല വിതരണം തുടങ്ങി പ്രശ്നങ്ങൾ കൂടുതലുള്ള സ്ഥലങ്ങളിൽപോലും പ്രസ്തുത തുക വിനിയോഗിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ?

## തൊഴിലുറപ്പ് പദ്ധതി

5845 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഒരു തൊഴിലാളിയ്ക്ക് നൽകുന്ന വേതനം എത്രയാണെന്നും അതിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ എത്ര തുകയാണ് വർദ്ധിപ്പിച്ചതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ കേന്ദ്ര വിഹിതം എത്രയാണെന്നും 2023-24 സാമ്പത്തിക വർഷത്തെ വിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഇതിൽ സംസ്ഥാന വിഹിതം എത്രയാണെന്നും അവ പൂർണ്ണമായും അനുവദിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ;

(ഡി) തൊഴിലുറപ്പ് പദ്ധതി പ്രകാരം നിലവിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യുന്നതിനാണ് അനുമതിയുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾ കാലോചിതമായി

പരിഷ്കരിക്കുന്നതിനും പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**പന്തളം മുനിസിപ്പാലിറ്റിയിൽ അദാലത്ത് നടത്താൻ നടപടി**

5846 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മുനിസിപ്പാലിറ്റിയിൽ യഥാസമയം കെട്ടിട നികുതി പിരിക്കാതെ ഇപ്പോൾ ഒരുമിച്ച് തുക ഈടാക്കാനുള്ള ശ്രമം ജനങ്ങളിൽ ആശങ്ക ഉണ്ടാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് പന്തളം മുനിസിപ്പാലിറ്റിയിൽ ഒരു അദാലത്ത് നടത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സർക്കാർ നിശ്ചയിച്ചിട്ടുള്ള കെട്ടിട നികുതി യഥാസമയം പിരിച്ചെടുക്കാത്ത മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുണ്ടോ; എങ്കിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്തവിധം കെട്ടിട നികുതി പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഉല്പന്നം പദ്ധതി**

5847 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഒരു തദ്ദേശ സ്വയംഭരണസ്ഥാപനം ഒരു ഉല്പന്നം പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ;

(ബി) ഓരോ പഞ്ചായത്തും ഏത് ഉല്പന്നമാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്നും അവയിൽ നിന്ന് എന്തെല്ലാം മൂല്യവർദ്ധിത ഉല്പന്നങ്ങളാണ് ഉല്പാദിപ്പിക്കുന്നതെന്നും വ്യക്തമാക്കുമോ?

**തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവർത്തനം**

5848 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ജനുവരി 1 മുതൽ 2025 മാർച്ച് 31 വരെ ഗ്രാമപഞ്ചായത്ത് വകുപ്പിൽ വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം, തസ്തിക, ജില്ല എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ വിഭാഗങ്ങളുടേയും അവ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെ ബന്ധപ്പെടാവുന്നതുമായ ടെലിഫോൺ നമ്പർ അടക്കമുള്ള ഒരു ഡയറക്ടറി നിലവിലുണ്ടോ; എങ്കിൽ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അത്തരത്തിൽ ഡയറക്ടറി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ വകുപ്പിൽ നടക്കുന്ന ഒഴിവുകൾ/ സ്ഥാനകയറ്റങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അതാത് സമയങ്ങളിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ടോ; വ്യക്തമാക്കാമോ?

## സ്വരാജ് ഭവന്റെ പ്രവർത്തനം

5849 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വരാജ് ഭവനിൽ പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസ്, റൂറൽ ഡയറക്ടറുടെ ഓഫീസ്, അർബൻ ഡയറക്ടറുടെ ഓഫീസ് എന്നിവിടങ്ങളിൽ എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ; അവരുടെ തസ്തിക തിരിച്ചുള്ള വിശദവിവരങ്ങൾ നൽകാമോ;

(ബി) തദ്ദേശ സ്വയംഭരണ (ഇ.ആർ.എ.)വകുപ്പിന്റെ 16/03/2024 സ.ഉ.( കൈ) നം. 46/2024/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവു പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ 2024 ലെ ഓൺലൈൻ ജനറൽ ട്രാൻസ്ഫർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ഇതിനു മുന്നോടിയായി എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടറുടെ 21/02/2024, 02/05/2024 എന്നീ തീയതികളിൽ എൽ.എസ്.ജി.ഡി./പി.ഡി./6478/2024 ഡി.ഇ.ഡി1 സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ മുഴുവൻ ജീവനക്കാരുടെയും ഇൻക്യുബൻസി വിവരങ്ങൾ എൽ.എസ്.ജി.ഡി. ഓൺലൈൻ ട്രാൻസ്ഫർ മോഡ്യൂളിൽ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ ജീവനക്കാർ നൽകുന്ന അപേക്ഷകളും, ട്രാൻസ്ഫർ അപേക്ഷകളും, ജീവനക്കാരുടെ പ്രശ്നങ്ങളും, ബുദ്ധിമുട്ടുകളും പ്രോപ്പർ ചാനലിലും രജിസ്റ്റേഡ് പോസ്റ്റ് വഴിയും അയക്കുന്ന അപേക്ഷകൾ കാണാതാകുന്നതു സംബന്ധിച്ച വിഷയം പരിശോധിക്കുമോ; ആയത് ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; ട്രാൻസ്ഫർ അപേക്ഷകൾ പരിശോധിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;മാനദണ്ഡം ലംഘിച്ച് 2023-24 ൽ എത്രപേർക്ക് ട്രാൻസ്ഫർ നൽകി എന്ന് വ്യക്തമാക്കാമോ?

## ഹാപ്പിനസ് സെന്റർ

5850 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ആരംഭിക്കുന്ന ഹാപ്പിനസ് സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; ഇവ എന്ന് മുതലാണ് ആരംഭിക്കുന്നതെന്ന് അറിയിക്കാമോ?

## ചിറക്കോട് പാലം പ്രവൃത്തി

5851 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ 2024-25 ബജറ്റിൽ ഉൾപ്പെടുത്തിയ കുന്നത്തൂർ ഗ്രാമ പഞ്ചായത്തിലെ ചിറക്കോട് പാലം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ,

പ്രവൃത്തിഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>കുടുംബശ്രീ അയൽക്കൂട്ടത്തിലെ കാർഷിക വായ്പാ ക്രമക്കേട്</u>**

5852 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പറപ്പൂക്കര പഞ്ചായത്ത് എട്ടാം വാർഡിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ 12 ജെ. എൽ. ജി. ഗ്രൂപ്പുകളിൽ നിന്നും സംഘങ്ങൾക്ക് സംഘ കൃഷി, കാർഷിക വായ്പയായി ലഭിച്ച തുകയുടെ ക്രമക്കേട് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുക കൈവശപ്പെടുത്തുകയും ബാങ്ക് ലോൺ തിരിച്ചടയ്ക്കാതെ അംഗങ്ങൾക്ക് റവന്യൂ റിക്കവറി നോട്ടീസ് ലഭിക്കാനിടയാക്കിയ വ്യക്തിക്കെതിരെ അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിരപരാധികളായ ജെ. എൽ. ജി. അംഗങ്ങൾക്കെതിരെയുള്ള ബാങ്ക് ജപ്തി നടപടികൾ നിർത്തി വയ്ക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുമോ;

(ഡി) ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കുന്നതിനാവശ്യമായ കൃത്യമായ പരിശോധനാ നടപടികൾ സ്വീകരിക്കുന്നതിന് സംവിധാനം ഒരുക്കുമോ; വ്യക്തമാക്കുമോ?

**<u>ആലപ്പുഴ മണ്ഡലത്തിലെ ബഡ്സ് സ്കൂളുകൾ</u>**

5853 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ എത്ര ബഡ്സ് സ്കൂളുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഇവിടെ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി ബഡ്സ് സ്കൂൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**<u>മാവേലിക്കര മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികളുടെ വിശദാംശം</u>**

5854 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 മുതൽ നാളിതുവരെ ഭരണാനുമതി ലഭിച്ച മാവേലിക്കര മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും; പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും വിശദമാക്കുമോ;

(സി) കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളിൽ പുനരുദ്ധാരണ പ്രവൃത്തി

നടത്തേണ്ടതായ റോഡുകൾ ഉണ്ടെങ്കിൽ, ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി.

5855 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീട് നിർമ്മാണം, വാണിജ്യ കെട്ടിട നിർമ്മാണം തുടങ്ങിയവയ്ക്കുള്ള പെർമിറ്റ് ലഭിക്കുന്നതിനും, പെർമിറ്റ് ലഭിച്ച കെട്ടിടങ്ങൾക്ക് ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള നടപടികൾ ലഘൂകരിക്കുന്നതിനും ആയത് സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) പൊതുജനങ്ങളുടെ പ്രയാസങ്ങൾ പരിഗണിച്ച് പ്രസ്തുത ആവശ്യങ്ങൾക്കും മറ്റുമുള്ള ഫീസ്, യൂസർഫീ, നികുതികൾ എന്നിവയിൽ കുറവ് വരുത്തുന്ന കാര്യം പരിശോധിക്കുമോയെന്ന് വിശദമാക്കുമോ?

## നബാർഡിന്റെ ധനസഹായത്തിനായി സമർപ്പിച്ച പദ്ധതികൾ

5856 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ നബാർഡിന്റെ ധനസഹായത്തിനായി തദ്ദേശസ്വയംഭരണവകുപ്പ് സമർപ്പിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ നബാർഡിന്റെ അംഗീകാരം ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) കാലാവസ്ഥാ വ്യതിയാനത്താലുള്ള വേലിയേറ്റത്താലും കടലാക്രമണത്താലും ബുദ്ധിമുട്ടും നിലനിൽപ്പ് ഭീഷണിയും നേരിടുന്ന ദ്വീപ് മണ്ഡലമായ വൈപ്പിൻ കരയിലെ പഞ്ചായത്തുകളിലെ ഇടിഞ്ഞുകിടക്കുന്ന പുഴകളുടേയും തോടുകളുടേയും പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രൊപ്പോസലിന് നബാർഡ് ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കെ സ്മാർട്ട് ആപ്ലിക്കേഷൻ

5857 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ്, കെ സ്മാർട്ട് എന്ന ആപ്ലിക്കേഷൻ നടപ്പാക്കിയത് എന്നു മുതലാണെന്നും ഇതിൽ ഏതെല്ലാം സേവനങ്ങളാണ് ഇതു വരെ നൽകിയിട്ടുള്ളതെന്നും അറിയിക്കുമോ; നഗരസഭകളിൽ മാത്രമാണോ പ്രസ്തുത ആപ്ലിക്കേഷൻ നടപ്പാക്കിയിട്ടുള്ളത്; പഞ്ചായത്തുകളിൽ പ്രസ്തുത ആപ്ലിക്കേഷൻ ഏപ്രിൽ മുതൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) കെ സ്മാർട്ടിന്റെ വെബ് ആപ്ലിക്കേഷനിൽ ലഭിക്കുന്ന സേവനങ്ങൾ മൊബൈൽ ആപ്ലിക്കേഷനിൽ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(സി) ആധാർ അല്ലാതെ മറ്റൊരു രേഖയും ഈ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യാൻ അനുവദിക്കാത്തത് എന്തു കൊണ്ടാണെന്നും ആധാർ രേഖ വാങ്ങുമ്പോൾ അതിന്റെ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആപ്ലിക്കേഷനിലെ സേവനങ്ങൾ സംബന്ധിച്ച് ഉപയോക്താവിന് ഉണ്ടാകുന്ന സംശയങ്ങൾ തീർക്കാൻ ഹെൽപ്പ് ലൈൻ നമ്പറോ ഹെൽപ്പ് ഗൈഡോ ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത ആപ്ലിക്കേഷനിലൂടെ കെട്ടിട നിർമ്മാണ പെർമിറ്റുകളുടെ എല്ലാ അപേക്ഷകളും സ്വീകരിച്ചുവരുന്നുണ്ടോ; ഇവ അപ്‌ലോഡ് ചെയ്യുമ്പോൾ വരുന്ന സാങ്കേതികപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) പ്രസ്തുത ആപ്ലിക്കേഷൻ വികസിപ്പിക്കാൻ എത്ര രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളതെന്നും എവിടെ നിന്നാണ് ഈ തുക കണ്ടെത്തിയതെന്നും അറിയിക്കുമോ;

(ജി) പ്രസ്തുത ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് പുറത്തുനിന്ന് നിയമിച്ച ജീവനക്കാരുടെ എണ്ണം, എത്ര ദിവസത്തേയ്ക്കാണ് നിയമിച്ചത്, ഇവർക്ക് ശമ്പളം ഇനത്തിലും ഓഫീസ് ചെലവിനത്തിലും പ്രതിമാസം ചെലവഴിക്കുന്ന തുക എന്നിവ വിശദമാക്കുമോ?

## <u>തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ക്രിമിറ്റോറിയവും എഫ്.എസ്.റ്റി.പി. യും സ്ഥാപിക്കുന്ന പ്രവൃത്തി</u>

5858 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ക്രിമിറ്റോറിയവും എഫ്.എസ്.റ്റി.പി.യും സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് നൽകിയിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ അവയുടെ പകർപ്പും ലഭ്യമാക്കുമോ?

## <u>കെട്ടിട നമ്പർ നൽകാൻ നടപടി</u>

5859 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പല സ്ഥലങ്ങളിലും നിർമ്മിച്ച കെട്ടിടങ്ങൾക്ക് സാങ്കേതിക കാരണങ്ങൾ പറഞ്ഞ് കെട്ടിട നമ്പർ നൽകാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കെട്ടിടങ്ങൾക്ക് നമ്പർ ലഭിക്കുന്നതിനും അത് റഗുലറൈസ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സ്ത്രീ സൗഹൃദ പൊതുശൗചാലയങ്ങൾ

5860 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുസ്ഥലങ്ങളിൽ സ്ത്രീ സൗഹൃദ പൊതുശൗചാലയങ്ങൾ ഇനിയും ഏർപ്പെടുത്താത്ത എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടെന്നും ഇവയുടെ ജില്ല തിരിച്ചുള്ള കണക്കും വ്യക്തമാക്കാമോ;

(ബി) ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കാത്ത എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ?

## ആലപ്പുഴ ജില്ലയിലെ ജനകീയ ഹോട്ടലുകൾ

5861 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എത്ര ജനകീയ ഹോട്ടലുകളാണ് പ്രവർത്തിക്കുന്നതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ എം. എൽ. എ. ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ

5862 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മുതൽ കായംകുളം മണ്ഡലത്തിൽ എം. എൽ. എ. യുടെ മണ്ഡല ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവ വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## അപമാനിക്കുകയും ജാതി പേര് വിളിച്ച് ആക്ഷേപിക്കുകയും ചെയ്തുവെന്ന പരാതി

5863 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി സമുദായത്തിൽപെട്ട വിദ്യാർത്ഥിനിക്ക് അനുവദിച്ച ലാപ്ടോപ്പ് വാങ്ങാൻ ചെന്നപ്പോൾ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അപമാനിക്കുകയും ജാതി പേര് വിളിച്ച് ആക്ഷേപിക്കുകയും ചെയ്തുവെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിലെ വിശദാംശങ്ങളും ഇതിൽ ഉന്നതതല അന്വേഷണം നടത്തുമോയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥിനിക്ക് ലാപ്ടോപ്പ് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ ഹരിതകർമ്മസേന

5864 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ എത്ര ഹരിത കർമ്മസേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ

വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിച്ച അജൈവ മാലിന്യങ്ങളുടെ കണക്കും അതുവഴി എത്ര തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരവും വർഷം തിരിച്ച് ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ?

## ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

5865 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികൾ വഴി ഇതിലേയ്ക്ക് എത്ര തുക 2023-24-ൽ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര തുക വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ അലംഭാവം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ പല പഞ്ചായത്തുകളുടെയും വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ പാരീസ് റോഡ് പുനരുദ്ധാരണം

5866 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ പാരീസ് റോഡ് നിലവിൽ അതീവ ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൻപ്രകാരം എന്തെല്ലാം പ്രവൃത്തികൾ നാളിതുവരെ നിർവ്വഹിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പുനരുദ്ധാരണ പ്രവൃത്തിയുടെ കരാർ കാലാവധി പുതുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 14-05-2024 ന് തിരുവനന്തപുരത്ത് ആർ.കെ.ഐ.എൽ.എസ്.ജി.ഡി. യുടെ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽവച്ച് ഹിയറിംഗ് നടത്തിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റോഡ് പുനരുദ്ധാരണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

**<u>നന്നമ്പ്ര പഞ്ചായത്ത് ഇരുകുളം ഭൂമി</u>**

5867 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട കൊടിഞ്ഞി ഇരുകുളം (ഏര്കുളം) ഭൂമി ഏത് ഇനത്തിൽ ഉൾപ്പെട്ട ഭൂമിയാണ്; ആസ്തി രജിസ്റ്ററിന്റെ പകർപ്പ് സഹിതം വിവരം ലഭ്യമാക്കുമോ;

(ബി) നവകേരള സദസ്സിൽ സമർപ്പിച്ച നിവേദന പ്രകാരം ഈ ഭൂമി നികത്തി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർ നന്നമ്പ്ര പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തുകളുടെയും 02-02-2024-ൽ 400905/ബി.എ.ഡി.സി.01/ ജനറൽ/2023/8113 (2) നമ്പർ പ്രകാരം നന്നമ്പ്ര പഞ്ചായത്ത് സെക്രട്ടറി ജില്ലാ കളക്ടർക്ക് നൽകിയ കത്തിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ; നന്നമ്പ്ര പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയത് പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരമാണോ; അല്ലെങ്കിൽ അപ്രകാരം കത്ത് നൽകാൻ പഞ്ചായത്ത് സെക്രട്ടറിക്ക് അധികാരമുണ്ടോ; വിശദമാക്കുമോ;

(സി) പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട പ്രസ്തുത ഭൂമിയും കൊടിഞ്ഞി ജി.എം.യു.പി. സ്കൂളും തമ്മിൽ എത്ര ദൂരമുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഈ ഭൂമി തരം മാറ്റുന്നതിനു അപേക്ഷ നൽകാൻ താനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും, ജി.എം.യു.പി.സ്കൂൾ ഹെഡ്മാസ്റ്റർക്കും മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ നിയമങ്ങളും, ചട്ടങ്ങളും മറികടന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട ഭൂമി തരം മാറ്റുന്നതിന് അപേക്ഷ നൽകുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന്റെ ഏത് വകുപ്പിൽപ്പെട്ട ഉദ്യോഗസ്ഥർക്കും അധികാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പ്രസ്തുത ഭൂമി സംബന്ധിച്ച് 12/10/99-ലെ ഓ.പി. നമ്പർ- 82/3/98 പ്രകാരമുള്ള ഹൈക്കോടതി ഉത്തരവിന്റെയും 16/12/99-ലെ 22982/സി1/എൽ.എസ്.ജി.ഡി. നമ്പർ കത്തിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത ഭൂമി നന്നമ്പ്ര പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ഭൂമിയല്ലെന്നോ വിദ്യാഭ്യാസ വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ട ഭൂമിയാണെന്നോ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ മലപ്പുറം ഡി.ഡി.ഇ. യെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>കുരാച്ചുണ്ട് സബ്ട്രഷറി നിർമ്മാണത്തിനുള്ള ഭൂമി കൈമാറ്റം</u>**

5868 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൂരാച്ചുണ്ട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ ഭൂമി ധന വകുപ്പിന് വിട്ടുനൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## മുക്കം ഗവണ്മെന്റ് പോളിടെക്നിക്കിന് സ്ഥലം വാങ്ങാൻ അനുമതി

5869 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ അനുവദിച്ച മുക്കം ഗവണ്മെന്റ് പോളിടെക്നിക്കിന് സ്ഥലം വാങ്ങുന്നതിനായി തുക വിനിയോഗിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് മുക്കം നഗരസഭയുടെ അപേക്ഷ വകുപ്പിന് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
29-06-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].